# കാർമ്മെൽ

ജൂലൈ 1961 ത്രൈമാസികം



# കാർമ്മൽ

വഷം 14 പു. 14 | ജൂലൈ 1961 | ലക്കം 3


# പരിശുദ്ധ പിതാവിൻെറ ഒരുജ്ജ്വല പ്രഭാഷണം

## കർമ്മെലീത്തരോട് *

പ്രിയ മക്കളെ,

ഈ സന്ദർശനം നിങ്ങളുടെ സഭയുടെനേരെയുള്ള നമ്മുടെ പ്രത്യേക ആദരവിൻെറ ഒരു പ്രകടനമായി നാം പരിഗണിക്കുന്നെന്ന് നിങ്ങളെ ആദ്യമേ തന്നെ അറിയിക്കുന്നതിന് നാമാഗ്രഹിക്കുന്നു. ഇതു നടക്കുന്നതു്, ആവിലായിലെ വി. ത്രേസ്യായും കുരിശിൻെറ വി. യോഹന്നാനും മുന്നോടികളായും ഉപാദ്ധ്യായരായും സമാരംഭിച്ച ആ ആദ്ധ്യാത്മിക മുന്നേററത്തിൻെറ—ധ്യാനാത്മകജീവിതാദർശത്തിനും തീക്ഷ്ണതയ്ക്കും ഒരു നവോത്ഥാനം നൽകിയ ആ മഹാസംഭവത്തിൻെറ—4-ാം ശതാബ്ദം ആഘോഷിക്കുവാൻപോകുന്ന അവസരത്തിലാണല്ലോ.

അതിനും പുറമെ, ധന്യമായ ഈ കൂടിക്കാഴ്ചയുടെ സ്വർഗ്ഗീയഭൂഷണങ്ങളെന്നപോലെ, ഈ അടുത്ത കാലങ്ങളിൽ കർമ്മെലസഭയുടെ ശുഭ്രമേലങ്കിയേയും, കർദ്ദിനാൾ തിരു സംഘത്തേയും സമാലങ്കരിച്ച മൂന്നു മഹോന്നത വൈദിക മേലദ്ധ്യക്ഷന്മാരേക്കൂടി ഇവിടെ അനുസ്മരിക്കുന്നതിന് നാമാഗ്രഹിക്കുന്നു. ഈ വ്യക്തികൾ ഉത്തേജനപരമായ സുഭഗസ്മരണയ്ക്കർഹരായ കർദ്ദിനാളന്മാർ ഗോത്തി ജിറോലമോ മരിയാ, റോസ്സി കാർലോ റഫയേലോ, പിയാദ്സാ അദെയോദാത്തോ ജിയോവാന്നി എന്നിവരാണ്. അതുപോലെ തന്നെ നമുക്ക് ഭക്തിപ്രചോദകമായ മറെറാരോർമ്മയുമുണ്ടു്. അതു്, വി. വലിയ ത്രേസ്യാ, വി. കൊച്ചുത്രേസ്യാ എന്നിവരുടെ നാമങ്ങൾകൊണ്ടു് പ്രകീർത്തിതങ്ങളായ ആൽബാ ദെ തോർമ്മെസ്സ്, ആവില, ലിസിയൂ എന്നീ കേന്ദ്രങ്ങളിലും, കർമ്മെലസഭയിൽനിന്നു പേരും അരൂപിയും സ്വീകരിച്ചിട്ടുള്ള മററനേകം ഏകാന്ത വിശുദ്ധസ്ഥലങ്ങളിലും നാം നേരിട്ടു നടത്തിയിട്ടുള്ള സന്ദർശനങ്ങളത്രേ.

ഇതോടുകൂടി നിങ്ങളുടെ ഉൽപ്പത്തിയുടെ ചരിത്രവസ്തുതയിലേയ്ക്കു നാം കടക്കുകയാണിപ്പോൾ.

1562-ാമാണ്ടു് ആഗസ്ററുമാസം 24-ാംതിയതി വി. യൗസേപ്പിൻെറ മഠം ആവിലായിൽ സ്ഥാപിതമായി. വളരെ പ്രതിബന്ധങ്ങളെ നേരിട്ടശേഷം നടത്തപ്പെട്ട ഈ സ്ഥാപനത്തെപ്പററി ഭയരഹിതയായ നവീകരണകർത്രിതന്നെ തൻെറ സ്വയംകൃതജീവചരിത്രത്തിൻെറ 32 മുതൽ 36 വരെയുള്ള സുപ്രസിദ്ധങ്ങളായ അദ്ധ്യായങ്ങളിൽ ധീരമായ ആത്മാർത്ഥതയോടുകൂടി പ്രതിപാദിക്കുന്നുണ്ടു്. 'മഠസ്ഥാപനങ്ങളുടെ' ഗ്രന്ഥത്തിൽ പതിമൂന്നും പതിന്നാലും അദ്ധ്യായങ്ങളിൽ വി. ത്രേസ്യാ വിവരിക്കുന്നതുപോലെ സന്ന്യാസികളുടെ പ്രഥമ ആശ്രമം ദുരുഃവലോയിൽ സ്ഥാപിക്കപ്പെട്ടതു് 1568-ൽ മാത്രമാണ് എന്നതു ശരിതന്നെ. എങ്കിലും, വിശുദ്ധ സ്ഥാപിച്ച ആദ്യ സന്ന്യാസഭവനത്തെക്കുറിച്ചു

> **കവർ ചിത്രം**
>
> പ. പിതാവു് 23-ാം ജോൺ മാർപ്പാപ്പാ പൊതു സമ്മേളനാംഗങ്ങളോടുകൂടി സന്ദർശനത്തിനു ചെന്ന പെ. ബ. ജനറാളച്ചനെ സ്വീകരിക്കുന്നു.

* 1961 ഏപ്രിൽ 29-ാം തിയതി പ. പിതാവു് 23-ാം ജോൺ മാർപ്പാപ്പാ റോമായിൽ തെരഞ്ഞെടുപ്പു പൊതുയോഗത്തിനു സമ്മേളിച്ച കർമ്മെലീത്തരോടു നടത്തിയതു്.

പ്രതിപാദിക്കുമ്പോൾ, സഭ മുഴുവന്റെയും ആദ്യ ബീജത്തെക്കുറിച്ചു് ഒരാൾ സ്വാഭാവികമായി വിചാരിച്ചുപോകുന്നു. ഇതായിരുന്നല്ലോ പിന്നീടു്, മുളച്ചു തഴച്ചു വളരാനിരുന്നതു്. അതുകൊണ്ടു് നിങ്ങൾ ഇപ്പോൾ നടത്തിക്കഴിഞ്ഞിരിക്കുന്ന തെരഞ്ഞെടുപ്പുപൊതുസമ്മേളനത്തിനു് ഒരു തയ്യാറെടുപ്പിന്റെ മുദ്ര പതിഞ്ഞിട്ടുള്ളതിനാൽ അതിനെ സകാരണം കർമ്മലസഭാ നവീകരണത്തിന്റെ നാലാം ശതാബ്ദ പൊതുസമ്മേളനം എന്നു് വിളിക്കാവുന്നതാണു്.

ഈ ശുഭമുഹൂർത്തം ചില കാര്യങ്ങൾ നമ്മുടെ ചിന്താവിഷയമാക്കുന്നതിനു ഒരവസരം നൽകുന്നു. ദൈവത്തോടുള്ള കൃതജ്ഞത, പ്രാർത്ഥനാചൈതന്യം, തീക്ഷ്ണതരമായ മിഷ്യൻ പ്രവർത്തനം ഇവയാകുന്നു പ്രതിപാദ്യം.

## കൃതജ്ഞത

1. സർവ്വോപരി, ദൈവത്തോടു് കൃതജ്ഞത പ്രകടിപ്പിക്കുന്നതിനുള്ള ഒരു ക്ഷണമാകുന്നു കർമ്മലസഭാ നവീകരണത്തിന്റെ ചതുർശതാബ്ദപൂർത്തി. എത്ര കരുണയോടുകൂടി, എന്തെല്ലാം അനുഗ്രഹകുസുമങ്ങളാണു് ദൈവം നാളിതുവരെ നിങ്ങൾ നടന്നിരുന്ന മാർഗ്ഗത്തിൽ വാരിവിതറിയിരിക്കുന്നതു! "ഞങ്ങൾക്കല്ല, കർത്താവെ, ഞങ്ങൾക്കല്ല, പിന്നെയോ, നിന്റെ നാമത്തിനു മഹത്വം' (സങ്കീ.113,1). നിങ്ങളുടെ ഹൃദയാഗാധത്തിൽനിന്നാണീകൃതജ്ഞതാസ്തോത്രം നിർഗ്ഗമിക്കുന്നതു്. അതു് തീർച്ചയായും, ഭൂതകാലനേട്ടങ്ങളിൽ സംതൃപ്തിയടയുന്നതിനല്ല, മറിച്ചു്, ദൈവമഹത്വത്തിന്റെ വിശ്വസ്ത ഉപകരണങ്ങളായി ജോലി തുടരുന്നതിനുവേണ്ടിയാണു്.

ഈ കൃതജ്ഞതയെ പ്രചോദിപ്പിക്കുന്നതിനു പോരുന്ന പ്രേരകകാരണങ്ങൾ ഒട്ടും കുറവല്ല. സഭയുടെ ആരംഭത്തിലുണ്ടായ വിഷമതകളുടെയും കഷ്ടപ്പാടുകളുടെയും മദ്ധ്യത്തിൽപോലും ലഭിച്ച ദൃശ്യമായ സ്വർഗ്ഗീയ സംരക്ഷണം, ലോകവസ്തുക്കളിൽ നിന്നുള്ള അകൽച്ചയിലും ആത്മപരിത്യാഗത്തിലും അധിഷ്ഠിതവും സഭയിലെ അസംഖ്യ വിശുദ്ധരിലും വാഴ്ത്തപ്പെട്ടവരിലും പ്രശോഭിക്കുന്നതുമായ ഒരടിയുറച്ച വിശുദ്ധിയുടെ സജീവ വികസനം, വിജ്ഞാനരംഗത്തു്, വിശിഷ്യാ, വേദശാസ്ത്രത്തിലും മൌതിക ദൈവശാസ്ത്രത്തിലും സുപ്രസിദ്ധിയാർജ്ജിച്ച സന്യാസികളുടെ ഗണം: നോക്കുക, ഇവയെല്ലാമാകുന്നു കർത്താവിനു നന്ദി പറയുന്നതിനും, ഉദാരമായി സ്നേഹത്തിനു പകരം സ്നേഹം നൽകുന്നതിനുമുള്ള നിരന്തരപ്രചോദനം!

ദൈവത്തിനു നന്ദി പറയുക, വി. ത്രേസ്യായുടെ ചൈതന്യത്തിൽ നിലനിൽക്കുന്നതിനുള്ള ഒരു മാർഗ്ഗം കൂടിയാകുന്നു. അവളുടെ ഹൃദയാന്തർഭാഗത്തെ വികാരത്തുടിപ്പുകളുടെ ആവർത്തിച്ചാവർത്തിച്ചുള്ള മാറെറാലിപോലെ, അവൾ നിരന്തരം ഉരുവിട്ടിരുന്ന ആ വാക്കുകൾ നാം സന്തോഷസമേതം പ്രകൃതത്തിൽ അനുസ്മരിക്കുകയാണു്: കർത്താവു് എപ്പോഴും സ്തുതിക്കപ്പെടട്ടെ; മഹത്വപ്പെടട്ടെ; അവിടുന്നെപ്പോഴും സ്തുതിക്കപ്പെടട്ടെ; വാഴ്ത്തപ്പെടട്ടെ .... സദാനേരവും വാഴ്ത്തപ്പെട്ടവനാകട്ടെ'

## പ്രാർത്ഥനാചൈതന്യം

2. നിങ്ങളുടെ സഭയുടെ ഉല്പത്തി അനുസ്മരിച്ചുകൊണ്ടുള്ള ആഘോഷങ്ങൾ, പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ചൈതന്യത്തോടു് വിശ്വസ്തരായിരിക്കാമെന്നു് നിങ്ങൾ നവീകരിച്ചിട്ടുള്ള പ്രതിജ്ഞയെ ദൃഢതരമാക്കുകയാണു് ചെയ്യുന്നതു്. പ്രാർത്ഥനയും ധ്യാനവുമാണെന്നു പറയാം കർമ്മലീത്താസഭയുടെ പുണ്യപൂർണ്ണതാദർശത്തിന്റെ സാരാംശംതന്നെ. സർവ്വപ്രധാനവും വച്ചുമാറാൻ പാടില്ലാത്തതുമായ ഒരു കടമയെന്നപോലെ, ഇതേപ്പററി സഭയുടെ നിയമസംഹിത വ്യക്തമായി പ്രതിപാദിക്കുന്നതു്: പ്രമുഖ ലക്ഷ്യം, ദൈവകാര്യങ്ങളെക്കുറിച്ചുള്ള അനുചിന്തനവും സ്നേഹവും എന്നാണല്ലോ. എന്നത്തേപ്പോലെതന്നെ ഇന്നും, ആത്മാക്കളെ കർമ്മലസഭയിലേയ്ക്കു് ശക്തിമത്തായി ആകർഷിച്ചുകൊണ്ടിരിക്കുന്നതു് ഈ സ്നേഹാത്മകമായ ദൈവാഭിമുഖ ധ്യാനത്തിന്റെ (loving contemplation) ചൈതന്യമല്ലാതെ മറെറാന്നുമല്ല. ഇതുതന്നെയാണു് മറെറല്ലാ പ്രവർത്തനങ്ങളിലും ഊറിയിറങ്ങി അവയെ സൗരഭ്യവാഹികളാക്കുന്നതു്; ഇതു് പ്രായശ്ചിത്തത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പരിണതഫലവും പ്രതിസമ്മാനവുംകൂടിയാകുന്നു.

ദൈവകാര്യങ്ങളെക്കുറിച്ചുള്ള അനുചിന്തനവും സ്നേഹവും; എത്ര ശ്രവണസുന്ദരങ്ങളായ വാക്കുകൾ, വത്സലമക്കളെ, അവ വി. ത്രേസ്യായുടെ പ്രബോധനത്തോടു് എത്ര നന്നായി പൊരുത്തപ്പെടുന്നു. അവളുടെ അഭിപ്രായത്തിൽ ധ്യാനത്തിൽ നിന്നു് ആത്മാവിനു ലഭിക്കുന്ന ഗുണം അടങ്ങിയിരിക്കുന്നതു് അധികം

ചിന്തിക്കുന്നതിലല്ല, പിന്നെയോ, അധികം സ്നേഹിക്കുന്നതിലത്രേ. (മഠസ്ഥാപനങ്ങൾ, അ. 5/2.)

അനുചിന്തിക്കുക, സ്നേഹിക്കുക. എന്തിനു വേണ്ടി? ദൈവത്തിന്റെ തിരുമനസ്സ് അന്വേഷിച്ചറിഞ്ഞ് അങ്ങിലാണ്ടുപോകുന്നതിനുവേണ്ടി. ഊട്ടശ ധ്യാനം ആ മഹാസ്ഥാപകയുടെ അഭിപ്രായപ്രകാരം കർത്താവു കടന്നുവരുന്ന കവാടമാകുന്നു. അവിടുന്ന് ഒരാത്മാവിൽ പ്രവേശിച്ച് അവിടെ ആനന്ദംകൊള്ളുന്നതിനും, അതിനെ തന്റെ അനുഗ്രഹങ്ങൾകൊണ്ടു നിറയ്ക്കുന്നതിനും തിരുമനസ്സാകുന്നെങ്കിൽ, ഇതല്ലാതെ മററമാർഗ്ഗമില്ല: അതായതു, ആത്മാവപ്പോൾ ഏകയും നിർമ്മലയും അവിടുത്തെ സ്വീകരിക്കുന്നതിന് ആഗ്രഹമുള്ളവളുമായിരിക്കണം (സ്വയംകൃതജീവചരിതം, അ. 8/9). തന്റെ അനുസ്മരണകളും ദിനക്കുറിപ്പുകളും ചരിത്രപ്രതിപാദനങ്ങളും ധ്യാനത്തെ പുരസ്കരിച്ചുള്ള പ്രബന്ധങ്ങളായി രൂപാന്തരപ്പെടത്തക്ക വിധത്തിൽ വിശുദ്ധയ്ക്കു ഈ സത്യത്തേക്കുറിച്ച് അത്ര ദൃഢബോദ്ധ്യതയുണ്ടായിരുന്നു. അതുപോലെതന്നെ, അവളിൽ രൂഢമൂലമായിരുന്നു, ദൈവസാന്നിദ്ധ്യത്തേപ്പററിയുള്ള ചിന്തയും ആത്മാവിൽ വസിക്കുന്ന മാധുര്യവാനായ ദിവ്യഅതിഥിയോടുള്ള സ്നേഹസംസർഗ്ഗശീലവും.

യഥാർത്ഥത്തിൽ കർത്താവിന്റെ തിരുമനസ്സും അവിടുത്തെ മഹത്വവും അന്വേഷിക്കുന്ന ഒരുവന്, തീർച്ചയായും ആത്മവീര്യവും സ്ഥിരതയും അത്യന്താപേക്ഷിതമാണ്; എന്തെന്നാൽ എല്ലാ ഭൗമിക തടസ്സങ്ങളിൽനിന്നും വേർപെടാതെ ദൈവത്തെ കണ്ടെത്തുക സാദ്ധ്യമല്ല- തികച്ചും നിർമ്മലമായ ഒരു ജീവിതം നയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളിൽപോലും ചിലപ്പോൾ നുഴഞ്ഞുകയറുന്നതായി കാണപ്പെടുന്ന, അലക്ഷ്യവ്യാപാരങ്ങളോടും ലോകായതികത്വത്തിന്റെ ഏതോ ഒരുരുചിയോടുമുള്ള എല്ലാ അനുരഞ്ജനസന്ധികളും പാടെ ത്യജിക്കണം. കഴിഞ്ഞ റോമൻ സൂനഹദോസ് നടന്നുകൊണ്ടിരുന്നപ്പോൾ നാം റോമായിലെ വൈദികരോട് പ്രസ്താവിച്ചതുപോലെ മിശിഹായുടെ നേരെയുള്ള ഒരു മഹത്തായ സ്നേഹം വിശേഷവിധം ആവശ്യമുണ്ട്: "ആ സ്നേഹം, ഉജ്ജ്വലവും ഭക്തപരവും തുടിക്കുന്നതും പ്രാർത്ഥനയേയും വൈദിക ഭക്തകൃത്യങ്ങളേയും അതിമാത്രം ആകർഷണീയമാക്കുന്ന നിഗ്ദ്ധസൌഹൃദത്തിന്റെ എല്ലാ വികാരങ്ങളേയും പ്രകടിപ്പിക്കുന്നതുമായിരിക്കണം, പ്രാർത്ഥന കൊണ്ട് നാം ഉദ്ദേശിക്കുന്നത്, സാർവ്വത്രിക സഭയുടെ ഔദ്യോഗിക പ്രാർത്ഥന മാത്രമല്ല; പിന്നെയോ, നന്നായി തെരഞ്ഞെടുത്ത് ചൊല്ലുന്ന വിവിധ സ്വകാര്യ പ്രാർത്ഥനകളെയും കൂടിയാകുന്നു. ഹൃദയപൂർവ്വം ചൊല്ലിയാൽ, ഇവയും അത്രപിക്ക് ആനന്ദപ്രദായകവും രുചികരമായ ഒരുറച്ച പോഷണവുമാകുന്നു" (Roman Synod, 2nd session, A. A. S. LII, 1960, P. 234).

പ്രാർത്ഥനയുടെ ഈ ചൈതന്യമാണ് നിങ്ങളുടെ ജീവിതത്തിന്റെയും നിങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങളുടെയും ഫലദായകത്വത്തെ പരിരക്ഷിക്കുവാൻ പോകുന്നതും, വി. ത്രേസ്യായുടെയും കുരിശിന്റെ വി. യോഹന്നാന്റെയും കാലത്തെന്നപോലെ ഇന്നും ആത്മാക്കളുടെ മേൽ അപ്രതിഹതമായ ഒരാകർഷണശക്തി ചെലുത്താൻ പോകുന്നതും.

## മിഷ്യൻ പ്രവർത്തനം

3. അവസാനമായി ഈ നാലാം ശതാബ്ദം പഠിപ്പിക്കുന്ന ഉൽകൃഷ്ട കർത്തവ്യം മിഷ്യൻ പ്രവർത്തനമാകുന്നു.

വേദപ്രചാരതൃഷ്ണാർത്തി നിങ്ങളുടെ സഭയുടെ ഒരു ബഹുമാന ബിരുദമാണ്. സഭയുടെ ആരംഭംമുതൽക്കേ അതിന്റെ ഓരോ ശാഖയുടെയും വളർച്ചയിൽ ഇതു് ദൃശ്യമാണ്. മെക്സിക്കോമുതൽ പേർഷ്യാവരെ, ഇൻഡ്യാമുതൽ മെസപ്പൊട്ടാമിയാവരെ, സിറിയാമുതൽ ചൈനാവരെ വിളവെടുപ്പിനു് തയ്യാറായിക്കിടന്നിരുന്ന വിസ്തൃത ഭൂവിഭാഗങ്ങൾ നിങ്ങളുടെ സന്നദ്ധ ജോലിക്കാരുടേയും ആഗമനം കണ്ടുകഴിഞ്ഞു.

ഈ മിഷ്യൻപ്രവർത്തനവികസനം നമുക്ക് എമ്മാത്രം ആത്മസംതൃപ്തിയാണ് പ്രദാനം ചെയ്യുന്നതു്! നിങ്ങളുടെ സഹോദരന്മാരെ സദാ ഉത്തേജിപ്പിച്ചിരുന്ന വികാരങ്ങളുടെ ഒരമൂല്യസൂചന മാത്രമല്ല അതു്, പിന്നെയോ പ്രത്യേകമായി, ഇത്ര പ്രശംസാർഹമായ ഒരു പ്രവർത്തനം ഭാവിയിലും തുടരുന്നതിനു പര്യാപ്തമായ ഒരു വാഗ്ദാനവും പ്രോത്സാഹനവും കൂടിയാണ്. ലോകത്തിലെ ജനപദങ്ങളുടെ ഇടയിൽ ക്രിസ്തുവിന്റെ സാമ്രാജ്യത്തിനുള്ള വിപുലമായ വികസനസാദ്ധ്യതകൾ ഇന്നത്തെ വിനാഴിക തുറന്നുകാണിക്കുന്നുണ്ടു്. ഈ സാമ്രാജ്യം സദാ വർദ്ധമാനമായ തോതിൽ പ്രേഷിതഭടന്മാരെ ആഹ്വാനം ചെയ്തുകൊണ്ടുമിരിക്കുന്നു.

# ദൈവവിളിയുടെ ഒരു ചാർട്ടർ

(റവ. ഫാ. എലിസേവൂസ്, ഒ. സി. ഡി.)

വി. മത്തായിയുടെ സുവിശേഷത്തിലും (അ. 19: 16–22) വി. മാർക്കോസിന്റെ സുവിശേഷത്തിലും (അ. 10:17–31) ധനികനായ ഒരു യുവാവിന്റെ കഥ വിവരിച്ചിട്ടുണ്ട്. ഇതിൽ യഥാർത്ഥ ദൈവവിളിയുടെ ഒരാന്തരിക രൂപം കാണാവുന്നതാണ്. ദൈവശുശ്രൂഷയ്ക്കുള്ള ദൈവവിളിയാണ് ഇവിടെ വിവക്ഷ.

ആ കഥയുടെ ചുരുക്കം ഇതാണ്: ഒരു യുവാവു മിശിഹായെ സമീപിച്ച് നിത്യജീവൻ അഥവാ സ്വർഗ്ഗരാജ്യം പ്രാപിക്കാനുള്ള മാർഗ്ഗം ആരാഞ്ഞു. ദൈവപ്രമാണങ്ങൾ അനുഷ്ഠിച്ചാൽ മതിയെന്ന് ദിവ്യഗുരു അവനോടു പറഞ്ഞപ്പോൾ, "എന്റെ യൗവ്വനംമുതല്ക്കേ ഇവയെല്ലാം ഞാനനുഷ്ഠിക്കുന്നതാണ്. ഞാനെന്താണ് കൂടുതൽ ചെയ്യേണ്ടതു്?" എന്നായിരുന്നു അവന്റെ മറുപടി. "മിശിഹാ അവനെനോക്കി സ്നേഹിച്ചു." സ്വമേധയാ നൽകിയതും വിശേഷസ്നേഹം ദ്യോതിപ്പിക്കുന്നതുമായ ഒരു കടാക്ഷമായിരുന്നു അതു്. ഈ വിശേഷ

---

ഇവർക്കു ദിവ്യരക്ഷകന്റെ ആജ്ഞ ഒഴിച്ചുവയ്ക്കാനാവാത്ത ഒരാവശ്യത്തിന്റെ നിയമവും നിർദ്ദേശവുമാണത്രേ. നിങ്ങളോട് സംസാരിക്കുന്ന മാർപ്പാപ്പാ പലേ സന്ദർഭങ്ങളിലും പറഞ്ഞിട്ടുള്ളതുപോലെ, തന്റെ ഹൃദയത്തിന്റെ സകല ഉൽക്കണ്ഠകളെയും വ്യഗ്രതകളെയും വേദപ്രചാരത്തിന്റെ ഈ പ്രശ്നത്തിനുവേണ്ടി സമർപ്പിക്കുകയാണ്; കാരണം, ഇതാകുന്നു മിശിഹായുടെ അന്ത്യശാസനം പ്രതിബിംബിക്കുന്ന മഹനീയാദർശം; "നിങ്ങൾ ലോകമെങ്ങും പോയി എല്ലാജാതികളെയും പഠിപ്പിക്കുവിൻ" (മത്താ. 28/19). ഇതാകുന്നു നമ്മുടെ ഹൃദയത്തിൽ ആളിക്കത്തുന്ന തീജ്വാല. ക്രിസ്തുവിന്റെ കല്പനയുടെ വിലയേയും അവിടത്തെ എളിയ വികാരിയുടെ അഭിലാഷങ്ങളെയും ഗ്രഹിക്കുവാൻ സാധിക്കുന്നവരും ഗ്രഹിക്കേണ്ടവരുമായ എല്ലാവരുടേയും മുമ്പിൽ ഇതു് കത്തിജ്വലിക്കുന്നതിനു് നാം കഴിവുററ പരിശ്രമിക്കുന്നതാണ്.

വൽസലമക്കളെ, അതിനാൽ നിങ്ങളോടും നമ്മുടെ ഈ ഹൃദയരഹസ്യങ്ങൾ തുറന്നു പറയുവാൻ നമുക്കു സന്തോഷമുണ്ട്; എന്തെന്നാൽ, നമുക്കറിയാം അവശ്യം നിങ്ങളിൽനിന്നു് തീക്ഷ്ണമായ പ്രത്യുത്തരം കഴിഞ്ഞ കാലങ്ങളിൽ ലഭിച്ചിട്ടുണ്ട്, ഇനി ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്നു്. നിങ്ങളുടെ സഹോദരന്മാർ ഏററുവാങ്ങി നിങ്ങൾക്കു സമർപ്പിക്കുന്ന ദീപശിഖ സ്വീകരിക്കുക; നിങ്ങളുടെ ദൈവവിളിയിലുള്ള പരിശുദ്ധമായ ശുഷ്കാന്തികൊണ്ടു് അതിനെ പോഷിപ്പിക്കുകയും, അതിന്റെ പ്രകാശമെങ്ങും പരത്തുകയും ചെയ്യുക. നമ്മുടെ മുൻഗാമി 11-ാം പീയൂസ് മാർപ്പാപ്പായാൽ 1927-ൽ മിഷ്യൻ പ്രവർത്തനങ്ങളുടെ സാർവത്രിക സഹമദ്ധ്യസ്ഥയായി പ്രഖ്യാപിക്കപ്പെട്ട ഉണ്ണിയീശോയുടെ വി. ത്രേസ്യാ പ്രോജ്ജ്വലതീക്ഷ്ണതയുടെ ദൃഷ്ടാന്തമായി സ്വർഗ്ഗനഭോമണ്ഡലത്തിൽ പ്രകാശിക്കുന്നു. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി നിശബ്ദതയിൽ സ്വയം ബലികഴിക്കുന്നതിനു സഹായിക്കുന്ന ഏതാണ്ടൊരമാനുഷിക ശക്തിതന്നെ കർമ്മെലീത്താ ആദർശത്തിൽ കണ്ടെത്തിയ ആ വിശുദ്ധ ആളിക്കത്തുന്ന പ്രേഷിത ചൈതന്യംകൊണ്ട് നിങ്ങളെ മേലിലും ഉത്തേജിപ്പിക്കട്ടെ.

പ്രിയമക്കളെ, നിങ്ങളുടെ തീക്ഷ്ണതയുടെ തുടർന്നുള്ള നിരന്തര പ്രവർത്തനങ്ങളിൽ നിങ്ങളോടുകൂടി നമ്മുടെ പൈതൃക വാൽസല്യം എപ്പോഴുമുണ്ടായിരിക്കുമെന്ന് നിങ്ങളെ ബോധ്യപ്പെടുത്തുവാൻ നമുക്കതിയായ സന്തോഷമുണ്ട്. വിശുദ്ധ കത്തോലിക്കാപ്പള്ളിയാകുന്ന മലർവാടിയെ സുകൃതസൗരഭ്യംകൊണ്ട് നിറച്ചലങ്കരിക്കുന്ന എല്ലാ സന്യാസ സഭകളേയും നാം നിരീക്ഷിക്കുന്നതുപോലെ നിങ്ങളുടെ കർത്തവ്യനിർവഹണത്തിൽ നിങ്ങളെയും നാം അനുധാവനം ചെയ്യുന്നു.

നമ്മുടെ ഹൃദയംഗമമായ ഈ ആശംസകളുടെ അച്ചാരമായി, നിങ്ങൾക്കും ലോകമാകെയുള്ള നിഷ്പാദുക കർമ്മെലീത്തക്കും, വിശിഷ്യാ, മിഷ്യനറിമാർക്കും സഹിക്കുന്നവർക്കും, നിത്യയൗവ്വനത്തിന്റെ വാഗ്ദാനവും നിങ്ങളുടെ സഭയുടെ ഭാവി പ്രതീക്ഷയും ഉൾക്കൊള്ളുന്ന നിങ്ങളുടെ യുവ സന്യാസ വൈദികവിദ്യാർത്ഥികൾക്കും നമ്മുടെ പൈതൃകവും, ആശ്വാസദായകവുമായ ശ്ലൈഹികാശീർവാദം സമൃദ്ധമായി നാം നൽകുന്നു.

സ്നേഹം കടാക്ഷംകൊണ്ടവസാനിച്ചില്ല. അസന്ദിഗ്ദ്ധമായ ഭാഷയിൽ ആ യുവാവിനെ ഈശോ ഉപരി പൂർണ്ണതയിലേക്കു ക്ഷണിച്ചു. "നീ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിററ് സാധുക്കൾക്കു കൊടുക്കുക....അതിൻെറ ശേഷം വന്ന് എന്നെ അനുഗമിക്കുക." ഒരു സാധാരണ അനുഗമനമല്ല ഇവിടെ ഉദ്ദേശിക്കുന്നതു. തന്നെ തൊട്ടടുത്ത് പിഞ്ചെല്ലുകയും തൻെറ സ്വന്തം സേവനത്തിനും പ്രവർത്തനങ്ങളുടെ പുരോഗതിക്കുംവേണ്ടി സ്വയം പ്രതിഷ്ഠിക്കുകയും ചെയ്യുവാനായിരുന്നു അവിടുന്ന് ആ യുവാവിനെ ആഹ്വാനം ചെയ്തതു്. ഏതു മാർഗ്ഗത്തിലൂടെയാണ് തന്നെ അനുധാവനം ചെയ്യേണ്ടതെന്നും ദിവ്യ ഗുരു പ്രസ്പഷ്ടമാക്കിയിട്ടുണ്ടു്.

മേൽ വിവരിച്ച സംഭാഷണത്തിൽ നിന്ന് ദൈവവിളി എന്തിലടങ്ങിയിരിക്കുന്നുവെന്നും അതു് സ്വീകരിക്കുന്നവർ എന്തുചെയ്യണമെന്നും നമുക്ക് ഗ്രഹിക്കാവുന്നതാണ്.

## ദൈവവിളിയുടെ ഉൽഭവം

ദൈവവിളിയുടെ നിദാനം ദൈവത്തിൻെറ വിശേഷ സ്നേഹവും തന്നിമിത്തം നടത്തുന്ന ദിവ്യമായ തെരഞ്ഞെടുപ്പുമാകുന്നു. എന്തുകൊണ്ടു ഇയാളെ തെരഞ്ഞെടുത്തു, അയാളെ തെരഞ്ഞെടുത്തില്ല എന്നു ചോദിച്ചാൽ, ദൈവം അപ്രകാരം തിരുമനസ്സായി എന്നല്ലാതെ മറെറാരുത്തരവുമില്ല. ജ്ഞാനസ്നാനം വഴി ക്രിസ്ത്യാനിയാകുവാനുള്ള ദൈവവിളിപോലെ തന്നെ, ദൈവത്തിൻെറ സ്വതമനസ്സിനെ മാത്രം ആശ്രയിച്ചിരിക്കുന്ന ഒന്നാണ് തൻെറ പ്രത്യേക ശുശ്രൂഷയ്ക്കുള്ള ആഹ്വാനവും. വെറും മനുഷ്യദൃഷ്ട്യാ നോക്കിയാൽ, ചില അനുകൂല സാഹചര്യങ്ങളുടെ പരിണതഫലമാണ് ദൈവവിളി എന്നു തോന്നിയേക്കാം. അനുകൂല സാഹചര്യങ്ങൾക്കു ദൈവവിളിയെ ഒരുക്കുന്നതിലും സംരക്ഷിക്കുന്നതിലും ഒരു നല്ല സ്ഥാനമുണ്ടെങ്കിലും, വിശ്വാസദൃഷ്ട്യാ വീക്ഷിച്ചാൽ, ദൈവം ഒരാളെ അനാദിമുതല്ക്കേ തെരഞ്ഞെടുക്കുന്നു എന്നു പറയണം. അവിടുത്തെ തിരുമാനം കാലാന്തരത്തിൽ ബാഹ്യമായി പൂർത്തിയാക്കുക മാത്രമേ ചെയ്യുന്നുള്ളു.

നമ്മുടെ ദിവ്യരക്ഷകൻ തൻെറ ശിഷ്യന്മാരിൽ ചിലരെ തെരഞ്ഞെടുത്ത വിധം സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നതു വായിച്ചാൽ നമുക്ക് എളുപ്പത്തിൽ ഗ്രഹിക്കുവാൻ സാധിക്കും, അവിടുന്ന് പരമസ്വാതന്ത്ര്യത്തോടും പരമാധികാരത്തോടും കൂടിയാണ് ഓരോരുത്തരെ വിളിക്കുന്നതെന്ന്. ഗലിലേയായിൽ വച്ച് ഫിലിപ്പിനെ ഈശോ ആദ്യം കണ്ടപ്പോൾ തന്നെ അദ്ദേഹത്തോടാജ്ഞാപിച്ചു: "എന്നെ അനുഗമിക്കുക" (ജോൺ 1:43) എന്ന്. ഫിലിപ്പ് ഉത്തമനായിരുന്ന തൻെറ സുഹൃത്ത് നത്താനിയേലിനെ ഈശോയുടെ പക്കൽ കൂട്ടിക്കൊണ്ടു ചെന്നു. ഈശോ നത്താനിയേലിനെ നോക്കി, "ഇതാ നിഷ്ക്കളങ്കനായ ഒരു ഇസ്രായേല്ക്കാരൻ" എന്നു പറഞ്ഞു സ്തുതിച്ചെങ്കിലും, അയാളെ ശിഷ്യനായി തെരഞ്ഞെടുത്തില്ല. നേരേമറിച്ച് മീൻ പിടിച്ചുകൊണ്ടു നിന്നിരുന്ന പത്രോസിനെയും അദ്ദേഹത്തിൻെറ സഹോദരൻ ആൻഡ്രൂവിനെയും സ്വമേധയാ ഒരാജ്ഞയുടെ രൂപത്തിൽ വിളിച്ചു തൻെറ ശിഷ്യരാക്കി. "നിങ്ങൾ എൻെറ പിന്നാലെ വരുക; നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവരാക്കും." (മത്തായി 4:19). ഇതുപോലെ തന്നെ മുന്നറിയിപ്പൊന്നും നൽകാതെയാണ് സ്വപിതാവിനോടുകൂടി മീൻവല നന്നാക്കിക്കൊണ്ടിരുന്ന ജെയിംസിനെയും ജോണിനെയും വിളിച്ചതും: ദൈവം തനിക്കിഷ്ടമുള്ളവരെ വിളിക്കുന്നു.

ഒരാൾ ദൈവവിളിയില്ലാതെ സ്വമേധയാ മിശിഹായുടെ തെരഞ്ഞെടുക്കപ്പെട്ട ശിഷ്യന്മാരിൽ ഒരാളാകുവാൻ തന്നെത്തന്നെ സമർപ്പിക്കുന്നെങ്കിൽ അതു് സാഹസമായിരിക്കും.

ഒരിക്കൽ ഒരുപാദ്ധ്യായൻ ഈശോയുടെ പക്കൽ വന്ന് "ഗുരോ, അങ്ങ് എവിടെ പോയാലും, ഞാൻ അവിടുത്തെ അനുഗമിച്ചുകൊള്ളാം" (മത്തായി 8:19) എന്നു പറഞ്ഞു. മിശിഹാ പ്രതിവചിച്ചു: "കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പറവകൾക്ക് കൂടുകളുമുണ്ടു്; എന്നാൽ മനുഷ്യപുത്രന് തല ചായിക്കുവാൻ സ്ഥലമില്ല" (മത്തായി 8:20) എന്ന്. ഇത്ര പ്രസിദ്ധനും ജ്ഞാനിയുമായ ഒരു ഗുരുവിൻെറ ശിഷ്യനായാൽ തനിക്കും പ്രസിദ്ധിയും സമ്പത്തും ലഭിക്കുമല്ലോ എന്നു പ്രതീക്ഷിച്ചിരുന്ന ആ ഉപാദ്ധ്യായൻ, മിശിഹായുടെ കഠിന നിസ്വത ഗ്രഹിച്ചപ്പോൾ വൈമുഖ്യത്തോടുകൂടി പിൻവാങ്ങുകയാണു ചെയ്തതു്.

# വിളിക്കപ്പെടുന്നവരുടെ കടമ

വിളിക്കപ്പെടാതെ സന്യാസാന്തസ്സിലോ ദൈവികാന്തസ്സിലൊ പ്രവേശിക്കുന്നതുപോലെ ആപൽക്കരമാണു് വിളിച്ചിട്ടും പോകാതിരിക്കുന്നതു്. ഏതു ത്യാഗവും സഹിച്ചു് ദൈവവിളിയെ സ്വീകരിക്കതന്നെ വേണം.

മേൽപറഞ്ഞ ഉപാദ്ധ്യായൻ സ്ഥലം വിട്ടപ്പോൾ, ഈശോ തന്റെ ശ്രോതാക്കളിൽ ഒരാളെ കരുണയോടുകൂടി നോക്കി, തന്നെ അനുഗമിക്കുവാൻ പറഞ്ഞു. അപ്രകാരം ചെയ്യുന്നതിനു് അയാൾ തയ്യാറായിരുന്നെങ്കിലും, വയോവൃദ്ധനായ തന്റെ പിതാവിനെ അടക്കുന്നതുവരെ, അതായതു്, പിതാവിന്റെ മരണംവരെ, അവധി തരണമെന്നഭ്യർത്ഥിച്ചു. മിശിഹാ അയാളുടെ അപേക്ഷയെ നിരസിച്ചുകൊണ്ടു് പ്രസ്താവിച്ചതു്, "മരിച്ചവർ മരിച്ചവരെ അടക്കട്ടെ; നീ പോയി ദൈവരാജ്യം പ്രസംഗിക്കുക" (ലൂക്കു് 9:60) എന്നായിരുന്നു.

നമ്മുടെ കർത്താവിന്റെ ക്ഷണം സ്വീകരിക്കുവാൻ കുറച്ചു സാവകാശം ലഭിക്കുവാൻ ആഗ്രഹിച്ച മറ്റൊരുവനുണ്ടായിരുന്നു. "കർത്താവെ, ഞാൻ നിന്നെ അനുഗമിച്ചുകൊള്ളാം, പക്ഷെ, ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്രപറയുന്നതിനു് അനുവദിക്കുക." ഈ അഭ്യർത്ഥനയ്ക്കു ദിവ്യഗുരുവിന്റെ പ്രത്യുത്തരം എന്തായിരുന്നെന്നോ ? അവിടുന്നു് അയാളോടു പറഞ്ഞു: "കലപ്പയിൽ കൈവച്ചശേഷം പിന്നോക്കം നോക്കുന്ന യാതൊരുവനും ദൈവരാജ്യത്തിനർഹനല്ല" (ലൂക്കു് 9:16,62) എന്നു്.

അതിനാൽ തെരഞ്ഞെടുപ്പിന്റെ ദൈവാനുഗ്രഹം ലഭിക്കുന്നവൻ അതുടനെ സ്വീകരിക്കുകയും ദൈവത്തിനു പുറമേ തനിക്കുള്ളതും ഉണ്ടാകാൻ പാടുള്ളതുമായ സകലതും ഉപേക്ഷിച്ചു് അവിടുത്തെ സേവനത്തിനായി സ്വയം പ്രതിഷ്ഠിക്കുകയും വേണം. ഇതു് സുവിശേഷോപദേശങ്ങളുടെ അനുഷ്ഠാനമാണു് ഒരാളിൽ നിന്നു് ആവശ്യപ്പെടുന്നതു്.

## രണ്ടു മാർഗ്ഗങ്ങൾ

തന്നെ പിഞ്ചെല്ലുന്നതിനു മിശിഹാ സ്പഷ്ടമായി രണ്ടു വഴികൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ഒന്നു്, ദൈവപ്രമാണങ്ങളുടെ വഴി; രണ്ടു്, സുവിശേഷോപദേശങ്ങളുടെ വഴി.

വിശ്വാസത്താലും സ്നേഹത്താലും പ്രേരിതരായി, ദൈവപ്രമാണങ്ങൾ അഥവാ ദൈവതിരുമനസ്സു് പരിപൂർണ്ണമായി നിർവ്വഹിക്കുക, ഇതു് സാധാരണ ക്രിസ്ത്യാനികളുടെ മാർഗ്ഗമാകുന്നു. ഇതും വിശാലമായ അർത്ഥത്തിൽ ഒരു ദൈവവിളിയാണു്. എന്തെന്നാൽ കുടുംബം സ്ഥാപിക്കുക, തൊഴിൽ ചെയ്യുക, ലോകമദ്ധ്യത്തിൽ ജീവിച്ചുകൊണ്ടു് സമുദായസേവനം അനുഷ്ഠിക്കുക ഇവയെല്ലാം ദൈവതിരുമനസ്സാണു്. കുടുംബവും തൊഴിലും സമുദായവും യഥാർത്ഥ ദൈവദാനങ്ങൾ തന്നെ. അവ ആർക്കു നൽകുന്നുവോ അയാൾ അവ നന്ദിയോടുകൂടിയും ധീരതയോടുകൂടിയും സ്വീകരിക്കണം. ദൈവപ്രസാദവരത്തിൽ ജീവിച്ചുകൊണ്ടു് അവയെ ശരിക്കുപയോഗിച്ചാൽ അയാൾ മിശിഹായെ അനുധാവനം ചെയ്യുന്നു. ഇതാണു് ഭൂരിപക്ഷം ആളുകളുടെയും ജീവിതമാർഗ്ഗം.

ഇതിലും ഉപരിയായ മാർഗ്ഗമാണു് മേൽ സൂചിപ്പിച്ച സുവിശേഷോപദേശങ്ങളുടെ മാർഗ്ഗം. ഇതു് ഒരു രാജകീയ പാതതന്നെയാണു്. ലക്ഷ്യസ്ഥാനത്തെത്താൻ ഇതൊരു കുറുക്കുവഴിയാണെങ്കിലും, കുന്നുകയറുന്നതുപോലെ പ്രയാസമുള്ളതാണു്. ഈ മാർഗ്ഗത്തിലൂടെ തന്നെ തൊട്ടടുത്തും നേരിട്ടും പിഞ്ചെല്ലുന്നതിനു മിശിഹാ ഒരാത്മാവിനെ ക്ഷണിച്ചാൽ, അതു് കുടുംബത്തെയും, തൊഴിലിനെയും, സമുദായത്തെയും, മനുഷ്യപ്രകൃതിയുടെ ന്യായയുക്തമായ ചില ആഗ്രഹങ്ങളെയും അവകാശങ്ങളെയും പരിത്യജിച്ചു്, അവിടുത്തെ സ്വരം ശ്രവിക്കണം. ഈ പരിത്യാഗത്തിനു് അതു സന്നദ്ധമാകുന്നതു് മേൽപറഞ്ഞ ദാനങ്ങളോടു് സ്നേഹവും മതിപ്പുമില്ലാഞ്ഞിട്ടോ, അവ ചുമത്തുന്ന ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള വൈമുഖ്യം അഥവാ ഭീരുത്വംകൊണ്ടോ ഒന്നുമല്ല, പിന്നെയോ, അവയോടുള്ളതിനേക്കാൾ ശക്തിമത്തായ സ്നേഹവും തികഞ്ഞ മതിപ്പും മറ്റൊരാളോടു്—അതായതു് ദൈവത്തോടു്—ഉണ്ടു്. വിഭജിക്കപ്പെടാത്ത ഹൃദയത്തോടും വ്യഗ്രതയില്ലാത്ത മനസ്സോടുംകൂടി പരിപൂർണ്ണ ദൈവസ്നേഹത്തിന്റെ അഭ്യസനത്തിലും ശുശ്രൂഷയിലും ജീവിതം മുഴുവൻ അർപ്പിക്കുകയായിരിക്കണം ദൈവവിളി ലഭിച്ചിരിക്കുന്ന ആത്മാവിന്റെ ഏക അഭിലാഷം. അതിനാൽ അതു് മററു മനുഷ്യരുടെ സാമാന്യ ജീവിതരീതികളിൽ നിന്നു് വ്യത്യസ്തമായി ജീവിക്കണം. അതിന്റെ സ്നേഹത്തിന്റെ കേന്ദ്രം അഭൗമികമായ ഒരു സ്ഥാനത്തല്ലെങ്കിൽ ജീവിതം

# വിശുദ്ധകളുടെ പേരുകൾ വിരളമല്ല

(റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.)

അന്നു ഞാൻ ഒരു കന്യകാമഠത്തിൽ നിന്നു അവിടത്തെ വാർഷികധ്യാനം കഴിഞ്ഞു് പുറപ്പെടുകയായിരുന്നു. ബ. സഹോദരിമാർ എല്ലാവരും സന്ദർശനമുറിയിൽ കൂടിയിട്ടുണ്ടു്. യാത്ര പറയുന്നതിനും സുഹൃൽ സംഭാഷണത്തിനുമിടയ്ക്കു്, അവരുടെ പേരുകൾ അറിയുന്നതിനു ഞാൻ താല്പര്യം പ്രകടിപ്പിച്ചു. ഓരോരുത്തരും അവരവരുടെ പേരുകൾ പറയുവാൻ തുടങ്ങി. പീററർ, ജോൺ, മാത്യു, ഹെർമൻ, ലെയോ, ഇങ്ങനെ പോയി ആ പേരുകളുടെ പട്ടിക. അമ്പതു കന്യാസ്ത്രീകളുടെ ഇടയിൽ സ്ത്രീനാമധാരികൾ അഞ്ചോ ആറോ ഉണ്ടായിരുന്നോ എന്നു സംശയം. ഞാൻ അന്ധാളിച്ചുപോയി. ഞാൻ സ്വപ്നം കാണുകയാണോ ? ഇതു് ഒരു സന്യാ

---

ബാലൻസ് തെററികിടക്കുകയേയുള്ളു. യഥാർത്ഥദൈവവിളിയും, ദൈവാനുഗ്രഹങ്ങളും അവയോടുള്ള ഉദാരവും വിശ്വസ്തവുമായ സഹകരണവും കൂടാതെ ഒരാത്മാവിൻെറ ജീവിതം ക്രമപ്രവൃദ്ധമായ വിധത്തിൽ ദൈവത്തിൽ രൂപാന്തരപ്പെടുകയില്ല. ഇതിൽനിന്നു, ദൈവത്തിലാശ്രയിച്ചുകൊണ്ടു് ദൃഢപ്രതിജ്ഞയോടുകൂടി സ്ഥിരമായി പരിശ്രമിക്കുക എത്രമാത്രം ആവശ്യമെന്നു തെളിയുന്നു.

## വ്രതങ്ങൾ

മനുഷ്യപ്രകൃതിയുടെ സ്വാഭാവിക ബലഹീനതകളെ കണക്കിലെടുത്താൽ, ഈ പരിശ്രമം ദീർഘനാൾ നീണ്ടുനിൽക്കുകയില്ല. അതിനാൽ സുവിശേഷോപദേശങ്ങൾ അനുഷ്ഠിക്കുവാൻ വിളിക്കപ്പെടുന്നവർ അവയ്ക്കനുസൃതമായി വ്രതങ്ങൾകൂടി എടുത്തു് അഭ്യസിക്കുവാൻ പരിശ്രമിക്കേണ്ടതാണു്. ഇതേപ്പററിയുള്ള ഒരു സൂചന ദൈവവിളിയെക്കുറിച്ചുള്ള ചാർട്ടറിലും നമ്മുടെ കർത്താവിൻെറ മററു പ്രഭാഷണങ്ങളിലും അടങ്ങിയിട്ടുണ്ടെന്നു അനുമാനിക്കുന്നതിൽ അബദ്ധമില്ല.

സീയെന്നായിലെ വി. ബെർണ്ണാർദീൻ പറയുന്നു: "പരിപൂർണ്ണ സ്നേഹത്തിൻെറ മാർഗ്ഗമായി സുവിശേഷോപദേശങ്ങൾ അനുഷ്ഠിക്കുവാൻ ക്രിസ്തുനാഥൻ ഉദ്ബോധിപ്പിക്കുമ്പോൾ, അവിടുന്നുദ്ദേശിക്കുന്നതും ചൂണ്ടിക്കാണിക്കുന്നതും, അവ വ്രതങ്ങളായി എടുക്കണമെന്നാണു്. ദാരിദ്ര്യത്തേപ്പററിയുള്ള ഉപദേശം നൽകിക്കൊണ്ടു് അവിടുന്നരുളിച്ചെയ്യുന്നു: 'നീ പരിപൂർണ്ണനാകുവാൻ ഇച്ഛിക്കുന്നെങ്കിൽ, പോയി നിനക്കുള്ളവ വിററു് സാധുക്കൾക്കു കൊടുക്കുക' എന്നു്. എന്നാൽ വീണ്ടും വസ്തുക്കൾ സമ്പാദിക്കുവാനുള്ള അവകാശം വച്ചുസൂക്ഷിക്കുന്ന ഒരുത്തനും, വാക്കിൻെറ പൂർണ്ണ അർത്ഥത്തിൽ, തീർച്ചയായും തനിക്കുള്ളതെല്ലാം ഉപേക്ഷിച്ചിട്ടില്ല; മരണപര്യന്തം ദരിദ്രനായിരുന്ന ക്രിസ്തുനാഥനെ പൂർണ്ണമായി അനുകരിക്കുന്നുമില്ല."

ഇതുപോലെ തന്നെ, ദൈവരാജ്യത്തേക്കുറിച്ചു് ഷണ്ഡനാകുവാൻ വിളിക്കപ്പെടുന്നവൻ ഭാവിയിൽ വിവാഹം ചെയ്യുന്നതിനുള്ള അവകാശംകൂടി ഉപേക്ഷിക്കുന്നില്ലെങ്കിൽ, അയാൾ പരിപൂർണ്ണമായ അർത്ഥത്തിൽ തന്നെത്തന്നെ ആത്മനാ ഷണ്ഡനാക്കുകയോ ആജീവനാന്തം കന്യകയായിരുന്ന മിശിഹായെ പിൻചെല്ലുകയോ ചെയ്യുന്നില്ല.

അനുസരണത്തിൻെറ കാര്യത്തിലും നമ്മുടെ കർത്താവിൻെറ പഠനം വ്യത്യസ്തമല്ല. "ആരെങ്കിലും എൻെറ പിന്നാലെ വരുന്നെങ്കിൽ, അവൻ സ്വയം പരിത്യജിക്കട്ടെ...." (മത്തായി 16:24) എന്നു് അവിടുന്നാവശ്യപ്പെടുമ്പോൾ, സ്വമനസ്സും, സ്വാതന്ത്ര്യവും മുഴുവനായി ഉപേക്ഷിക്കാത്ത ഒരുവനു് എപ്രകാരം താൻ യഥാർത്ഥത്തിൽ സ്വയം പരിത്യജിക്കുന്നെന്നും മരണം വരെ അനുസരിച്ച മിശിഹായെ പൂർണ്ണമായി അനുകരിക്കുന്നെന്നും ആത്മാർത്ഥമായി പറയുവാൻ സാധിക്കും.

അതിനാൽ ഉപരിപൂർണ്ണതയെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്രിസ്തുനാഥൻെറ സുവിശേഷോപദേശങ്ങൾ ശ്രവിച്ചു്, അവിടുത്തെ പരിപൂർണ്ണമായി അനുകരിക്കുവാൻ നിശ്ചയിച്ചുറയ്ക്കുന്നയാൾ തൻെറ തീരുമാനത്തിൻെറ നിലനില്പിനുവേണ്ടി ദാരിദ്ര്യം, കന്യാത്വം, അനുസരണ എന്നീ വ്രതങ്ങൾ എടുത്തുകൊണ്ടുതന്നെ സമ്പത്തുകളും, ജഡികസന്തോഷങ്ങളും സ്വന്തമനസ്സും പരിവർജ്ജിക്കണം എന്നു സിദ്ധിക്കുന്നു. ഇപ്രകാരം നോക്കിയാൽ ദൈവവിളിയുടെ ചാർട്ടർ സന്യസ്തവിളിയുടെ ചാർട്ടർ തന്നെയാകുന്നു.

സാശ്രമമാണോ ? കന്യകാമഠമെന്നു ഞാൻ തെററിദ്ധരിച്ചതാണോ എന്നെല്ലാം ഓർത്തുപോയി.

അപ്പോഴാണു് ഒരു പുണ്യവതിയുടെ ചരിത്രം എൻെറ സ്മരണയിൽ വന്നതു്. ഈജിപ്തിൽ പഴയ കാലത്തു ജീവിച്ചിരുന്ന ആ കന്യകയ്ക്കു് സന്യാസജീവിതം നയിക്കുന്നതിനു വലിയ ആഗ്രഹം. പക്ഷെ അടുത്തെങ്ങും കന്യകാമഠങ്ങളില്ല. അവൾ എന്തുചെയ്തു? പുരുഷവേഷംകെട്ടി, പുരുഷനാമവും സ്വീകരിച്ചു, ഒരു സന്യാസാശ്രമത്തിൽ ചെന്നുചേർന്നു. അവൾ അവിടെ വളരെ വിശുദ്ധമായ ഒരു ജീവിതം നയിച്ചു് ഒരു പുണ്യവതിയായി എന്നു പറയപ്പെടുന്നു. ഇങ്ങനെ വല്ലതുമാണോ ഇവിടെ നടന്നതെന്നു ഞാൻ സംശയിച്ചു. പക്ഷേ അതിൻെറ ആവശ്യമുണ്ടായിരുന്നില്ല. കേരളത്തിൽ കന്യകാമഠങ്ങൾ അനവധിയുണ്ടു്. സ്ത്രീ-വേഷത്തിൽ, സ്ത്രീ നാമം ധരിച്ചുകൊണ്ടുതന്നെ അവിടെ പ്രവേശിക്കുന്നതിനു യാതൊരു തടസ്സവും ഇല്ല. പിന്നെ എന്താണിങ്ങനെ, എന്നു ഞാൻ അത്ഭുതപ്പെട്ടു.

ആ ബഹുമാനപ്പെട്ട സഹോദരികളോടുതന്നെ ഞാൻ ചോദിച്ചു അവർ എന്തുകൊണ്ടു് പുരുഷനാമം സ്വീകരിച്ചെന്നു്.

"എൻെറ അച്ചോ, ഞങ്ങൾക്കിഷ്ടമുണ്ടായിട്ടല്ല, സ്ത്രീകളായ വിശുദ്ധരുടെ പേരുകിട്ടാഞ്ഞിട്ടാണു് ഞങ്ങൾ പുരുഷനാമം സ്വീകരിക്കുന്നതു്" എന്നാണു് അവർ ആത്മാർത്ഥത തുളുമ്പുന്ന മനോഭാവത്തോടെ നൽകിയ മറുപടി. അവർക്കു് ഇഷ്ടംപോലെ സ്ത്രീകളായ വിശുദ്ധരുടെ നാമങ്ങൾ നൽകാമെന്നു ഉടനെ ഞാൻ വാഗ്ദാനം ചെയ്തു. ആ വാഗ്ദാനം അനുസരിച്ചാണു് ഈ ലേഖനം എഴുതുന്നതു്.

കത്തോലിക്കാ സഭയുടെ പൊതുവായ ഔദ്യോഗിക കലണ്ടർ മർത്തിറോളോജിയും റൊമാനും (Martyrologium Romanum) എന്ന പേരിൽ അറിയപ്പെടുന്നു. അതിൽ നിന്നാണു് ഈ ലേഖനത്തിൽ നൽകുന്ന പേരുകൾ എടുക്കുവാൻ ഉദ്ദേശിക്കുന്നതു്. സ്ത്രീകളുടെ പേരുകൾ എല്ലാം നൽകിയശേഷം സ്ത്രീരൂപം നൽകാവുന്ന ഏതാനും പുരുഷനാമങ്ങളും നല്കാൻ ഉദ്ദേശിക്കുന്നു. ഒരേ പേരിൽ പല വിശുദ്ധരുള്ളപ്പോൾ അവരിൽ പ്രധാനപ്പെട്ട ഒരാളുടെ പേരുമാത്രമേ നല്കുകയുള്ളു. ഓരോ പേരിനോടും ചേർത്തു ആ വിശുദ്ധയുടെ (വിശുദ്ധൻെറ) ഒരു ലഘു ജീവചരിത്രക്കുറിപ്പും നല്കുന്നുണ്ടു്.

(1) ആഡ്രിയാ:—കന്യകയും രക്തസാക്ഷിണിയും, തിരുനാൾ: ഡിസംബർ 2 റോമിൽവച്ചു് വലേറിയൻ ചക്രവർത്തിയുടെ വേദഞെരുക്കകാലത്തു് രക്തസാക്ഷിണിയായി മരിച്ചു.

(2) എമിലിയാനാ:—കന്യക, തിരുനാൾ: ജനുവരി 5. വി. ഗ്രിഗോറിയൂസ് മാർപ്പാപ്പായുടെ അമ്മായി (പിതൃസഹോദരി). ഈ ദിവസം മരണം പ്രാപിച്ചു എന്നല്ലാതെ അവരെപ്പററി വിവരങ്ങൾ ഒന്നും ലഭ്യമല്ല.

(3) ആഗപ്പസ്—കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഫെബ്രുവരി 15. ഇററലിയിൽ, ഉംബ്രിയാ എന്ന പ്രദേശത്തുള്ള തെർണി എന്ന ഗ്രാമത്തിൽ വച്ചു് രക്തസാക്ഷിണിയായി മരിച്ചു.

(4) ആഗത്താ (ആഗസ്റ്റാ). കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഫെബ്രുവരി 5, സിസിലി എന്ന ദ്വീപിൽ വച്ചു് ഡേഷിയസ് ചക്രവർത്തിയുടെ കാലത്തു് പല വിധത്തിലുള്ള പീഡനങ്ങൾ സഹിച്ചു വേദസാക്ഷിണിയായി മരണം പ്രാപിച്ചു.

(5) അഗത്തോണിക്കാ. കന്യകയും രക്തസാക്ഷിണിയും തിരുനാൾ: ഏപ്രിൽ 13 മെഡിറററേനിയൻ കടലിലുള്ള ക്രീററ എന്ന ദ്വീപിൽ സ്ഥിതിചെയ്യുന്ന പെർഗമ എന്ന സ്ഥലത്തുവച്ചു് മാർക്കു് ആൻറണി എന്ന ചക്രവർത്തിയുടെ കാലത്തു് രക്തസാക്ഷിത്വം സ്വീകരിച്ചു.

(6) ആഗ്നസ്. കന്യകയും രക്തസാക്ഷിണിയും, തിരുനാൾ: ജനുവരി 21. റോമിൽവച്ചു് ഡയക്ലേഷിയൻ ചക്രവർത്തിയുടെ കാലത്തു് അനേകപീഡനങ്ങൾ സത്യവിശ്വാസത്തേയും ചാരിത്രശുദ്ധിയേയും സംരക്ഷിക്കുന്നതിനുവേണ്ടി സഹിച്ചു രക്തസാക്ഷിണിയായി മരണം പ്രാപിച്ചു. മരിക്കുമ്പോൾ 13 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

(7) അഗ്രിപ്പിനാ; കന്യകയും രക്തസാക്ഷിണിയും. തിരുനാൾ ജൂൺ 23. റോമിൽവച്ചു്, വലേറിയൻ ചക്രവർത്തിയുടെ കീഴിൽ രക്തസാക്ഷിത്വം സ്വീകരിച്ചു.

(ശേഷം 89-ാം പേജിൽ)

# ദൈവജനനിയുടെ സ്വയംകൃതചിത്രം

(റവ. ഫാദർ ജോസഫ് വലിയവീട്ടിൽ M. A.)

പ്രസിദ്ധ ചിത്രകാരന്മാരായ റപ്പേൽ, മുറില്ലോ തുടങ്ങിയവർ ദൈവമാതാവിന്റെ ഏററം മനോജ്ഞമായ ഒരു ചിത്രമെഴുതുന്നതിനു പരസ്പരം മത്സരിച്ചു തന്നെ കലാ നിർമ്മിതി ചെയ്തിട്ടുണ്ട്. അവയെല്ലാം കേവലം മാനുഷികമായ ഭാവനാവിലാസം പ്രകാശിപ്പിക്കുന്നവയാണ്. എന്നാൽ ഒരവസരത്തിൽ കന്യകാംബികതന്നെ തന്റെ ഛായ മുദ്രിതമാക്കുന്നതിനു തിരുവുള്ളമുണ്ടായി.

1531 ഡിസംബർ മാസത്തിലെ ഒരു സുപ്രഭാതം. ജ്വാൻ ഡിയെഗോ എന്നു പേരുള്ള ഒരു അമേരിക്കൻ റെഡ്ഢിൻഡ്യൻ ദൈവജനനിയുടെ സ്തുതിക്കായി ദിവ്യപൂജ കാണുന്നതിനു ദൈവാലയത്തിലേക്കു അതിവേഗം നടന്നുപോവുകയായിരുന്നു. വിജനമായ ഒരു കുന്നിൻ ചരുവിലൂടെയാണ് അയാൾക്കു പോകേണ്ടിയിരുന്നത്. ആരോ തന്നെ പേരുചൊല്ലി വിളിക്കുന്നു. ജ്വാൻ വിസ്മയത്തോടുകൂടി സ്വരം കേട്ട സ്ഥാനത്തേക്കു ദൃഷ്ടികൾ തിരിച്ചു. സൌന്ദര്യധാമമായ ഒരു ദിവ്യനാഥ അയാൾക്കു പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ആ റെഡ്ഢിൻഡ്യൻ പ്രത്യയപൂർവ്വം കൈകൾകൂപ്പി മുട്ടിന്മേൽ നിന്നു. ദൈവജനനി അയാളോടാവശ്യപ്പെട്ടു, തന്റെ നാമത്തിൽ അവിടെ ഒരു ദൈവാലയം പണിയുന്നതിനു മെക്സിക്കോയിലെ മെത്രാനോടു ചെന്നു പറയണമെന്ന്. ഒരു ശിശുവിന്റെ പരമാർത്ഥതയോടുകൂടി ജ്വാൻ മെത്രാന്റെ അടുക്കലേക്ക് ഓടി. എന്നാൽ അദ്ദേഹമുണ്ടോ ഈ മനുഷ്യന്റെ വാക്കു വിശ്വസിക്കുന്നു. കൂടുതൽ തെളിവുകൾ വേണമെന്നു മെത്രാനച്ചനു നിർബന്ധമാണ്. അതുകൊണ്ടു പരിശുദ്ധ കന്യകയിൽ നിന്നു ഒരു അടയാളം വാങ്ങുന്നതിന് ജ്വാൻ ദർശനമുണ്ടായ സ്ഥലത്തേക്കു തന്നെ തിരിച്ചുപോയി.

ആരിലും വിശ്വാസമുളവാക്കുന്ന ഒരു അടയാളം തന്നെയാണു കാണിച്ചുകൊടുക്കുന്നതിനു ദൈവജനനി നിശ്ചയിച്ചത്. കുറെ റോസപുഷ്പങ്ങൾ ശേഖരിച്ചുകൊണ്ടു വരുവാൻ ജ്വാനോടു ദിവ്യാംബിക ആജ്ഞാപിച്ചു. പുഷ്പങ്ങൾ ഉണ്ടാകുന്ന കാലമല്ലായിരുന്നു അത്. എങ്കിലും പാറക്കെട്ടുകൾ നിറഞ്ഞ, പുല്ലുപോലും കിളുക്കാത്ത "ടെപ്പെയിയാക്ക" കുന്നിൻപുറത്ത് സമൃദ്ധിയായി റോസപുഷ്പങ്ങൾ വിടർന്നുനില്ക്കുന്നു. അതെല്ലാം പറിച്ചെടുത്ത്, ജ്വാൻ തന്റെ മേലങ്കിയിൽ സഞ്ചയിച്ചു. അനന്തരം അത് ആ ദിവ്യനാഥയുടെ പാദമലരുകളിൽ കാഴ്ചയർപ്പിച്ചു. ദൈവജനനിയാകട്ടെ അതെല്ലാം എടുത്തു കശക്കി വീണ്ടും ജ്വാന്റെ മേലങ്കിയുടെ മടക്കുകളിൽ തന്നെ നിക്ഷേപിച്ചു. പിന്നീടു, ജ്വാനു ലഭിച്ച നിർദ്ദേശം അതെടുത്തുകൊണ്ട് മെക്സിക്കോയിലെ മെത്രാന്റെ അടുക്കലേക്കു പോവുക എന്നായിരുന്നു.

ജ്വാൻ മെത്രാന്റെ അടുക്കൽ ചെന്ന് ഉണ്ടായ സംഭവമെല്ലാം വിവരിച്ചുകേൾപ്പിച്ചു. അയാൾ തന്റെ മേലങ്കി നിവർത്തു റോസപുഷ്പങ്ങൾ താഴെയിട്ടു. എന്നാൽ അത്ഭുതമേ! ആ വസ്ത്രത്തിൽ ദൈവജനനിയുടെ സുന്ദര ഛായ മുദ്രിതമായിരിക്കുന്നു. രൂപതാദ്ധ്യക്ഷൻ മുട്ടുകുത്തി വണക്കം നൽകി. ഗ്വാഡലൂപ്പിലെ മാതാവ് എന്ന സംജ്ഞ ഈ സംഭവത്തിൽ നിന്ന് ഉണ്ടായിട്ടുള്ളതാണ്.

ദൈവമാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലത്ത് മെക്സിക്കോയിലെ മെത്രാൻ ഒരു ദൈവാലയം പണികഴിപ്പിച്ചു. ദൈവജനനിയുടെ ഛായ പതിച്ചിട്ടുള്ള ജ്വാന്റെ മേലങ്കി അവിടെ പ്രധാന അൾത്താരയിൽ സൂക്ഷിച്ചിരിക്കുകയാണ്. ആ മേലങ്കി ചുരുങ്ങിയ കാലംകൊണ്ട് അഴിവു വന്നുപോകുന്ന നൂൽകൊണ്ടു നെയ്തെടുത്തതായിരുന്നെങ്കിലും അതും അതിൽ മുദ്രിതമായ ഛായയും 430 സംവത്സരങ്ങൾക്കു ശേഷം ഇന്നും അഭംഗുരം നിലനിൽക്കുന്നു. കലാകാരന്മാരെല്ലാം ഒന്നുപോലെ അഭിപ്രായപ്പെടുന്നത്, അമാനുഷകരങ്ങളാണ് ഈ ചിത്രനിർമ്മാണത്തിനു പിന്നിലുള്ളതെന്നാണ്.

# അശ്ലീലസാഹിത്യത്തിൽ അപകടമുണ്ടോ?

**Rev. Fr. Younan O. I. C.**

പരേതനായ മഹാകവി വള്ളത്തോൾ റഷ്യൻ സന്ദർശനം കഴിഞ്ഞു മടങ്ങിവന്നപ്പോൾ എന്റെ ഒരു ബഹുമാന്യ സ്നേഹിതൻ അദ്ദേഹത്തോടു ചോദിച്ചു:— "മഹാ കവേ! അവിടുന്നു വിശേഷവിധിയായി റഷ്യയിൽ എന്തു കണ്ടു?" എന്തു പറയട്ടെ, "തൂലികയ്ക്കു ഇത്ര വില കല്പിക്കുന്ന രാജ്യം ഭൂമുഖത്തില്ലതന്നെ." ഇതായിരുന്നു ഉത്തരം. എന്റെ ബഹുമാന്യ സ്നേഹിതൻ ഈ ഉത്തരം എന്നോടാവർത്തിച്ചു പറയുകയും ഞങ്ങൾ ഈ വിഷയത്തെപ്പററി ദീർഘസംഭാഷണം നടത്തുകയും ചെയ്തു. സമത്വസുന്ദരമായ റഷ്യയെപ്പററിയും കമ്മ്യൂണിസത്തെക്കുറിച്ചും ജനസമുദായത്തിനു് മതാദ്ധ്യക്ഷന്മാരും മഹാരഥന്മാരും ആർഷചരിതരായ പലരും മുന്നറിവുകൾ നൽകിയിട്ടുണ്ടു്. ഇസങ്ങളുടെയെല്ലാം കുറച്ചു് എലിവാണങ്ങൾ നാം കണ്ടുകഴിഞ്ഞു. കുറച്ചുകാലത്തെ പാലും തേനൊഴുക്കലും ഭരണം അനുഭവിച്ചു. നാശങ്ങളൊക്കെ ആവിർഭവിക്കുന്നതെങ്ങിനെയെന്നു് ശരിയായി മനസ്സിലാക്കാൻ സർവ്വശക്തൻ സഹായിക്കട്ടെ.

വളരെ ധനം വ്യയംചെയ്തും ത്യാഗങ്ങൾ അനുഷ്ഠിച്ചും നിരവധി പത്രമാസികകൾ ഇവിടെ നടത്തിപ്പോരുന്നുണ്ടു്. സന്മാർഗ്ഗബോധവും വിജ്ഞാനവും ജനതയിലുളവാക്കുന്നതിനു് അവ പര്യാപ്തങ്ങളുമാണു്. പ്രതിദിനപത്രങ്ങളും വാരികകളും മററും വായിച്ചു് രസിക്കുന്നുണ്ടു് അനേകരും. ഇവിടുത്തെ രണ്ടായിരത്തോളം വായനശാലകളിൽ ഔദ്യോഗികപരമായി അശ്ലീലപരമല്ലാത്ത പുസ്തക–പത്ര–വാരികകൾക്കു പുറമെ അശ്ലീലപരമായവയും വളരെയുണ്ടു്. സൃഷ്ടിയുടെ മകുടമായ മനുഷ്യനെ മൃഗമാക്കുന്നതിനുള്ള കുട്ടിച്ചാത്തന്മാരുടെ കൃതികൾ കുറവല്ല. ജാതിമതഭേദചിന്ത കൂടാത്ത ഭാവിലോകത്തിനു തൂണുകളുറപ്പിക്കാൻ യുവാക്കന്മാരും യുവതികളും മററും അശ്ലീലഗ്രന്ഥങ്ങൾ ആവേശത്തോടെ വെട്ടി വിഴുങ്ങുന്നു. അവരുടെ തലയ്ക്കകത്തു് ഒരു കടന്നൽപററംകയറി പാറിയ അനുഭവം. അപായത്തിന്റെ ചൂളംവിളികളിൽ അവർ മയങ്ങിപ്പോയി. ചിമ്മിനിയിൽ എണ്ണയില്ലാതെ കരിന്തിരി എരിയുന്നു. ഒരു കരിമൂർഖൻ പാമ്പിനെ കരംകൊണ്ടു പിടിച്ചേക്കാം. അതിലും ഭയമാണു് സദ്ഗ്രന്ഥങ്ങൾ ഒന്നു തൊടുവാൻ, വായിക്കുവാൻ. കൊച്ചുകേരളമേ! നീയും ഇത്രയേറെ അധഃപതിച്ചുപോയോ. ചില ബുക്കു് സ്റ്റോളുകളിൽനിന്നും മുദ്രാലയങ്ങളിൽനിന്നും വളരുന്ന തലമുറയ്ക്കു വിജ്ഞാനപോഷണം നൽകാനിറങ്ങിവരുന്ന കൃതികളുടെ "തനി നിറം" കാണേണ്ടതാണു്. കൊള്ളാവുന്നവക്കു് "ഓക്കാനം" വരുത്തുന്നതും അകത്തു കടന്നാൽ ശർദ്ദിയുളവാക്കുന്നതുമായ ഈ വിഷാണുക്കൾ നമ്മുടെ യുവലോകത്തിന്റെ മൃദുലവും ദുർബ്ബലവുമായ മനസ്സിൽ കടന്നു് അവരെ ദൈവത്തിനും, സഭയ്ക്കും, സമുദായത്തിനും, രാഷ്ട്രത്തിനും തീരാ ശത്രുക്കളാക്കി വിട്ടുകൊണ്ടിരിക്കുന്ന ദുരവസ്ഥയെപ്പററി ഹൃദയമുള്ളവർ ഉരുകി കരയാതിരിക്കുകയില്ല.

അശ്ലീല പ്രസിദ്ധീകരണങ്ങളുടെ പ്രണേതാക്കളിൽ ചിലർ ക്രൈസ്തവസഭയിൽ ജനിച്ചുവളർന്നവരാണെന്നോർക്കുമ്പോൾ സമുദായസ്നേഹികൾ ദുഃഖനിമഗ്നരായിപ്പോകുന്നു. ഈ വിഷ"ജന്തുക്കൾ" ലോകോപദ്രവികളും സമുദായത്തിലെ ഇത്തിൾക്കണ്ണികളുംതന്നെ—സംശയമില്ല. പ്രാർത്ഥനയാലും, ഉപവാസത്താലും പരിശ്രമത്താലുമല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകയില്ല. റഷ്യയിലേയും ഇതര രാജ്യങ്ങളിലേയും കമ്മ്യൂണിസ്ററുകാരായ എഴുത്തുകാർ വമ്പിച്ച വേതനങ്ങൾ പററിക്കൊണ്ടു് പൈശാചികമായി എഴുതി പ്രചരിപ്പിച്ച ചെറു–വൻ കഥകളുടെ പാരായണംമൂലം യുവജനങ്ങൾ മാനസികരോഗികളായി തീർന്നിട്ടുണ്ടു്. ദൈവവിശ്വാസം മിഥ്യയാണെന്നും, ക്രിസ്തുവിന്റെ ചരിത്രം കള്ളക്കഥയാണെന്നും, ബ്രഹ്മചര്യസുകൃതം സ്ത്രീപുരുഷന്മാക്കു് അസാദ്ധ്യമാണെന്നും, ലൈംഗികവിഷയത്തിൽ അസ്വാതന്ത്ര്യം നിർണ്ണയിക്കുന്നതു് കൊടും പാതകമാണെന്നും, ഭൂമിയുടമയും വിവാഹ സദാചാരവുമെല്ലാം വഞ്ചനയാണെന്നും തട്ടിമൂളിക്കാനും പ്രസിദ്ധീകരിക്കാനും ഒരു കൂട്ടർ തയാറായിട്ടുണ്ടു്. ഇന്നാട്ടിലെ

# ദൈവത്തെ സ്നേഹിക്കാത്തവർ മനുഷ്യരാണോ ?

റവ. ഫാദർ തോമസ് മൂത്തേടൻ, എം. എ., ഡി. ഡി.

മനുഷ്യരും മൃഗവും തമ്മിലുള്ള പ്രധാന അന്തരം മനുഷ്യനു വിശേഷബുദ്ധിയുള്ളതാണെന്നാണു പലരും ധരിച്ചുവച്ചിരിക്കുന്നതു്; എന്നാൽ അനേകർ വേണ്ടപോലെ ശ്രദ്ധിക്കാത്ത ഒരന്തരമുണ്ടു്: അതായതു്, മനുഷ്യനു ദൈവത്തെ സ്നേഹിക്കുവാൻ കഴിയും, മൃഗത്തിനു സാധിക്കയില്ല. ഏതെങ്കിലും ഒരു കുതിരാലയം സന്ദർശിക്കുകയാണെങ്കിൽ നാം കാണും അവ പ്രശാന്തമായി അയവിറക്കുന്നതു്; എന്നാൽ നാം അവയെ ഒരു സമാധി പ്രാർത്ഥനയിൽ ഏർപ്പെട്ടിരിക്കുന്നതായി ഒരിക്കലും കാണുകയില്ല. അനന്ത സൗന്ദര്യത്തെപ്പററി ധ്യാനിക്കുവാൻ തുടങ്ങുമ്പോഴാണു് സമാധിയുണ്ടാകുന്നതു്. എന്നാൽ കുതിരയ്ക്കു് അതൊരിക്കലും സാദ്ധ്യമല്ല; തന്മൂലം അതിനു് ഒരു വിശുദ്ധനാകുക അസാദ്ധ്യമാണു്. നരകത്തിൽ പോയവർക്കും വിശുദ്ധരാകുക സാദ്ധ്യമല്ല. പുണ്യവാനായ ഒരു പിശാചിനെപ്പററിയോ പുണ്യവതിയായ ഒരു പശുവിനെപ്പററിയോ നമുക്കു ചിന്തിക്കുവാൻ വഹിയാ. എന്നാൽ മൃഗവും പിശാചും തമ്മിൽ അന്തരമുണ്ടു്: പിശാചിനു നന്മയിലേക്കു പിന്തിരിയുക സാധ്യമല്ല; എന്നാൽ മൃഗങ്ങൾക്കു് അവയുടെ കൃത്യങ്ങൾ നിർവഹിച്ചു് അവയുടെ അന്ത്യം പ്രാപിക്കാവുന്നതാണു്.

ആകയാൽ ദൈവത്തെ സ്നേഹിക്കാനുള്ള ശക്തി മനുഷ്യനു പ്രകൃത്യാ ലഭിച്ചിട്ടുള്ളതാണു്. കണ്ണിനു കാഴ്ചയെന്നപോലെയും പക്ഷികൾക്കു പറക്കുവാനുള്ള ശക്തിയെന്നപോലെയും വീണയ്ക്കു മധുരസ്വരങ്ങൾ പുറപ്പെടുവിക്കുവാനുള്ള കഴിവുപോലെയുമാണു് മനുഷ്യനു ദൈവത്തെ സ്നേഹിക്കുവാനുള്ള ശക്തി.



ലേഖകൻ

ചിറകുകൊണ്ടു് എന്തു ചെയ്യണമെന്നറിയാതെ ഭൂമിയിൽ മെല്ലെ നടക്കുന്ന പക്ഷികൾക്കു തുല്യമാണു ദൈവത്തെ സ്നേഹിക്കാത്ത മനുഷ്യർ.

ദൈവത്തെ സ്നേഹിക്കുന്നവർ അവിടുത്തെപ്പററി സദാ വിചാരിച്ചുകൊണ്ടിരിക്കും. ചെറിയ കുട്ടികളുള്ള അമ്മമാരുടെ ദൃഷ്ടി എപ്പോഴും കുട്ടികളിലേക്കു തിരിഞ്ഞിരിക്കുന്നതു് ആരാണു കണ്ടിട്ടില്ലാത്തതു്? ഒരു കാമുകൻ എപ്പോഴും തന്റെ പ്രാണപ്രേയസിയോടുകൂടെ ഇരിക്കുവാൻ കൊതിക്കുന്നു; കാമുകി സമീപത്തുനിന്നു മാറിയാൽ അവളുടെ സാന്നിദ്ധ്യത്തെ അയാൾ പ്രതീക്ഷിക്കുകയായി. ഏതു ജോലിയിലേർപ്പെട്ടിരിക്കുകയാണെങ്കിലും അയാളുടെ ഭാവന കാമുകിയിലേക്കു തിരിഞ്ഞു പോകുന്നു.

ദൈവത്തെ സ്നേഹിക്കുന്നവർക്കു് അഥവാ വിശുദ്ധർക്കു് ഒരുദ്ദേശമേയുള്ളൂ: ഈശ്വരഹിതം നിറവേററുക.

---

സജ്ജനങ്ങളുടെ പൊതുജീവിതം താറുമാറാക്കുവാനും, സമുദായത്തിന്റെ അടിത്തറയായ കുടുംബജീവിതത്തെ നാരകീയമാക്കാനും ഇതിലധികം എന്തുവേണം? ആത്മാവിൽ കുഷ്ഠരോഗം ബാധിച്ചവരും സുഖപ്പെടുവാൻ അശേഷം മനസ്സില്ലാത്തവരുമായ ഇത്തരക്കാരെ സമുദായത്തിൽനിന്നും മാററിനിറുത്തി ചികിൽസിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നല്ലാതെ എന്തു പറയട്ടെ. അശ്ലീലസാഹിത്യത്തിൽ വളരെ അപകടമുണ്ടെന്നു് വളരുന്ന തലമുറ നന്നായി ധരിച്ചിരിക്കണം.

ആരെയും അവർ വെറുക്കുകയില്ല. ഏതെങ്കിലും ഒരാളേയോ വിസ്തുവിനേയോ സ്നേഹിക്കുന്നുവെങ്കിൽ ദൈവത്തിന്റെ തിരുമനസ്സു നിറവേററുവാൻ വേണ്ടി മാത്രമായിരിക്കും. ബലഹീനനിമിഷങ്ങളിൽ, ഈ നിശ്ചയത്തിനു വ്യത്യാസം വന്നുപോയാൽ അവരുടെ പശ്ചാത്താപം അവരുടെ ആർദ്രതയെ വർദ്ധിപ്പിക്കുകയേയുള്ളു. ആകയാൽ കീഴുദ്ധരിക്കുന്നതുപോലെയുള്ള ഈശോയുടെ വാക്കുകൾ അവരോടു രണ്ടുപ്രാവശ്യം പറയേണ്ടതില്ല: "നീ ഏതെങ്കിലുമൊരു വസ്തു ബലിപീഠത്തിൽ സമർപ്പിക്കുകയും അവിടെ നിന്റെ സഹോദരനു നിനക്കെതിരായി എന്തെങ്കിലും വെറുപ്പിനു കാരണമുണ്ടെന്നു് അനുസ്മരിക്കുകയും ചെയ്താൽ, ബലിവസ്തു പീഠത്തിങ്കൽ വച്ചു സഹോദരനുമായി രമ്യപ്പെട്ടു തിരിയെ വന്നു നിന്റെ ബലി സമർപ്പിക്കുക."

എന്നാൽ ഈദൃശ തത്വങ്ങൾ ദൈവവരപ്രസാദം കൂടാതെ ഒരുത്തനു് പൂർണ്ണമായി പ്രായോഗികമാക്കുവാൻ സാധിക്കുകയില്ല. കല്ലെറിഞ്ഞു തന്നെ കൊല്ലുവാൻ വന്നവരോടു സെൻറ സ്റ്റീഫനു ക്ഷമിക്കുവാൻ കഴിഞ്ഞതു ദൈവാനുഗ്രഹത്താലാണ്. ദൈവസ്നേഹമുള്ളവർക്കേ ശത്രുക്കളോടു ക്ഷമിക്കുവാൻ കഴിയൂ. പ്രഭാത പ്രകാശത്തിൽ നിന്നു സൂര്യോദയത്തെ വേർതിരിക്കുവാൻ സാധിക്കാത്തതുപോലെ ദൈവസ്നേഹത്തിൽ നിന്നു പരസ്നേഹം വേർതിരിക്കുക സാധ്യമല്ല. വിശുദ്ധരുടെ ലക്ഷണമാണു പരസ്നേഹം. അതിനാൽ സ്നേഹിക്കാൻ സാധിക്കാത്ത ഒരു ജീവിയെന്നു പിശാചിനെ ത്രേസ്യാ പുണ്യവതി വിളിക്കുന്നതിൽ വിസ്മയത്തിനു വകയില്ല. നേരെമറിച്ചു വിശുദ്ധർക്കാണെങ്കിൽ മനുഷ്യരെ സ്നേഹിക്കാതിരിക്കാൻ വഹിയാ; അവരുടെ സ്നേഹം സർവ്വവ്യാപകമാണ്. ദൈവത്തിനു പ്രീതികരമായതു ചെയ്യാനിച്ഛിക്കുന്നു വിശുദ്ധർ; തൻമൂലം ദൈവത്തിന്റെ സൃഷ്ടികളും ദത്തുപുത്രരുമായ ഇതരമനുഷ്യരെ അവർ എങ്ങനെ സ്നേഹിക്കാതിരിക്കും?

ധ്യാനസമയത്തു തന്റെ മുമ്പിലിരുന്ന വിരസമായ ഒരു സ്വരമുണ്ടാക്കിയിരുന്ന ഒരു കന്യാസ്ത്രീയെപ്പററി കൊച്ചുത്രേസ്യാ പുണ്യവതി തന്റെ സ്വയംകൃത ചരിതത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഇതാ പുണ്യവതിയുടെ വാക്കുകൾ: "ആ ചെറിയ സ്വരം എനിക്കെന്തൊരു ശല്യമായിരുന്നുവെന്നു പറഞ്ഞറിയിക്കുക സാധ്യമല്ല. പുറകോട്ടു തിരിഞ്ഞു് ആ ശല്യക്കാരിയുടെ നേർക്കു് ഒന്നു നോക്കുവാൻ ശക്തിയായ ഒരു പ്രേരണ എനിക്കുണ്ടായി; എങ്കിൽപ്പിന്നെ നിശ്ചയമായിട്ടും അതു കേൾക്കയില്ലായിരുന്നു. കാര്യം അവരെ മനസ്സിലാക്കാൻ അതായിരുന്നു ഏകമാർഗ്ഗം; എന്നാൽ കാരുണ്യവാനായ ദൈവത്തിന്റെ നേർക്കുള്ള സ്നേഹത്തെപ്രതിയും ആ സഹോദരിക്കു വിഷമം വരുത്താതിരിക്കാൻ വേണ്ടിയും അതു സഹിക്കുകയാണുത്തമമെന്നു ഹൃദയത്തിന്റെ അഗാധത്തിൽ എനിക്കുതോന്നി. അതുകൊണ്ടു ഞാൻ അനങ്ങിയില്ല; കാരുണ്യവാനായ ദൈവത്തോടു് ഐക്യപ്പെടുവാനും ആ ചെറിയ സ്വരത്തെ അവഗണിക്കുവാനും ഞാൻ ശ്രമിച്ചു." കണ്ടാലും! അയല്ക്കാരിയായ ഒരു സഹോദരിയുടെ അപസ്വരത്തെ പരിഗണിച്ചു ദൈവസ്നേഹം നഷ്ടപ്പെടുത്താൻ അവൾ ഇഷ്ടപ്പെട്ടില്ല. "നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നു് അറിയുന്നതു നിങ്ങളുടെ പരസ്പരസ്നേഹം വഴിയാണു്" എന്ന ദിവ്യരക്ഷാനാഥന്റെ വാക്കുകൾ വിശുദ്ധക്കു നന്നായറിയാമായിരുന്നു; അവ ലംഘിക്കാൻ അവർ ഇഷ്ടപ്പെട്ടിരുന്നുമില്ല. അവരുടെ ആഗ്രഹങ്ങൾ ഈശോയുടെ താല്പര്യങ്ങൾ തന്നെയാണ്; അവ നിർവഹിക്കാതിരിക്കുന്നതു് അവർക്കു മനോവേദനയ്ക്കു കാരണവുമാണ്. ഇക്കാരണത്താലാണ് വി. കൊച്ചുത്രേസ്യാ തനിക്കു ശല്യമുണ്ടായിരുന്ന അപസ്വരത്തെ ഒരു മധുര ഗാനമായി സ്വാഗതം ചെയ്തതു്. അതിനാൽത്തന്നെയാണു സെൻറ് സ്റ്റീഫൻ തന്റെ നേരെ കല്ലെറിഞ്ഞവർക്കു വേണ്ടി പ്രാർത്ഥിച്ചതും.

ഫ്രാൻസിസ് അസീസി കുഷ്ഠരോഗികളുടെ ഇടയിൽ നടത്തിയിരുന്ന സന്ദർശനം അവിവേകമാണെന്നു ചിലർ പറഞ്ഞിരുന്നു. എന്നാൽ ഈശ്വരഹിതമായിരുന്നു അതു്. അദ്ദേഹം പറയുന്നു: "കർത്താവുതന്നെയാണു് അവരുടെ ഇടയിലേക്കു് എന്നെ ആനയിച്ചതു്. ഞാൻ അനുകമ്പാപൂർവം അവരുടെ ഇടയിൽ വർത്തിച്ചു. എനിക്കു കയ്പായിരുന്നതു ശരീരത്തിലും ആത്മാവിലും മാധുര്യമായിപ്പരിണമിച്ചു." ദൈവത്തെ സ്നേഹിക്കുന്നവർക്കു് അവിടുത്തെ ഇഷ്ടം നിറവേററാതിരിക്കാൻ സാധിക്കയില്ല; അപരർക്കു് അതു് അവിവേകമായിത്തോന്നാം.

പ്രഭാതം മുതൽ പ്രദോഷം വരെ ഈശ്വരഹിതം നിറവേററുക, അതിനിടയ്ക്കു സ്നേഹപൂർവ്വം സർവ്വേശ്വരനെപ്പററി ചിന്തിക്കുക, സംസാരിക്കുക, ജീവിതക്ലേശങ്ങൾ

ആ സ്നേഹത്തിന്റെ ലക്ഷ്യമായി സ്വീകരിക്കുക, ഇവയെല്ലാമാണ് ഒരു വിശുദ്ധന്റെ അടയാളങ്ങൾ.

ആകയാൽ നീയൊരു വിശുദ്ധനാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഓരോ ദിവസവും നിന്നെത്തന്നെ അവിടുത്തേ പരമാധികാരത്തിനു സമർപ്പിക്കുക, സുഖനിദ്രയിൽനിന്നു നീ കൃതജ്ഞതാപൂർവം പ്രഭാതത്തിൽ എഴുന്നേൽക്കുക, അല്ലെങ്കിൽ ദൈവ തിരുമനസ്സിനു കീഴ്പ്പെട്ടു നിന്റെ രോഗശയ്യയിൽ നീ കിടക്കുക, അല്ല, ബോധരഹിതനായി നീ കിടക്കയാണെങ്കിൽ അങ്ങനെയുള്ള നിമിഷങ്ങളെ കാലേ കൂട്ടി കണ്ടു് അവയും ദൈവസ്തുതിക്കു നീ കാഴ്ചവെയ്ക്കുക.

കണ്ണുതുറക്കുന്നതോടുകൂടി ഭക്തിനിർഭരമായ മനസ്സും പ്രവൎത്തനമാരംഭിക്കയാണെങ്കിൽ, സ്രഷ്ടാവിന്റെ സാമീപ്യം നീ ദർശിക്കും. ഉജ്ജ്വലമായ സൂര്യരശ്മി ദുർബലമായ ഒരു പുഷ്പദളത്തേയും ദ്രോഹിക്കാതെ ഭൂമിയിൽ വീഴുന്നതു കാണുമ്പോൾ ഈശ്വരന്റെ സൎവ്വശക്തി നിനക്കു ദൃശ്യമാകുന്നില്ലേ? ചിന്തിക്കുന്നതായാൽ നീ എവിടെയും ദൈവപരിപാലനയുടെ അടയാളം കാണും. ചുററുമുള്ള വായുവിനേക്കാൾ കൂടുതലായി സൎവ്വേശ്വരൻ സൎവ്വവ്യാപിയാണെന്നു നിനക്കു ബോദ്ധ്യമാകും. അവിടത്തെ സാന്നിദ്ധ്യത്തിൽ നീ ശക്തി കണ്ടെത്തും. പിതാവായ ദൈവത്തെ വിളിച്ചപേക്ഷിച്ചും ഈശോയുടെ തിരുനാമം ഉച്ചരിച്ചും പരിശുദ്ധാത്മാവിന്റെ പ്രവൎത്തനം അനുഭവിച്ചും നീ ദൈവത്തിൽ ജീവിക്കും. വിശുദ്ധനായി ജീവിക്കുവാൻ തുടങ്ങുമ്പോൾ ദൈവമായിരിക്കും നിന്റെ സൎവ്വസ്വവും.

ദൈവത്തെ സ്നേഹിക്കുവാൻ നീ നിശ്ചയിച്ചുകഴിഞ്ഞുവെങ്കിൽ നീ അനുദിനദിവ്യബലി ഉപേക്ഷിക്കുകയില്ല; കഴിയുമെങ്കിൽ വി. കുർബാനസ്വീകരണവും നീ മുടക്കുകയില്ല; കാരണം ദൈവത്തിന്റെ സ്നേഹിതന്മാൎക്കു് അഥവാ വിശുദ്ധൎക്കു് അറിയാം ആരുടെ ബലിയാണു് അവിടെ നടക്കുന്നതെന്നും, എന്തു ഭക്ഷണമാണു് അവിടെ ലഭിക്കുന്നതെന്നും. മാത്രമല്ല, ദൈവമാതാവായ കന്യകാമറിയത്തെ നീ അമ്മയായി കരുതുകയും പുത്രനിൎവ്വിശേഷം അവിടത്തെ സ്നേഹിക്കുകയും ചെയ്യും. കാരണം ദൈവത്തിന്റെ സ്നേഹിതൎക്കു് നന്നായി അറിയാം കന്യകാംബികയോടുള്ള ഭക്തി ഈശോയ്ക്കു പ്രീതികരമാണെന്നു്. അങ്ങനെ ദൈവത്തെ സ്നേഹിക്കുവാനിച്ഛിക്കുന്നവർ തങ്ങളുടെ ചുമതലകൾ നിൎവ്വഹിക്കുവാനും പ്രാൎത്ഥനയുടെ അന്തരീക്ഷത്തിൽ ജീവിക്കുവാനും ഇഷ്ടപ്പെടും. അങ്ങനെയുള്ള ജീവിതം ദൈവത്തെ സ്നേഹിക്കുന്നവൎക്കു് മുഷിച്ചിലിനു കാരണമല്ല. പാപം വൎജ്ജിക്കുന്നതും ദൈവസ്നേഹത്തിൽ ജീവിക്കുന്നതുമാണു് ദൈവത്തിന്റെ സ്നേഹിതന്മാരുടെ കൎത്തവ്യമെന്നു് ആൎക്കു നിഷേധിക്കുവാൻ കഴിയും?

അല്ലയോ പ്രിയ അനുവാചകാ, നിങ്ങളുടെ മനസ്ഥിതി ഇപ്രകാരമാണോ? പക്ഷേ നിങ്ങൾ പിറുപിറുക്കുന്നുണ്ടായിരിക്കും: "പുണ്യപട്ടം എനിക്കുള്ളതല്ല, "ഞാനോ ഒരു പുണ്യവാനാകാൻ പോകുന്നതു്?" എന്നാൽ ഒന്നു ചിന്തിച്ചുനോക്കുക. "സ്വൎഗ്ഗസ്ഥനായ പിതാവു് പരിപൂൎണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂൎണ്ണരായിരിക്കുവിൻ." എന്ന ഈശോയുടെ ഉദ്ബോധനം തിരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹത്തിനു വേണ്ടിയല്ല; എല്ലാവരേയും ഉദ്ദേശിച്ചുള്ളതാണു്. നിന്റെ ബലഹീനത അറിയാൻ പാടില്ലാത്ത ഒരാളല്ലല്ലോ ഈ ആഹ്വാനം നൽകിയിരിക്കുന്നതു്. അവിടത്തെ വേറൊരാഹ്വാനവുംകൂടി ശ്രവിച്ചാലും: "നിന്റെ കൎത്താവായ ദൈവത്തെ പൂൎണ്ണഹൃദയത്തോടും പൂൎണ്ണ ആത്മാവോടും പൂൎണ്ണ മനസ്സോടും സകല കഴിവുകളോടുംകൂടി നീ സ്നേഹിക്കുക....നിന്റെ അയല്ക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക."

ഇതാണു വിശുദ്ധിയുടെ കാതൽ. ഇതു് അസാദ്ധ്യമായിരുന്നുവെങ്കിൽ, ഈശോ അതു മനുഷ്യരിൽ നിന്നു ആവശ്യപ്പെടുകയില്ലായിരുന്നു. ഒരു വിൻസെന്റ് ഡി. പോളിനും, ഒരു ഫ്രാൻസിസ് സേവിയറിനും, ഒരു കൊച്ചുത്രേസ്യായ്ക്കുമുണ്ടായിരുന്ന ശക്തി നിനക്കും ദൈവം തന്നിട്ടുണ്ടു്, പിൻകാലുകളിൽ നടക്കുന്ന ഒരു മൃഗമല്ലല്ലോ നീ.

ആകയാൽ ദൈവത്തെ സ്നേഹിക്കാത്തവർ മനുഷ്യരല്ല; അവിടുത്തെ സ്നേഹിക്കുന്നവർ ഇതരമനുഷ്യരെ സ്നേഹിക്കാതിരിക്കുകയുമില്ല. മാത്രമല്ല, എല്ലാവൎക്കും രക്ഷാകരമായ അനുഗ്രഹങ്ങൾ ദൈവത്തെ സ്നേഹിക്കുവാൻ സൎവ്വേശ്വരൻ വാഗ്ദാനം ചെയ്തിട്ടുള്ളതിനാൽ വിശുദ്ധരാകാൻ ശ്രമിക്കാത്തവർ മനുഷ്യരേക്കാൾ അധമരാണെന്നു പറയണം. അത്തരം മനുഷ്യരേക്കാൾ കുതിരയും കുരങ്ങും തെല്ലു ഭേദമല്ലേ എന്നാലോചിച്ചുനോക്കുക.

# അവസരോചിതമായൊരു വാർഷികോപഹാരം

**(Rt. Rev. Mgr. P. Kackacherry Ph. D; D. D.)**



ലേഖകൻ

സാമൂഹ്യനീതി, തൊഴിലാളിവർഗ്ഗത്തിൻെറ അവകാശങ്ങൾ എന്നിത്യാദി മൗലികപ്രധാനങ്ങളായ പ്രമേയങ്ങളെ മററാക്കും കഴിയാത്തവിധം തെളിവോടും വെളിവോടുംകൂടി ദീർഘദൃഷ്ട്യാ ചർച്ചചെയ്യുന്ന ചരിത്രപ്രസിദ്ധമായ "റേരും നൊവാരും" എന്ന, ലിയോ 13-ാമൻെറ വിശ്വലേഖനം പുറത്തു വന്നിട്ട് എഴുപതു വർഷം തികഞ്ഞു കഴിഞ്ഞ മേയ് 13-ാം തിയതി. പ്രസ്തുത സുഭഗ സന്ദർഭത്തെ ശാശ്വതസ്മരണീയമാക്കുകയും ചെയ്തു ഇപ്പോഴത്തെ മാർപ്പാപ്പാ. അണുയുഗം, ബഹിരാകാശയുഗം എന്നെല്ലാമുള്ള മറുപേരാർജ്ജിച്ചിട്ടുള്ള ആധുനികകാലത്ത് മാനവവംശം ദാഹിച്ചുകൊണ്ടിരിക്കുന്നതു്, രാഷ്ട്രാന്തരീയ സമാധാനം അഭംഗം പുലരുന്നതും, മർത്ത്യസമുദായത്തിലെ സകല വിഭാഗങ്ങളും പരസ്പര സ്നേഹത്തോടുംസൗമനസ്യത്തോടും സഹകരണ സന്നദ്ധതയോടുംകൂടി സഹവർത്തിക്കുന്നതുമായ ഒരു സുവർണ്ണയുഗോദയം ദർശിച്ചാനന്ദിക്കുവാനാണല്ലോ. അത്തരമൊരു "നല്ല ലോക"പ്പിറവിക്കാസ്പദമായ വ്യവസ്ഥകളെ വ്യക്തമായുൽഘോഷിക്കുന്നതാണ് സാമൂഹ്യവ്യവസ്ഥിതിയെ പരാമർശിക്കുന്ന പുതിയ വേപ്പൽ പ്രഖ്യാപനം, 1961-ലേയ്ക്കു മാത്രമല്ല, ഭാവിയിലേയ്ക്കും പ്രത്യാശയുടെ പൊൻ കതിരൊളി പരത്തുന്ന ഒരു മഹാസന്ദേശമായിരുന്നു അതു്. "ഒസെർവത്തോരെ റൊമാനൊ"യുടെ പ്രതീക്ഷാനിർഭരമായ പ്രവചനവും അതുതന്നെയായിരുന്നല്ലോ.

നാടകീയമായ പല പുതിയ സംഭവവികാസങ്ങളും ദൈനംദിനമെന്നോണം നടന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൻെറ ഭാവി ആശങ്കാജനകമാംവിധം അനിശ്ചിതവും അരക്ഷിതവുമാണ്. ആഭ്യന്തരവിപ്ലവങ്ങൾക്കിരയായി ക്ലേശിക്കയും, കേഴുകയും ചെയ്യുന്ന രാഷ്ട്രങ്ങൾ പലതാണ്. തൻമൂലം സാമൂഹ്യപ്രശ്നങ്ങളിലുളവായിക്കൊണ്ടിരിക്കുന്ന ആപല്ക്കരങ്ങളായ പ്രത്യാഘാതങ്ങൾ ചിന്താശീലരെ അത്യധികം ഉൽക്കണ്ഠാകുലരാക്കിക്കൊണ്ടിരിക്കുന്നു. സാർവ്വദേശീയബന്ധങ്ങളെ സംബന്ധിച്ചേടത്തോളം വലുതും ചെറുതുമായ രാഷ്ട്രങ്ങൾ തമ്മിലുള്ള വിടവുകൾ അടയുകയല്ല, അനുദിനം അകലുകയാണ്. സർവ്വോപരി സംഹാരക്ഷമമായൊരു ആഗോളയുദ്ധത്തിൻെറ ഭീജനകമായ കരിനിഴൽ നാൾതോറും ഈണപ്പെട്ടുകൊണ്ടിരിക്കയും ചെയ്യുന്നു.

എല്ലാവരും അറിയാവുന്നതും, എന്നാൽ ആരും പ്രായോഗിക പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതുമായ ഇത്തരം നീറുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിലാണ് പ്രതീക്ഷിതമായ ചാക്രികലേഖനം വെളിച്ചം കണ്ടതു്.

അതിരുകടന്ന വ്യക്തിസ്വാതന്ത്ര്യം, രാഷ്ട്രത്തിൻെറ സ്വേച്ഛാപ്രമത്തമായ കുത്തകാവകാശം, നീതിക്കോ സ്നേഹത്തിനോ സ്ഥാനമില്ലാത്ത മുതലാളിത്തം, ഭൗതികവാദാധിഷ്ഠിതമായ മാർക്സിസ്ററ് വ്യവസ്ഥിതി എന്നിത്യാദി സാമൂഹ്യ ശാസ്ത്രങ്ങളിലെ വിപല്ക്കരങ്ങളായ പ്രമാദങ്ങളേയും പ്രവണതകളേയും ലെയോൻ പാപ്പ ശക്തിയേറിയ ഭാഷയിൽ അധികാരപൂർവ്വം അപലപിക്കയുണ്ടായി. "ലോകത്തിൻെറ സമ്പൽ സമൃദ്ധി മാനവസമുദായത്തിനാകമാനം സേവനമരുളുവാനുള്ളതാണ്; അല്ലാതെ ചുരുക്കം ചിലരുടെ കൊള്ളലാഭത്തെ താലോലിക്കുവാൻവേണ്ടി മാത്രമാകരുതു്. സദാചാരനിയമങ്ങളെ മറക്കുവാനോ മാററിനിറുത്തുവാനോ അതിന്നധികാരവുമില്ല". അടിസ്ഥാനപരമായ പ്രസ്തുത പ്രമാണത്തെ പാപ്പാ ലോകസമക്ഷം ഉറക്കെയും ഉറച്ചസ്വരത്തിലും ഉൽഘോഷിച്ചു. ഈശ്വരൻെറമുമ്പാകെ സകല മനുഷ്യർക്കുമിടയിലുള്ള സാഹോദര്യത്തേയും, സമത്വത്തേയും, സ്വാതന്ത്ര്യത്തേയും സമാ

ദരിക്കുന്ന സഭയുടെ പരമ്പരാഗതമായ നിലപാടിനെക്കുറിച്ചും അവിടുന്ന് ഊന്നിപ്പറഞ്ഞു.

വത്തിക്കാനുമായി നയതന്ത്രബന്ധമുള്ള രാജ്യങ്ങളിലെ പ്രതിനിധികൾ നവവത്സരമംഗളങ്ങൾ ആശംസിച്ചതിനു മറുപടിപറഞ്ഞ വേളയിലാണ് മാർപ്പാപ്പാ മേൽപ്പറഞ്ഞ വിശ്വലേഖനകാര്യം പുറത്തുവിട്ടത്. തന്റെ മുൻഗാമികളായ 11-ാം പീയൂസും, 12-ാം പീയൂസും, "പുതിയ കാര്യങ്ങളുടെ" 40-ാമത്തെയും, 50-ാമത്തേയും വാർഷികങ്ങൾ യഥാക്രമം ആചരിക്കുവാനായി ഓരോ ചാക്രികലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായല്ലോ; 70-ാമത്തെ ആണ്ടറുതിയിലും അതുപോലുള്ള ഒരു വിളംബരം ഉചിതമായിരിക്കുമെന്നാണ് തനിക്കു തോന്നുന്നതെന്ന് പാപ്പാ പ്രസ്താവിച്ചു.

"സാമൂഹ്യക്രമത്തിലെ ഏതെങ്കിലുമൊരു പ്രത്യേക വിഭാഗത്തിന്റെ കാര്യത്തിൽ മാത്രമല്ല, പ്രത്യുത സകല ഘടകങ്ങളുടേയും സമഗ്രമായ സുസ്ഥിതിയിലും തിരുസഭയ്ക്ക് നിരന്തരവും അഗാധവുമായ താല്പര്യമാണുള്ളത്; അതാകട്ടെ നാം ജീവിച്ചുവരുന്നകാലത്തെ ആവശ്യങ്ങൾക്കും അവസരങ്ങൾക്കും അനുസൃതവുമാണ്." ഈ വസ്തുതയെ ആവർത്തിച്ചുറപ്പിക്കയും പ്രഘോഷിക്കയുംചെയ്യുന്ന ഘനപ്പെട്ട ഒരു പ്രമാണരേഖയായിരിക്കും താൻ ഉദ്ദേശിക്കുന്ന വാർഷിക സ്മാരകവിളംബരമെന്നും അദ്ദേഹം നേരത്തേ സൂചിപ്പിച്ചിരുന്നു.

വിദൂര വീക്ഷണ വിചക്ഷണനും കുശാഗ്ര ബുദ്ധിയുമായിരുന്ന 13-ാം ലെയോൻ എഴുപതുവർഷം മുമ്പ് ഉന്നയിച്ച പ്രമുഖ പ്രമേയങ്ങൾ ഇന്നും പുതുമയൊന്നും നശിക്കാതെ, ആധുനിക ലോകത്തെ ചക്രശ്വാസംവലിപ്പിച്ചുകൊണ്ടിരിക്കുന്ന ദുർഘടപ്രശ്നങ്ങളുടെ മുമ്പിൽ ചോദ്യചിഹ്നം ഉയർത്തിക്കൊണ്ടുയർന്നുനിൽക്കുകയാണ്. അദ്ധ്വാനിക്കുന്നവരുടെ അവശതകൾക്കും ദുരിതങ്ങൾക്കും കമ്മ്യൂണിസം മറുമരുന്നാകുകയില്ലെന്നു ഗൗരവപൂർവ്വം അവിടുന്നു താക്കീതു നൽകി. എല്ലാ മനുഷ്യർക്കും ജീവനക്കൂലിക്കും, മിതമായ സുഖസൗകര്യങ്ങളോടുകൂടി ജീവിതം നയിക്കുവാനുള്ള സാഹചര്യങ്ങൾക്കും, സ്വകാര്യസ്വത്തുടമയ്ക്കും മൗലികമായ അവകാശമുണ്ടെന്ന് അവിടുന്നു വ്യക്തമാക്കി. തൊഴിലാളികൾക്കും തൊഴിലുടമകൾക്കും സ്വയം സംഘടിക്കുവാനും കൂടിയാലോചനകൾവഴിയായി അവകാശത്തർക്കങ്ങൾ ഒത്തുതീർക്കുവാനുമുള്ള അവകാശങ്ങളെ അവിടുന്ന് ശക്തിയുക്തം പിന്താങ്ങി. നിരാക്ഷേപമായ നീതിപരിപാലനം ഏതു രാഷ്ട്രത്തിന്റേയും അനുപേക്ഷണീയമായ അടിയന്തിരകർത്തവ്യമാണെന്നും അസന്ദിഗ്ദ്ധമായി അവിടുന്ന് ഉൽബോധിപ്പിച്ചു. മുതലാളി തൊഴിലാളി ബന്ധങ്ങൾ, സമ്പൽ വ്യവസ്ഥിതി ഇത്യാദി പ്രശ്നങ്ങളുടെ ധാർമ്മികവശങ്ങളെ പരാമർശിച്ച് ആധികാരികമായി പ്രതിപാദിക്കുവാനും പ്രസ്താവിക്കുവാനും തിരുസഭയ്ക്കുള്ള ഔദ്യോഗികമായ ചുമതലയെക്കുറിച്ചും അവിടുന്ന് ഊന്നിപ്പറയുകയുണ്ടായി.

## ശ്രീ യേശു കീർത്തനം

**Rev. Fr. Younan O. I. C.**

(മഞ്ജരി)

അഞ്ജനശ്രീയേശു ചാരുമൂർത്തേ നാഥാ
അഞ്ജലികൂപ്പി വണങ്ങിടുന്നേൻ
ഈശോ നമോ നമോ ദേവാ നമോ നമോ
ക്ലേശഹരാ! നമോ വന്ദിക്കുന്നേൻ
ആനന്ദാലങ്കാര ശ്രീ യേശുനാഥനെ
ആതങ്കമാകെയകററിടണേ
ഇന്നീ ജഗത്തിന്റെ നാഥനാമീശോയെ
ഇന്നെന്റെ മുമ്പിൽ വിളങ്ങീടണെ
ഈരാറ ശിഷ്യർക്കു നായകനീശോയെ
ഈരഞ്ചുകൂപ്പി വണങ്ങിടുന്നേൻ
ഉണ്ണിക്കുമാരകാ മന്നരിൽ മന്നനെ
ഉള്ളത്തിൽ വന്നു വിളങ്ങിടണെ
ഊഴിയിൽ വന്നു പിറന്നൊരു നാഥനെ
ഊനമില്ലാതെന്നെ പാലിക്കണെ
എന്നുള്ളിലുള്ളോരു താപമെല്ലാം നാഥാ—
ഒന്നാകെ നീക്കി ശമിപ്പിക്കണെ
ഏറിയ നന്മകൾ തന്നോരു നാഥനെ
ഏറിയ മോദേന കൈതൊഴുന്നേൻ
ഐഹികമായ സുഖത്തിലഹോ നാഥാ
മോഹമെനിക്കു വരുത്തീടല്ലെ
ഒട്ടല്ല കൗതുകമന്തരംഗെ നാഥാ
ഓമൽ തിരുമേനി ഭംഗികാണ്മാൻ
ഔദാര്യ കോമളനായ കളേബരൻ
ഔപമ്യമില്ലാ ഗുണങ്ങൾക്കെന്നും.

# ദൈവം നമ്മുടെ പിതാവ്

(റവ. ഫാ. ലൂക്കാസ്, ഒ. സി. ഡി.)

ക്രൈസ്തവവിശ്വാസത്തിനു പുറമേനിന്നു നോക്കിയാൽ അജ്ഞതയും ആത്മീയാന്ധകാരവും നിറഞ്ഞ ഒരു അന്തരീക്ഷമാണ് ദൃശ്യമാകുക. അതിലെ ദുഷിച്ച വായു ശ്വസിച്ച് ആധുനികമനുഷ്യന്റെ ആസ്തിക്യബോധം കൂടി ക്ഷയിച്ചുവരുന്നു. മനുഷ്യൻ ദൈവത്തിൽനിന്നും അടിക്കടി അകന്നകന്ന് പോകുകയാണ്: ദൈവത്തിൽനിന്നും ഓടി ഒളിക്കാമെന്നാണവന്റെ ഭാവം. ദൈവം ആരാണെന്നോ, ദൈവസ്നേഹം എന്താണെന്നോ അറിയാത്തതുകൊണ്ട്, ആ കരുണാത്മകസ്നേഹത്തിൽ വിശ്വസിക്കാൻ അവനു കഴിയുന്നില്ല. വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞ കുറെ അന്ധവിശ്വാസമാണു ദൈവത്തെക്കുറിച്ച് അവനുള്ളത്. അത് അവനെ കൂടുതൽ അന്ധനാക്കുകയാണ്. നിരാശയിൽ പെട്ടു വലഞ്ഞ് മരിക്കാൻ അവൻ ആഗ്രഹിക്കുന്നു.

ക്രൈസ്തവലോകം വേറൊരന്തരീക്ഷത്തിലാണ് ജീവിക്കുന്നത്. ക്രിസ്തുനാഥന്റെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ക്രൈസ്തവൻ സത്യം ഗ്രഹിക്കുന്നു. ദൈവം സ്നേഹമാണ്. അനന്തവും കരുണാത്മകവുമാണ് ആ സ്നേഹം. കരുണാത്മകസ്നേഹമായ ദൈവം നമ്മുടെ പിതാവുമാണ് എന്നവനറിയുന്നു. അതിൽ ഗാഢമായി വിശ്വസിക്കുന്നു. ഈ വിശ്വാസം ക്രൈസ്തവനെ സ്വർഗ്ഗത്തോളമുയർത്തുകയാണ്. അവിടെ സ്വർഗ്ഗീയമായ സമാധാനവും, സംതൃപ്തിയും, ആനന്ദാനുഭൂതിയും അവൻ അനുഭവപ്പെടുന്നു. നന്മയും, തിന്മയും, സത്യവും, അസത്യവുമെല്ലാം കൂടിക്കുഴഞ്ഞു കിടക്കുന്ന ലോകത്തിലാണ് അവനും ജീവിക്കുന്നത്. എങ്കിലും നന്മകൊണ്ട് തിന്മയെ ജയിക്കുന്നതിനും, സത്യത്തെ അരിച്ചു തിരിച്ചെടുക്കുന്നതിനും ക്രൈസ്തവധർമ്മപ്രബോധനങ്ങൾ അവനു ശക്തി നൽകുന്നു. അവൻ ജീവിക്കാനാഗ്രഹിക്കുന്നു, നിത്യമായി ജീവിക്കാൻ. കരുണാത്മകസ്നേഹമായ ദൈവം നമ്മുടെ പിതാവാണ് എന്ന വിശ്വാസം നമ്മുടെ പ്രായോഗികജീവിതത്തിൽ കൊണ്ടുവരണം. അപ്പോൾ നമ്മുടെ ജീവിതം യഥാർത്ഥത്തിൽ ക്രൈസ്തവമാകും. നാം ജീവിതവിജയം നേടും.

## ഇന്നത്തെ വിശ്വാസവൈവിധ്യങ്ങൾ

ഇന്ന് ദൈവാസ്തിക്യത്തിൽ വിശ്വസിക്കുന്നവരും അതിനെ നിഷേധിക്കുന്നവരും, അത് സംശയാസ്പദമാണെന്നു പറയുന്നവരുമുണ്ട്. ആസ്തികരിൽത്തന്നെ അവരുടെ ദൈവവിശ്വാസത്തിന്റെ സ്വഭാവമനുസരിച്ചു നോക്കിയാൽ ഒരായിരം വൈവിധ്യങ്ങൾ കാണാം. പലരും ഏകദൈവത്തിൽ വിശ്വസിക്കുന്നവരാണ്. ചിലർ പറയുന്നു, പല ദൈവങ്ങളുണ്ടെന്ന്. മററു ചിലരുടെ അഭിപ്രായം പല ദൈവങ്ങളുണ്ടെങ്കിലുംഅവരിൽ ഒരാൾ പ്രമുഖനാണെന്നാണ്. ദൈവം അരൂപിയും അശരീരിയുമാണ് എന്നു വിശ്വസിക്കുന്ന ഭൂരിപക്ഷം ഒരു വശത്ത്; ദൈവത്തിനുമുണ്ട് ജഡവും ജഡികവികാരങ്ങളും എന്ന് അഭിപ്രായപ്പെടുന്ന ന്യൂനപക്ഷം മറുവശത്ത്. അവരുടെ ദൈവം വിവാഹിതനാണുപോലും! കല്ലും മരവുംകൊണ്ടു നിർമ്മിച്ച പ്രതിമകളെ ദൈവമായി ആരാധിക്കുന്നവരില്ലേ? അഗ്നിക്കും സൂര്യനും, കാററിനും, മഴയ്ക്കും, പർവ്വതങ്ങൾക്കും, നദികൾക്കും സമുദ്രത്തിനുമെല്ലാം ദൈവത്വം കല്പിക്കുന്നവരുമുണ്ട്.

പശു, കുരങ്ങ് മുതലായ മൃഗങ്ങളെയും, മൂർഖൻ പാമ്പിനെപ്പോലും ദൈവവേഷം ധരിപ്പിച്ച് ആരാധനാവിഷയമാക്കുവാൻ ചിലർ മടിക്കുന്നില്ല. മുറിയിൽ പ്രവേശിച്ചു ഫണമുയർത്തി നിൽക്കുന്ന മൂർഖനെ സർപ്പദേവനാണെന്നു പറഞ്ഞ് വന്ദിക്കുന്ന വയോവൃദ്ധന്റെ അന്ധവിശ്വാസത്തെക്കുറിച്ചെന്താണ് പറയുക!

## പഴയ നിയമത്തിലെ ഭയം

ദൈവികജ്ഞാനത്തിൽ ഇത്രമാത്രം അധഃപതിച്ചുപോയ മനുഷ്യന് ദൈവത്തെക്കുറിച്ച് ശരിയായ ജ്ഞാനം ലഭിച്ചത് ക്രിസ്തുനാഥന്റെ വരവിനുശേഷമാണ്. സത്യദൈവത്തിൽ വിശ്വസിച്ചിരുന്ന യഹൂദന്മാർപോലും ഭയംകൊണ്ട് ദൈവത്തിന്റെ പരിശുദ്ധനാമം ഉച്ചരിക്കുവാൻ ധൈര്യപ്പെട്ടിരുന്നില്ല. യജമാ



നവ വൈദികരായ ബ. ജോസഫ് മേരി,
ഒ. സി. ഡി.; ബ. പാട്രിക്ക്, ഒ. സി. ഡി.
എന്നിവരോടുകൂടി ഞങ്ങളുടെ പെ. ബ.
പ്രൊവിൻഷ്യാളച്ചൻ, റോമായിൽ.



ബൽജിയത്തിൽ പഠിക്കുന്ന ഞങ്ങളുടെ
യുവ സന്യാസ വിദ്യാൎത്ഥികളുടെ മദ്ധ്യ
ത്തിൽ പെ. ബ. പ്രൊവിൻഷ്യാളച്ചൻ.



1961 ഏപ്രിൽ 19-ാംനു മുതൽ 28-ാംനു വരെ റോമായിൽ സമ്മേളിച്ച
കർമ്മലീത്താ ഒന്നാംസഭയുടെ പൊതു തെരഞ്ഞെടുപ്പ് സമ്മേളനങ്ങൾ.

നൻ, ശക്തൻ, സൈന്യങ്ങളുടെ രാജാവ്, നിയമദാതാവ് മുതലായ പദങ്ങളാണ് ദൈവനാമത്തിനു പകരം അവർ പ്രയോഗിച്ചുവന്നത്. ദൈവികകാര്യങ്ങളിൽ ഏർപ്പെടുമ്പോൾ എന്തെന്നില്ലാത്ത ഒരു പരിഭ്രമവും പരവേശവുമായിരുന്നു, ചുരുക്കം ചില പ്രവാചകന്മാരൊഴിച്ച്, യഹൂദന്മാർക്കു പൊതുവേ അനുഭവപ്പെട്ടിരുന്നത്. ഭയം—കേവലം ദാസ്യഭയം—എവിടെയും സ്ഥലംപിടിച്ചിരുന്നു.

## സുവിശേഷത്തിലെ ദൈവം

ക്രിസ്തുനാഥൻെറ പ്രബോധനങ്ങളിലൂടെ വീക്ഷിക്കുമ്പോൾ ദൈവത്തിൽ സർവ്വോപരി കാരുണ്യവും സ്നേഹവും നിറഞ്ഞ ഒരു വത്സലപിതാവിനെയാണ് നാം ദർശിക്കുക. *ദൈവം നമ്മുടെ പിതാവ്.* സുവിശേഷം മുഴുവനും ഈ മൂന്നു കൊച്ചുവാക്കുകളിൽ സംഗ്രഹിക്കാം. ദൈവം നമ്മുടെ പിതാവും നാം അവിടുത്തെ മക്കളും. പിതാവായ ദൈവത്തെ സ്നേഹിക്കുക മക്കളായ മനുഷ്യരുടെ കടമയാണ്. അതുപോലെ സഹോദരങ്ങളായ മനുഷ്യരും പരസ്പരം സ്നേഹിക്കുവാൻ ബാദ്ധ്യസ്ഥരാണല്ലൊ. ദൈവത്തിൻെറ പിതൃത്വം, മനുഷ്യൻെറ ഭ്രാതൃത്വം, ദൈവസ്നേഹം, സഹോദരസ്നേഹം—സുവിശേഷസാരം ഇത്രമാത്രം.

## ഇങ്ങനെ പ്രാർത്ഥിക്കണം

ദൈവത്തെ പിതാവേ, എന്നു വിളിച്ചു പ്രാർത്ഥിക്കുവാൻ ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ചു. പഴയനിയമത്തിലും ദൈവം പിതാവാണെന്നു വെളിപ്പെടുത്തപ്പെട്ടിരുന്നു. എങ്കിലും യഹൂദപ്രമാണികളുടെ പ്രബോധനങ്ങളിൽ ഈ യാഥാർത്ഥ്യം വിസ്മൃതമാകുകയാണുണ്ടായത്. അതുകൊണ്ടാണ് ക്രിസ്തുനാഥൻ ദൈവത്തെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചപ്പോൾ അതൊരു നൂതനസന്ദേശമായി സാധാരണക്കാർക്ക് അനുഭവപ്പെട്ടത്. ദൈവം കരുണാത്മകസ്നേഹനിധിയായ നമ്മുടെ പിതാവാണ്. "അതുകൊണ്ടു് നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുവിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ തിരുനാമം വിശുദ്ധീകരിക്കപ്പെടണം. അങ്ങയുടെ രാജ്യം വരണം, അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണം...."(മത്താ. VI, 9–10)

അനുദിനജീവിതം നിരത്തിവയ്ക്കുന്ന അനേകം വിഷമപ്രശ്നങ്ങൾ നമ്മെ അലട്ടുമ്പോൾ, ദാരിദ്ര്യവും അനാരോഗ്യവും അസമാധാനവും ആലംബഹീനതയുമെല്ലാം നമ്മെ വലയം ചെയ്യുമ്പോൾ, അന്ധകാരം നമ്മുടെ വഴിത്താരയെ മറച്ചുകളയുമ്പോൾ, സ്വർഗ്ഗത്തേക്കു നമ്മുടെ കണ്ണുകൾ ഉയർത്തി കരുണാത്മകസ്നേഹമായ ദൈവത്തെ 'പിതാവേ' എന്നു വിളിക്കുക, പിതാവേ, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ, പിതാവേ, ഞങ്ങളുടെ അനുദിനഭോജനം ഇന്നു ഞങ്ങൾക്കു തരേണമെ എന്നും പ്രാർത്ഥിക്കുക എത്രയോ ആശ്വാസകരം! പ്രത്യാശാജനകം!

ദുഃഖാരിഷ്ടതകൾ ഉണ്ടാകുമ്പോഴും, ആരോഗ്യം, വിജയം, അഭിനന്ദനങ്ങൾ, അനുമോദനങ്ങൾ ഇവയെല്ലാം നമ്മെ ആമോദചിത്തരാക്കുമ്പോഴും സർവ്വാനുഗ്രഹങ്ങളുടേയും നാഥനും ദാതാവുമായ നമ്മുടെ സ്വർഗ്ഗീയ പിതാവിനെ വാഴ്ത്തി സ്തുതിച്ച് കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അവിടുത്തേക്കു നന്ദി പറയുക, പിതാവേ അങ്ങയുടെ തിരുനാമം വിശുദ്ധീകരിക്കപ്പെടട്ടെ എന്നു പ്രാർത്ഥിക്കുക, തികച്ചും ക്രൈസ്തവോചിതമാണ്. ലൗകിക സന്തോഷങ്ങളിലും സൗഭാഗ്യത്തിലും നാം മതിമറന്നു പോകാതിരിക്കുവാനും സ്വർഗ്ഗസ്ഥനായ പിതാവിനെ ആശ്രയിച്ച് സഹായം അഭ്യർത്ഥിക്കുക, പിതാവേ, പരീക്ഷയിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ, വിശിഷ്യ, തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ എന്നു നിരന്തരം അപേക്ഷിക്കുക അധഃപതിച്ച നമ്മുടെ പ്രകൃതിയ്ക്കു് ഏറാവും അവശ്യകമാണ്.

## മനോവിശ്വാസം വേണം

ദിവ്യനാഥൻെറ അനുശാസനമനുസരിച്ച് സ്വർഗ്ഗസ്ഥനായ പിതാവിനെ വിളിച്ചു നാം പ്രാർത്ഥിക്കുന്നുണ്ട്, അനുദിനം പല പ്രാവശ്യം പക്ഷേ പ്രാർത്ഥന ഫലപ്രദമാകണമെങ്കിൽ, ഈ പ്രാർത്ഥന അർഹിക്കുന്ന പുത്രസഹജമായ സ്നേഹവും മനോവിശ്വാസവും കൂടി നമുക്കുണ്ടായിരിക്കണം. പിതാവായ ദൈവത്തിൽ നമുക്കുണ്ടായിരിക്കേണ്ട മനോവിശ്വാസത്തെക്കുറിച്ച് ഈശോ പലപ്പോഴും ഉപദേശിച്ചിരുന്നു. ഗിരിപ്രഭാഷണമാണതിൽ പ്രധാനം.

നമ്മുടെ അനുദിനാവശ്യങ്ങളിൽ നാം ഉൽക്കണ്ഠാകുലരാകരുത്. "നിങ്ങളുടെ ജീവനെ രക്ഷിക്കുവാൻ എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ, ദേഹം മറ

യ്ക്കാൻ എന്തു് ഉടുക്കുമെന്നോ നിങ്ങൾ ഉൽക്കണ്ഠാകുല രാകരുതു്."....

"ആകാശത്തിലെ പക്ഷികളെ നോക്കുക. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. നിങ്ങളുടെ സ്വർഗ്ഗീയ പിതാവു് അവയെ തീററിപ്പോററുന്നു. അവയേക്കാൾ അമൂല്യമല്ലയോ നിങ്ങൾ ! ചിന്താകുലതകൊണ്ടു് ആർക്കാണു് അവൻെറ ഉയരം ഒരടി കൂട്ടുവാൻ കഴിയുക?"

"പിന്നെ വസ്ത്രധാരണത്തിനുവേണ്ടി ഇത്രയേറെ ക്ലേശിക്കുന്നതെന്തിനു്. വയലിലെ ലില്ലി പൂക്കൾ എങ്ങിനെ വളരുന്നു എന്നു നോക്കുക. അവ അധ്വാനിക്കുകയോ നൂൽ നൂൽക്കുകയോ ചെയ്യുന്നില്ല. പക്ഷെ, സോളമൻ പോലും അദ്ദേഹത്തിൻെറ പ്രതാപസമൃദ്ധിയിൽ ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. ഇന്നു് ഉണ്ടായിരിക്കയും, നാളെ അഗ്നിക്കിരയാകുകയും ചെയ്യുന്ന വയലിലെ പുല്ലിനെ, ദൈവം ഇപ്രകാരം അണിയിക്കുമെങ്കിൽ, ഓ! അല്പവിശ്വാസികളെ! നിങ്ങളെ എത്രയധികം! അതുകൊണ്ടു് നിങ്ങൾ എന്തു ഭക്ഷിക്കുമെന്നോ, എന്തു പാനംചെയ്യുമെന്നോ, എന്തു ധരിക്കുമെന്നോ ചിന്തിച്ചു് ആകുലപ്പെടരുതു്........ നിങ്ങൾക്കു് ഇവയെല്ലാം ആവശ്യമാണെന്നു് നിങ്ങളുടെ പിതാവറിയുന്നു." (മത്താ. VI 25–32).

നിസ്സാരവിലയുള്ള കുരുവിപ്പക്ഷികൾപോലും സ്വർഗ്ഗസ്ഥനായ പിതാവിൻെറ അഭിമതം കൂടാതെ നിലത്തുവീഴുകയില്ല. അവിടുന്നു നമ്മുടെ തലമുടിനാരുപോലും എണ്ണിയിട്ടുണ്ടു്, എന്നെല്ലാം ഈശോ നമ്മോടു പറയുന്നു.

ആധ്യാത്മിക നന്മകളുടെ കാര്യത്തിലും ഇതു വാസ്തവമാണു്. മകൻ അപ്പം ചോദിച്ചാൽ കല്ലുകൊടുക്കുന്ന പിതാക്കന്മാരുണ്ടോ? മത്സ്യം ചോദിച്ചാൽ സർപ്പത്തെ പിടിച്ചുകൊടുക്കുമോ? മുട്ടചോദിച്ചാൽ പകരം തേളിനെ കൊടുക്കുമോ? "മക്കൾക്കു നല്ലതുമാത്രം കൊടുക്കണമെന്നു് ദുഷ്ടരായ നിങ്ങൾക്കറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു് തന്നോടു പ്രാർത്ഥിക്കുന്നവർക്കു് വിശുദ്ധ ദാനങ്ങൾ നൽകുവാൻ എത്ര ഉൽസുകനായിരിക്കും".

(ലൂക്കാ. XI, 12, 13)

ഈ സുവിശേഷപ്രബോധനങ്ങളുടെ വെളിച്ചത്തിൽ, എത്ര വലിയ മനോവിശ്വാസത്തോടുകൂടിയാണു് നാം നമ്മുടെ സ്വർഗ്ഗീയപിതാവിൽ ആശ്രയിക്കേണ്ടതു് എന്നു വ്യക്തമാണല്ലൊ. അവിടുത്തെ കരുണാത്മക സ്നേഹത്തിലുള്ള മനോവിശ്വാസമാണു് നമ്മുടെ ജീവിതവിജയം.

## നിരാശ വേണ്ട

ദൈവത്തിൻെറ കരുണാത്മകസ്നേഹത്തിൽ വിശ്വസിക്കുന്നതിനും ആശ്രയിക്കുന്നതിനും, നമ്മുടെ ബലഹീനതയും, കുററങ്ങളും കുറവുകളും പാപങ്ങളും ഒരു തടസ്സമല്ല. ധൂർത്തപുത്രൻെറ കഥയിതിനു മതിയായ തെളിവാണു്. നമ്മുടെ സ്വർഗ്ഗീയ പിതാവിൻെറ അതീവസ്നേഹവും കാരുണ്യവുമാണല്ലൊ ഈശോ അവിടെ വെളിപ്പെടുത്തുന്നതു്. നമുക്കു കുററങ്ങളും കുറവുകളും പാപങ്ങളുമുള്ളപ്പോൾ നാം ദൈവത്തിൽ കൂടുതൽ ആശ്രയിക്കുകയാണു വേണ്ടതു്. കാരണം, "ദൈവമാണു് നമ്മുടെ രക്ഷ, നമ്മുടെ ജീവൻ, നമ്മുടെ വിശുദ്ധിയും അതിൻെറ പൂർണ്ണതയും. വി. കൊച്ചുത്രേസ്യായുടെ ചിന്താഗതിയിങ്ങനെയായിരുന്നു. വലിയ പാപങ്ങളൊന്നും ചെയ്യാതെ ജീവിച്ചതുകൊണ്ടല്ല വിശുദ്ധ ദൈവത്തിൽ ആശ്രയിച്ചതു്. ലോകത്തിൽ ഒരു മനുഷ്യനു ചെയ്യാവുന്ന പാപങ്ങളെല്ലാം ചെയ്യാനിടവന്നാലും നിരാശപ്പെടാതെ ദൈവത്തിൻെറ കരുണാത്മകസ്നേഹത്തിൽ ആശ്രയിക്കും എന്നാണു് വിശുദ്ധ പറയുന്നതു്. നമ്മുടെയും മനോഭാവം ഇതായിരിക്കണം. നമ്മുടെ ശരണം ദൈവത്തിൻെറ അനന്തമായ കാരുണ്യത്തിലായിരിക്കണം നമ്മുടെ പുണ്യയോഗ്യതകളിലായിരിക്കരുതു്. ശരണമെന്ന പുണ്യം സ്വന്തയോഗ്യതകളിൽ ആശ്രയിക്കുന്നില്ല; പ്രത്യുത ദൈവത്തിൻെറ അനന്തകാരുണ്യത്തിൽ മാത്രം ആശ്രയിക്കുന്നു എന്നാണു് വിശുദ്ധ തോമ്മസ് അക്വീനാസ് പറയുന്നതു്.

---

"ഒരു വിശുദ്ധനെ പരീക്ഷിക്കുന്നതിനുള്ള സമയം അയാൾ കോപിക്കുമ്പോഴാണു്."

* * *

"നിശബ്ദനായ ഒരുവൻെറ നിയന്ത്രിതകോപം ചാമ്പലിനടിയിൽ കിടക്കുന്ന തീക്കനൽപോലെ സാവധാനത്തിൽ മാത്രമേ ശമിക്കുകയുള്ളൂ."

* * *

"ചെറുപ്പത്തിലേ സുകൃതമാർഗ്ഗത്തിലേയ്ക്കു നയിക്കപ്പെടുന്നില്ലെങ്കിൽ യുവജനങ്ങളിൽ ഇക്കാലത്തു് സന്മാർഗ്ഗബോധമുണ്ടാകയില്ല."

# തെളിഞ്ഞ കണ്ണാടി

സിസ്റ്റർ മേരി ജോൺ, എസ്. ഏ. ബി. എസ്.

"സൽ പഥത്തിൽനിന്നു വ്യതിചലിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കേ അവൻ വ്യതിചലിച്ചില്ല. തിന്മ ചെയ്യുവാൻ കഴിവുണ്ടായിരിക്കേ അങ്ങനെ ചെയ്തില്ല. ആകയാൽ ദൈവനന്മകൾ അവനിൽ സംപൂർണ്ണമാക്കപ്പെട്ടും. അവന്റെ നീതി എല്ലാ സഭകളിലും പ്രകീർത്തിക്കപ്പെടുകയും ചെയ്യും." (ബർസീ 31--10). "ആകാശത്തേയും ഭൂമിയേയും സാക്ഷിയാക്കിനിറുത്തിക്കൊണ്ടു നിന്റെ മുമ്പാകെ ഞാൻ ആയുസ്സും മരണവും അനുഗ്രഹവും ശാപവും വെച്ചിരിക്കുന്നു. നീയും നിന്റെ സന്തതിയും ജീവിക്കുന്നതിനായി ആയുസ്സിനെ തിരഞ്ഞെടുക്കുക." (നിയമം 30—19).

മനുഷ്യന്റെ പ്രവൃത്തികളെ പരിശോധിച്ചാൽ ദൈവം അവനിൽ വിവിധ ശക്തികൾ നിക്ഷേപിച്ചിട്ടുണ്ടെന്നു കാണുവാൻ സാധിക്കും. പ്രസ്തുത ശക്തിവിശേഷങ്ങളാണു ബുദ്ധി (intellect), മനസ്സ് (will), അന്തരിന്ദ്രിയങ്ങൾ (internal senses), ബാഹ്യേന്ദ്രിയങ്ങൾ (external senses), വികാരവാസനകൾ (Sensitive appetite), ചലനശക്തി (locomotive faculty), സസ്യശക്തികൾ (Vegetative faculties) എന്നിവ. ഈ ശക്തികളിൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം പ്രവർത്തനങ്ങളുണ്ടു്. ഓരോന്നിനും പററിയതായ വിഷയവുമുണ്ടു്. ഈ ശക്തികളുടെ മേൽ ഭരണം നടത്തുന്നതു് മനസ്സത്രേ. മനസ്സാകട്ടെ അന്ധമായ ഒരു ശക്തിവിശേഷമാകയാൽ ബുദ്ധി അതിനു മാർഗ്ഗനിർദ്ദേശം നൽകുന്നു. ബുദ്ധിക്കു വിധേയമായ സംഗതികൾ മനസ്സിനു വിഷയീഭവിപ്പിച്ചുകൊണ്ടാണു ആ മഹത്തായ സേവനം നിർവഹിക്കുന്നതു്. അവയെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നതിനു മനുഷ്യമനസ്സിനു ശക്തിയുണ്ടു്. ഒരു കാര്യം പ്രവർത്തിക്കയോ പ്രവർത്തിക്കാതിരിക്കയോ ഒന്നിനെ വിട്ടു മറെറാന്നു് പ്രവർത്തിക്കയോ ചെയ്യുവാൻ നമുക്കുള്ള കഴിവിനെ മനഃസ്വാതന്ത്ര്യം എന്നു വിളിക്കാം. ചുമതലബോധവും സമ്മാനത്തിനോ ശിക്ഷയ്ക്കോ ഉള്ള അർഹതബോധവും മനുഷ്യനിൽ സാധാരണ കാണപ്പെടുന്നുണ്ടല്ലോ. കർത്തവ്യം നിർവഹിക്കാതിരിക്കയോ ഒരു തെററു ചെയ്യുകയോ ചെയ്തശേഷം "അതു ചെയ്യേണ്ടിയിരുന്നില്ല. അങ്ങനെ ചെയ്യാമായിരുന്നു. മററ തരത്തിൽ ചെയ്തിരുന്നെങ്കിൽ ഗുണമായിരുന്നേനെ." എന്നും മററും നാം വിലപിച്ചു പറയാറുണ്ടു്. മററുള്ളവർ അനുശോചനം രേഖപ്പെടുത്താറുമുണ്ടു്. വാസ്തവത്തിൽ ദുരിച്ഛകളെ നാം അമർത്തിയില്ലെങ്കിൽ അവ നമ്മെ അടിമപ്പെടുത്തും. അതായതു് ദുരിച്ഛകൾ ബോധത്തെ അന്ധമാക്കി മനസ്സിനെ അനഭിലഷണീയങ്ങളായവയിലേയ്ക്കു പ്രേരിപ്പിച്ചുകൊണ്ടിരിക്കും. അതുകൊണ്ടു് മഹനീയങ്ങളായ ആശയങ്ങളാലും ഉത്തമങ്ങളായ ആശങ്ങളാലും ബോധത്തെ നിറയ്ക്കുകയും, ദുരാശകളെ അമർത്തി ഭരിക്കയും ചെയ്യേണ്ടിയിരിക്കുന്നു. അതിനു മനുഷ്യൻ തന്റെ സ്വാതന്ത്ര്യത്തെ സൽപഥത്തിൽക്കൂടി നയിക്കേണ്ടതാണു്.

സ്വാതന്ത്ര്യം എന്നു പറയുന്നതു മനുഷ്യമനസ്സിനു് ഏററവും അഭികാമ്യമായ ഒന്നത്രേ. പാപം ചെയ്യുന്നതിനുള്ള അനുവാദച്ചീട്ടല്ല സ്വാതന്ത്ര്യം. അന്യരുടെ മനസ്സിനെയോ ശരീരത്തെയോ വേദനിപ്പിക്കുന്നതിനുള്ള ആയുധമല്ല സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ചാൽ അതിന്റെ പ്രതിഛായ നമ്മുടെ മനസ്സാക്ഷിയാകുന്ന തെളിഞ്ഞ കണ്ണാടിയിൽ പ്രതിബിംബിക്കുകതന്നെ ചെയ്യും. ഇങ്ങനെ ഒരു *തെളിഞ്ഞ കണ്ണാടി* ഓരോ മനുഷ്യനിലും ദൈവം ഇണക്കിച്ചേർത്തിട്ടുണ്ടു്.

ദൈവം ആദിമനുഷ്യനെ സ്വാഭാവികവും അതിസ്വാഭാവികവുമായ നന്മകൾകൊണ്ടു നിറച്ച സൗഭാഗ്യസംപൂർണ്ണമായ പറുദീസായിലാക്കി അവനു് ഒരു കല്പനയും കൊടുത്തു. വിലക്കപ്പെട്ട കനി ഭക്ഷിച്ച ആദവും ഹവ്വായും മനസ്സാക്ഷിയാകുന്ന കണ്ണാടിയിൽ തങ്ങളെത്തന്നെ ദർശിച്ചു. അനന്തരം അവരെന്താണു ചെയ്തതു്? ലജ്ജാഭാരത്താൽ വിവശരായി ഇലകൾകൊണ്ടു വസ്ത്രമുണ്ടാക്കി ധരിച്ചു. പതിവുപോലെ ദൈവം വിളിച്ചപ്പോൾ അവർ വൃക്ഷങ്ങളുടെയിടയിൽ കയറി ഒളിച്ചിരുന്നു. ഇങ്ങനെ ചെയ്യുവാൻ അവരെ പ്രേരിപ്പിച്ചതു് എന്തായിരിക്കാം. 'പാപം ചെയ്തു' എന്ന ബോധം അവരുടെ മനസ്സാക്ഷിയാകുന്ന തെളിഞ്ഞ കണ്ണാടിയിൽ കാണപ്പെട്ടതുതന്നെ.

സുഖലോലുപതയും ആഡംബരഭ്രമവും നിറഞ്ഞ ഇന്നത്തെ ലോകം പാപത്തെയോ, നരകത്തെയോ

ഭയപ്പെടുന്നില്ല. ഇത്തരക്കാർക്ക് പാപബോധമുണ്ടാക്കുവാൻ—തെററു ബോദ്ധ്യപ്പെടുത്തുവാൻ—തിന്മചെയ്യരുതെന്നു വിലക്കുവാൻ എന്താണ് ഒരു പോംവഴി? അവർ തങ്ങളുടെ മനസ്സാക്ഷിയാകുന്ന തെളിഞ്ഞ കണ്ണാടി സദാ ദർശിച്ചുകൊണ്ടിരിക്കയാണു വേണ്ടതു്. മനുഷ്യൻ യാതൊരു കാരണവശാലും ചെയ്യരുതാത്ത ചില പ്രവൃത്തികളുണ്ടു്. അവയാണ് കൊലപാതകം, വ്യഭിചാരം, മോഷണം, വഞ്ചന മുതലായവ. മേല്പറഞ്ഞ പ്രവൃത്തികൾ ചെയ്തശേഷം ആ ഭയങ്കര പാപങ്ങളുടെ കറുത്ത പാടുകൾ തങ്ങളുടെ മനസ്സാക്ഷിയാകുന്ന കണ്ണാടിയിൽ കാണപ്പെടുന്നില്ലെങ്കിൽ അവൻെറ കണ്ണിനു കാഴ്ചയില്ലെന്നുസാരം. അവൻെറ മനസ്സാക്ഷി കരിമ്പാറപോലെ കട്ടത്തുപോയി. അഥവാ റബ്ബർ പോലെ വലിച്ചാൽ നീളുന്ന വിധത്തിലായിപ്പോയി.

നല്ലവനായ ഹാബേൽ തൻെറ ആട്ടിൻകൂട്ടത്തിൽനിന്നു് ഏററവും നല്ലതിനെ ദൈവത്തിനു കാഴ്ച സമർപ്പിച്ചു. ദുഷ്ടനായ കായേൻ തൻെറ കാർഷിക ഫലങ്ങളിൽനിന്നു് ഉപയോഗശൂന്യമായതിനെ ദൈവത്തിനായി മാററിവെച്ചു. ദൈവം ഹാബേലിൻെറ ബലി സന്തോഷപൂർവം സ്വീകരിച്ചു. ഇതുകണ്ടു് അസൂയാകലുഷിതനായ കായേനു് വൈരാഗ്യം വർദ്ധിച്ചു് ഹാബേലിനെ കൊന്നുകളഞ്ഞു. ദൈവം പ്രത്യക്ഷപ്പെട്ടു് കായേനോടു് "നിൻെറ സഹോദരനെവിടെ" എന്നൊരു ചോദ്യം. "സഹോദരൻെറ കാവൽക്കാരൻ ഞാനാണോ" എന്നു മറുപടി. ആകട്ടെ, കായേൻെറ മനസ്സാക്ഷിയിൽ ഹാബേലിൻെറ മരണവിലാപസ്വരം മാറെറാലിക്കൊണ്ടിരുന്നില്ലേ? സഹോദരസ്നേഹത്തിൻെറ പ്രമാണം അവനെ വലയംചെയ്തിരുന്നില്ലേ? ഹാബേൽ മരിച്ചുകിടക്കുന്ന ചിത്രം അവൻ സദാ ദർശിച്ചിരുന്നില്ലേ?

ഹനനിയായ്ക്കും, ശപ്പീറായ്ക്കും ഉണ്ടായ ദൈവശിക്ഷയെപ്പററി ശ്ലീഹന്മാരുടെ നടപടി അഞ്ചാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ടല്ലോ. വസ്തു വിററു കിട്ടിയ പണത്തിൽ കുറേ ഭാഗം രണ്ടുപേരും അറിഞ്ഞു് മാററിവെച്ചു. ബാക്കി ശിമോനെ ഏല്പിച്ചു. മുഴുവനും ഉണ്ടോ എന്ന ചോദ്യത്തിനു നൽകിയ മറുപടി കള്ളമായിരുന്നു. ഉടനടി ഹനനിയാ അവിടെ വീണു മരിച്ചു. അയാളുടെ മൃതദേഹം ഉടനെ സംസ്കരിച്ചു. മൂന്നു മണിക്കൂർ കഴിഞ്ഞു് ശപ്പീറായും അവരുടെ മുമ്പിൽ വീണു മരിച്ചു. അവളേയും അവർ സംസ്കരിച്ചു. അവർക്ക് വസ്തു വിററു കിട്ടിയ ആ പണം മുഴുവനും പൊതു മുതലിൽ ചേരാനുള്ളതാണ്. എന്നാൽ അവർ കളവും വഞ്ചനയും കാണിച്ചു. അറിഞ്ഞുകൊണ്ടു് അവർ മാററിവെച്ച പണത്തിൻെറ എണ്ണവും തുകയും മാത്രമല്ല അവർ ചെയ്ത മോഷണത്തിൻേറയും വഞ്ചനയുടേയും കറുത്ത പാടുകൾ അവരുടെ മനസ്സാക്ഷിയാകുന്ന തെളിഞ്ഞ കണ്ണാടിയിൽ പ്രത്യക്ഷപ്പെട്ടു കാണുവാൻ അവർക്കു സാധിച്ചില്ല. അവർക്ക് പാപബോധം ഉണ്ടായില്ല. ദൈവം അവരെ ശിക്ഷിച്ചു.

ശിമോൻെറ പൂമേടയിൽ അതി കെങ്കേമമായ വിരുന്നു സൽക്കാരം. അവിടെ ആഗതനായ ക്രിസ്തുനാഥൻെറ ദൈവത്വത്തെപ്പററി അവിടെ കൂടിയിരുന്നവരിൽ ആർക്കാണ് പരിപൂർണ്ണബോദ്ധ്യം വന്നതു്? അസ്തമയത്തു് അവിടെ കയറിവന്ന അഭിസാരികയ്ക്കു്. അവളാണ് പാപിനിയായ മറിയംമഗ്ദലേന. ക്രിസ്തുനാഥൻെറ ഉപദേശങ്ങളിൽ "*ചാരിത്ര്യം രക്ഷിക്ക*" എന്നുള്ള ആറക്ഷരം അവളുടെ ശ്രവണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നു. തൻെറ ജീവിതത്തിൻെറ ഏടുകൾ ഓരോന്നോരോന്നായി അവൾ മറിച്ചുനോക്കി. അവളുടെ മനസ്സാക്ഷിയാകുന്ന തെളിഞ്ഞ കണ്ണാടിയിൽ—അതേ, ആ തിരശ്ശീലയിൽ—തൻെറ പാപങ്ങൾ എല്ലാം ദർശിക്കുവാൻ അവൾക്കു സാധിച്ചു. പാപബോധം അവളെ അസ്വസ്ഥയാക്കി. അവൾ പായുകയാണ് ശിമോൻെറ മണിമാളികയിലേയ്ക്കു്. എന്തിന്? ദിവ്യനാഥനിൽനിന്നും പാപമോചനം ലഭിക്കുവാൻ. യഹൂദപ്രമാണികളുടെ വിമർശനത്തെപ്പററി അവളപ്പോൾ ചിന്തിച്ചില്ല. നിശാവേളയാണെന്നുള്ള കാര്യം അവൾ ഓർമ്മിച്ചതേയില്ല. വ്യഭിചാരികളെ കല്ലെറിയണമെന്നുള്ള മൂശയുടെ നിയമം അവളെ ഭയപ്പെടുത്തിയില്ല. പാപക്കൂമ്പാരം അവളെ നിരാശപ്പെടുത്തിയില്ല. തികഞ്ഞ പശ്ചാത്താപം അവളുടെ പാപങ്ങൾക്കു മോചനം നൽകി.

ബാഹ്യമായ പോരായ്മകൾ കണ്ണാടിയിൽ നോക്കി നാം പരിഹരിക്കുന്നുണ്ടല്ലോ. അതുപോലെ നമ്മുടെ ആന്തരികമായ തെററുകളും തൻമൂലമുണ്ടാകുന്ന കറുത്ത പാടുകളും ദർശിക്കുവാൻ മനസ്സാക്ഷിയാകുന്ന തെളിഞ്ഞ കണ്ണാടി ഉപകരിക്കും. പാപമാലിന്യങ്ങൾ കഴുകിക്കളഞ്ഞു് കണ്ണാടി വൃത്തിയായി സൂക്ഷിക്കേണ്ടതു് ഓരോരുത്തരുടേയും കർത്തവ്യമത്രേ.

# സിസ്റ്റർ മേരി ബനീഞ്ഞ സി. ഡി.

## കൈരളിയുടേയും കർമ്മലസഭയുടേയും അഭിമാനപാത്രമായ കവയിത്രി

റവ. ഫാദർ ഫിലിപ്പു്, ഒ. സി. ഡി.

1901 ജൂൺ മാസം 24-ാം തിയതി, മദ്ധ്യകേരളത്തിൽ, ഇലഞ്ഞി ഗ്രാമത്തിൽ, പുരാതനവും പുണ്യസൗരഭ്യം നിറഞ്ഞതുമായ തോട്ടം കുടുംബത്തിൽ ഓന്നച്ചൻ, മറിയമ്മ എന്നീ ദമ്പതികളുടെ പ്രഥമസന്താനമായി ഒരു പെൺകുട്ടി ജനിച്ചു. ജ്ഞാനസ്നാനത്തിൽ അവൾക്കു നൽകപ്പെട്ട പേരു് മേരി എന്നാണു്. പിൽക്കാലത്തു് കേരളത്തിലെ സാഹിത്യലോകത്തിൽ മേരി ജോൺ തോട്ടം എന്ന പേരിൽ പ്രസിദ്ധയായിത്തീർന്ന കവയിത്രി ഈ പെൺകുട്ടിയാണു്. എന്നാൽ ഏറെത്താമസിയാതെ, സ്വർഗ്ഗീയമായ ഒരാഹ്വാനത്തിനു വിധേയയായി അവൾ "ലോകമേ യാത്ര" എന്നു പാടി വിടവാങ്ങിക്കൊണ്ടു് കന്യകാമഠത്തിന്റെ ഭിത്തികൾക്കുള്ളിൽ മറഞ്ഞു. തൽഫലമായി മേരിജോൺ തോട്ടം മരിച്ചുപോയി എന്നുപോലും ചിലർ ചിന്തിക്കുകയുണ്ടായി.

എന്നാൽ മേരി മരിക്കുകയല്ല, രൂപാന്തരപ്പെടുകയാണു ചെയ്തതു്. ലോകായതികചിന്തകളിൽ മുങ്ങിയും പൊങ്ങിയും കഴിഞ്ഞുകൂടിയിരുന്ന ആ യുവ സുന്ദരി സിസ്റ്റർ മേരി ബനീഞ്ഞ എന്ന പേരിൽ ക്രിസ്തുനാഥന്റെ പ്രേമഭാജനമായിത്തീർന്നു. ഇലഞ്ഞി"തോട്ട"ത്തിലെ സുരഭിലകുസുമം കർമ്മേലാരാമത്തിലെ മനോഹരപുഷ്പമായി രൂപാന്തരപ്പെട്ടു. ആനന്ദസന്ദായകമായ കാവ്യങ്ങൾ പാടി കേരളസന്താനങ്ങളെ ആഹ്ലാദിപ്പിച്ചുകൊണ്ടിരുന്ന ആ കൊച്ചുഗായിക അന്നുമുതൽ ദിവ്യമണവാളനുവേണ്ടി മാത്രം അവളുടെ വീണ മീട്ടാൻ തുടങ്ങി. എങ്കിലും ധ്യാനലീനമായ ആ ആത്മാവിൽനിന്നു ചില കാവ്യതല്ലജങ്ങൾ ഇടയ്ക്കിടയ്ക്കു് ബാഹ്യലോകത്തിലേയ്ക്കു ചോർന്നു വീണുകൊണ്ടിരുന്നു. അങ്ങനെ മേരി ജോൺ തോട്ടത്തിന്റെ ആരാധകരും അനുവാചകരും മനസ്സിലാക്കി ആ അനുഗൃഹീത കവയിത്രി മരിച്ചിട്ടില്ല, രൂപാന്തരപ്പെട്ടിട്ടേയുള്ളു എന്നു്.

അറുപതു കൊല്ലങ്ങൾക്കു മുമ്പു് ഭൂജാതയായ ആ കുഞ്ഞുമേരി, ഇക്കൊല്ലം ജൂൺ 24-ാം തീയതി ഷഷ്ടിയബ്ദപൂർത്തിയിലെത്തിയിരിക്കുകയാണു്. അവളുടെ കവനപാടവത്തെ സ്തുതിച്ചും പ്രകീർത്തിച്ചും ഇതിനകം പല ലേഖനങ്ങളും പ്രസിദ്ധീകൃതമായി. കർമ്മേലനഭോമണ്ഡലത്തിലെ ഒരു സുന്ദരതാരമായ ആ തരുണീമണിയെ ഈ അവസരത്തിൽ അനുമോദിക്കുക എന്നതു് കർമ്മേലസഭാംഗങ്ങളുടേയും കർത്തവ്യമാണു് എന്ന ബോധമത്രേ സഭയിൽ അവളുടെ എളിയ സഹോദരനായ എന്നെ ഈ വരികൾ എഴുതുവാൻ പ്രേരിപ്പിക്കുന്നതു്.

കൊച്ചു മേരിയുടെ മാതാപിതാക്കന്മാർ ഓന്നച്ചനും മറിയാമ്മയുമായിരുന്നെന്നു പറഞ്ഞുകഴിഞ്ഞല്ലോ. അവളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് അവർക്കു് അതീവ താല്പര്യമുണ്ടായിരുന്നെങ്കിലും സാഹചര്യങ്ങൾ അനുകൂലമായിരുന്നില്ല. ഇലഞ്ഞിയിൽവച്ചു് ഒരാശാന്റെ കീഴിലാണു് അവൾ വിദ്യാഭ്യാസം ആരംഭിച്ചതു്. അനന്തരം അവൾ മാന്നാനത്തു് നടത്തപ്പെട്ടിരുന്ന പ്രൈമറിസ്കൂളിൽ മൂന്നാം ക്ലാസ്സിൽ പ്രവേശിച്ചു. മാന്നാനത്തെ പ്രശസ്തമായ പാട്ടശ്ശേരികുടുംബമായിരുന്നു അവളുടെ അമ്മവീടു്. തന്മൂലമാണു് അവൾ മാന്നാനത്തേയ്ക്കു് അയയ്ക്കപ്പെട്ടതു്. മേരിയുടെ മാതുലനായിരുന്ന ചുമ്മാർ അന്നു് മാന്നാനം ഹൈസ്കൂളിൽ പഠിക്കുകയായിരുന്നു. അന്നുതന്നെ ഒരു കൊച്ചു കവിയെന്ന നിലയിൽ പ്രസിദ്ധനായിത്തീർന്നിരുന്ന ആ യുവാവു് ഏറെത്താമസിയാതെ സുറിയാനി കർമ്മലീത്താസഭയിൽ ചേർന്നു് ഫാദർ സൈമൺ എന്ന പേരു സ്വീകരിച്ചു. "സ്വന്തം കൊച്ചുച്ചൻ" എന്ന പേരിൽ കേരളം മുഴുവൻ കീർത്തിനേടിയ ആ വന്ദ്യ വൈദികനാണു് മേരിയുടെ സകല ഭാവിശ്രേയസ്സിനും മുഖ്യ കാരണക്കാരനായിരുന്നതു്. ആരംഭം മുതലേ അദ്ദേഹം മേരിയുടെ സാഹിത്യവാസന ഗ്രഹിക്കുകയും എല്ലാ വിധത്തിലും അവളെ പ്രോൽസാഹിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പലവിധത്തിൽ തന്റെ "സ്വന്തം കൊച്ചുച്ച"നായിരുന്ന ഫാ. സൈമൺ സി. ഡി. യോടു് സിസ്റ്റർ മേരി ബനീഞ്ഞായ്ക്കുള്ള അതിരില്ലാത്ത കൃതജ്ഞത അദ്ദേ

ഹത്തിൻെറ മരണശേഷവും സജീവമായി നിലനിൽക്കു ന്നെന്നു് ഈയിടെ അവൾ പ്രസിദ്ധീകരിച്ച മധുമഞ്ജരി എന്ന കൃതിയുടെ സമർപ്പണം തെളിയിക്കുന്നു. ആ സമർപ്പണം സ്വീകരിക്കുന്നതിനു്

"തികച്ചുമർഹനൊരാളുണ്ടന്നേലോകത്തിൽ
ദിവംഗമിച്ചോരു മാതൃസഹോദരനെൻ
പ്രിയ കൊച്ചച്ചൻ"

എന്നാണു് ആ സമർപ്പണത്തിൽ കവയിത്രി പാടിയിരിക്കുന്നതു്.

മാന്നാനത്തെ പഠനത്തിനു ശേഷം അവൾ മൂന്നു കൊല്ലത്തോളം പഠനംതുടരാൻ സാധിക്കാതെ വീട്ടിൽ നിൽക്കേണ്ടിവന്നു. എന്നാൽ അവളുടെ "കൊച്ചച്ചനു്" അതു സഹിച്ചില്ല. അദ്ദേഹത്തിൻെറ നിർബന്ധപ്രകാരം അവൾ മുത്തോലിയിലെ കോൺവെൻറു് സ്കൂളിലേയ്ക്കു് അയയ്ക്കപ്പെട്ടു. 1913-ജൂൺ മാസത്തിലാണു്, ഒരു ബോർഡിംഗു വിദ്യാർത്ഥിനിയായി അവൾ മുത്തോലിസ്കൂളിൽ അഞ്ചാം ക്ലാസിൽ ചേർന്നതു്. അന്നു് മേരിക്കു് 13 വയസ്സു് പ്രായമുണ്ടായിരുന്നു. മൂന്നു കൊല്ലത്തിനുശേഷം അവൾ ഏഴാംക്ലാസ്സിൽ പ്രശസ്തമായവിധം വിജയം കൈവരിച്ചു.

മഠത്തിലെ താമസത്തിനിടയ്ക്കുതന്നെ ഒരു കൊച്ചു കവയിത്രിയായി അവൾ അറിയപ്പെടാൻ തുടങ്ങി. അവിടെ ഇടയ്ക്കിടെ നടക്കാറുണ്ടായിരുന്ന ഒരു തിരുനാൾ ആഘോഷത്തിൽ മേരി ഒരു കൊച്ചു കവിതയുണ്ടാക്കി വായിച്ചു. അതു് അദ്ധ്യാപികമാരേയും വിദ്യാർത്ഥിനികളേയും ഒരുപോലെ വിസ്മയഭരിതരാക്കി. അന്നുമുതൽ ഓരോ തിരുനാളിനും കവിതയെഴുതുന്നതിനു് അവർ മേരിയെ പ്രേരിപ്പിച്ചു. അങ്ങനെ ഏഴാം ക്ലാസ്സു് പാസ്സായതോടെ കവനകലയിലും അസാധാരണമായ പാടവം അവൾക്കു സിദ്ധിച്ചു കഴിഞ്ഞിരുന്നു.

പരീക്ഷ പാസ്സായി വീട്ടിൽനിൽക്കുന്ന ആ പതിനാറുകാരിക്കു് പല വിവാഹാലോചനകളും വന്നുവെങ്കിലും മേരി അവയെല്ലാം ധൈര്യപൂർവ്വം നിരസിക്കുകയാണു ചെയ്തതു്. ഉടനേതന്നെ വടക്കൻ പറവൂരുള്ള ഒരു കോൺവെൻറുസ്കൂളിൽ അവൾക്കു് ഒരു ജോലി ലഭിച്ചതു് മേരിക്കും അവളുടെ മാതാപിതാക്കന്മാർക്കും ഒരുപോലെ ആശ്വാസപ്രദമായിത്തീർന്നു. രണ്ടു കൊല്ലം ഒന്നാം അസിസ്റ്റൻറു് എന്ന നിലയിൽ, ആ സ്കൂളിൽ ജോലി നോക്കിയശേഷം തിരുവിതാംകൂർ ഗവണ്മെൻറു് അക്കാലത്തു് ആരംഭിച്ച മുഖ്യപരീക്ഷയ്ക്കു പഠിക്കുന്നതിനുവേണ്ടി അവൾ കൊല്ലത്തേയ്ക്കു പോയി. അവിടെ ഒരു മഠത്തിൽ താമസിച്ചു പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം സായംകാലം നടക്കാൻപോയ അവസരത്തിൽ കണ്ട കാഴ്ചയെ അടിസ്ഥാനപ്പെടുത്തി "സായാഹ്നത്തിലെ ഏകാന്ത യാത്ര" എന്ന പേരിൽ അവൾ ഒരു കവിതയെഴുതി. മേരിയുടെ കവിതാവാസന അന്നുതന്നെ എത്ര പുഷ്ടി പ്രാപിച്ചിരുന്നെന്നു് ആ കവിത തെളിയിക്കുന്നുണ്ടു്. അവൾ പാടുകയാണു്:

"ദൂരെച്ചെററ വെളുത്തുരുണ്ടു വിതറി-
ക്കാണുന്നതെന്തെന്നതിൻ
ചാരെച്ചെന്നറിയാൻ ശ്രമിക്ക; തലയോ-
ടാകാമിതാഹാ! ഭയം!
പാരിൽ ശ്രേഷ്ഠത മർത്ത്യനേകിയവനെ-
പ്പോററും തലച്ചോറിനെ
സ്വൈരം തന്നിലണച്ചിരുന്ന തലയീ
മട്ടിൽ കലാശിക്കയോ?
ചൊല്ലേറുന്ന സുഗന്ധതൈലതതിയാൽ
പൂജിച്ച വാർക്കുന്തലും
ഫുല്ലാബ്ജത്തിനു തുല്യമായ മുഖവും
നൽപുഞ്ചിരിക്കൊഞ്ചലും
എല്ലാം ചേർന്നൊരു പല്ലവാംഗിമണിത-
ന്നോമൽ കഴുത്തിന്നുമേ-
ലുല്ലാസത്തൊടു വാണിരുന്ന തലയും
പക്ഷേയിതിൽ കണ്ടിടാം.

ഏതാദൃശപദ്യശകലങ്ങൾ വായിച്ചപ്പോൾ ഞാൻ ചിന്തിച്ചുപോയി മേരി ഒരു പുരുഷനായി ജനിക്കാഞ്ഞതു് കഷ്ടമായിപ്പോയെന്നു്. ഒരു പുരുഷനായി ജനിച്ചു് ഒരു കത്തോലിക്കാ വൈദികനായെങ്കിൽ എത്ര ശക്തിമത്തും അതേസമയം സുന്ദരമനോഹരവുമായ ഭാഷയിൽ ധ്യാനപ്രസംഗങ്ങൾ നടത്തി മനുഷ്യരെ മാനസാന്തരപ്പെടുത്തുന്നതിനു് അവൾക്കു സാധിക്കുമായിരുന്നു!

മുഖ്യപരീക്ഷ പാസ്സായശേഷം പറവൂർക്കു് വീണ്ടും പഠിപ്പിക്കാൻ പോയ മേരി ഒരു കൊല്ലത്തിനുശേഷം കുറവിലങ്ങാട്ടു് കോൺവെൻറു സ്കൂളിലെ അദ്ധ്യാപികയായി ക്ഷണിക്കപ്പെട്ടു. അവിടെ ജോലിയിലിരിക്കുമ്പോഴാണു് ഒരു കവയിത്രിയെന്ന നിലയ്ക്കു് മേരിജോൺ തോട്ടം പ്രസിദ്ധിയാർജ്ജിച്ചതു്. അവളുടെ കൊച്ചച്ചൻെറ പത്രാധിപത്യത്തിൽ അന്നു നടത്തപ്പെട്ടിരുന്ന കർമ്മലകുസുമത്തിലും, നസ്രാണിദീപിക, യോഷാഭൂഷണം, മനോരമ മുതലായ പ്രസിദ്ധീകരണങ്ങളിലും അവളുടെ കവിതകൾ ധാരാളമായി പ്രത്യക്ഷപ്പെട്ടു

തുടങ്ങി. അനുവാചകരെല്ലാം ആ കവിതകൾക്ക് ഹാർദ്ദവമായ സ്വാഗതമരുളി.

27-ാമത്തെ വയസ്സിലാണ് മേരി മഠത്തിൽ പ്രവേശിച്ച്, മേരി ബനീഞ്ഞാ എന്ന പേരു സ്വീകരിച്ചതു്. സിസ്റ്റർ ബനീഞ്ഞാ കുറവിലങ്ങാട്ടു മഠത്തിൽ താമസിക്കുമ്പോഴാണ് എനിക്ക് അവരുമായി പരിചയപ്പെടുന്നതിനു ഭാഗ്യമുണ്ടായതു്. അന്ന് അവിടെ താമസിച്ചിരുന്ന നവസന്ന്യാസിനികൾക്ക് ഒരു ധ്യാനം പ്രസംഗിക്കുന്നതിനു ഞാൻ അവിടെ എത്തിയതായിരുന്നു. ആ അവസരത്തിൽ, കർമ്മലസഭയുടെ പിതാവും കത്തോലിക്കാ ലോകത്തിലെ മിസ്റ്റിക്ക് ഡാക്ടറമായ വി. യോഹന്നാൻക്രൂസ് സ്പാനിഷ് ഭാഷയിൽ Cantico Espiritual എന്നപേരിൽ എഴുതിയിട്ടുള്ള കവിത മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യാൻ ആ കവയിത്രിയെ പ്രേരിപ്പിക്കാൻ സാധിച്ചതു് ഒരു വലിയ നേട്ടമായി ഞാൻ കരുതുന്നു. പദാനുപദമായ ആ മനോഹര വിവർത്തനം എത്ര ഭംഗിയായ വിധത്തിലാണ് സാധിച്ചിട്ടുള്ളതു് എന്നു് ശരിയായി മനസ്സിലാക്കണമെങ്കിൽ മൂലഗ്രന്ഥവും വിവർത്തനവുംകൂടെ ഒരുമിച്ചു വായിച്ചുനോക്കണം. ഉദാഹരണത്തിനു് ഒരു പദ്യം മാത്രം ഇവിടെ പകർത്താം:

മത്തകാശിനിയാഗ്രഹിച്ചോരു പുഷ്പവാടി
യിൽ ധന്യചെ-
ന്നെത്തി; വിശ്രമമെത്രയും ഹൃദയംഗമം!
വിജനസ്ഥലം!
അത്രയല്ല വരന്റെ പാണിഗളത്തിനു-
ത്തമമാല്യമായ്
ചേർത്തണിഞ്ഞു കൃതാർത്ഥതാമൃതമാസ്വദിച്ചു
വരാംഗിയാൾ.

പരിപൂർണ്ണമായി സ്വയം ദിവ്യനാഥനു സമർപ്പിച്ച ആത്മാവ് ആ ദിവ്യ മണവാളനുമായി സ്നേഹൈക്യത്തിൽ എത്തിയ സ്ഥിതിയെയാണ് ഇവിടെ വി. യോഹന്നാൻ വിവരിക്കുന്നതു്. ആ വിശുദ്ധൻ സ്വാഭാവികമായ ഗൗരവഭാവം വെടിഞ്ഞു്, തന്റെ കവിതയ്ക്കു് ഇത്ര മനോഹരമായ ഒരു വിവർത്തനം നൽകിയ സ്വപുത്രിയുടെ മേൽ, അവളുടെ ഷഷ്ടിയബ്ദപൂർത്തി ആഘോഷിക്കുന്ന ഈ അവസരത്തിൽ, ഹൃദ്യമായി പുഞ്ചിരി തൂകുമെന്നും ധാരാളം അനുഗ്രഹങ്ങൾ അവളുടെ മേൽ വർഷിക്കുമെന്നും നമുക്ക് പ്രത്യാശിക്കാം.

കന്യകാമഠത്തിൽ പ്രവേശിച്ചശേഷം ശാരീരികാസ്വാസ്ഥ്യം കാരണം കാവ്യരചനയിൽ അധികം ശ്രദ്ധ ചെലുത്തുന്നതിനു് സിസ്റ്റർ ബനീഞ്ഞായ്ക്കു സാധിച്ചിട്ടില്ല. എങ്കിലും ആദ്ധ്യാത്മികഗീതയ്ക്കു പുറമെ, മാഗി, മധുമഞ്ജരി എന്നീ കൃതികളും അനേകം പദ്യങ്ങളും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

തങ്ങൾക്ക് അധികം പ്രായമുണ്ടെന്നു മററുള്ളവർ പറയുന്നതു സ്ത്രീകൾ സാധാരണമായി ഇഷ്ടപ്പെടാറില്ല. നാല്പതു വയസ്സു കഴിഞ്ഞാൽ അവർ വയസ്സ് പുറകോട്ടാണ് എണ്ണുന്നതെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. അതു് വാസ്തവമാണെങ്കിൽ സിസ്റ്റർ ബനീഞ്ഞായ്ക്കു് ഇന്നു വയസ്സു ഇരുപതേ ആയിട്ടുള്ളു. ഏതായാലും ഇരുപതു വയസ്സിന്റെ യുവത്വവും പ്രസരിപ്പും അറുപതിന്റെ പരിപക്വതയോടും ബുദ്ധിവികാസത്തോടുംകൂടെ സിസ്റ്റർ മേരി ബനീഞ്ഞായിൽ പ്രശോഭിക്കട്ടെ എന്നു് ആശംസിക്കുന്നു. ,യേശുനാഥന്റെ പ്രിയംവദയായ ആ മണവാട്ടി തന്റെ കൊച്ചു ഹൃദയമാകുന്ന വീണയെ ദിവ്യനാഥന്റെ സ്തുതിക്കായി മീട്ടിക്കൊണ്ടു കൈരളിയേയും കേരളീയരേയും ദീർഘകാലം ആനന്ദത്തിൽ ആറാടിക്കുമാറാകട്ടേ.



**For Favours received**
Ammini.

# ചോദ്യോത്തര പംക്തി

റവ. ഫാ. സിറിയക്ക്, ഒ. സി. ഡി.

ചോ. 1. എന്തുകൊണ്ട് സാബത്ത്ദിവസം ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ചയായിത്തീൎന്നു ?

ഉ: ആദ്യമായി, സാബത്ത് എന്ന വാക്കിന്റെ അൎത്ഥം വിശ്രമം അഥവാ ഒഴിവ് എന്നാണ്. സാബത്ത്ദിവസം വിശുദ്ധമായി ആചരിക്കണമെന്നുള്ള ദൈവകല്പനകൊണ്ടു വിവക്ഷിക്കുന്നത് ശനിയാഴ്ചദിവസം വിശുദ്ധമായി ആചരിക്കണമെന്നല്ല, പ്രത്യുത ആഴ്ചയിൽ ഒരു ദിവസം അടിമത്തരമായ ജോലികളിൽ നിന്നു വിരമിച്ച് ദൈവാരാധനയ്ക്കായി ചെലവഴിക്കണമെന്നാണ്. ഇതിനായി യഹൂദന്മാർ തിരഞ്ഞെടുത്തതു ശനിയാഴ്ച ദിവസമാണ്. അന്നുമുതൽ ശനിയാഴ്ച സാബത്ത് ദിവസം എന്ന പേരിൽ അറിയപ്പെടുവാനിടയായി. എന്നാൽ ക്രിസ്ത്യാനികൾ ഞായറാഴ്ചയാണ് സാബത്ത് ആചരണത്തിനായി തിരഞ്ഞെടുത്തത്. അപ്പസ്തോലിക കാലം മുതൽ ഇതു തിരുസ്സഭയിൽ നടപ്പിലിരിക്കുന്നു എന്നുള്ളത് അനിഷേധ്യമായ ഒരു ചരിത്രസംഭവമാണ്.

സാബത്ത് ആചരണത്തിനായി അപ്പസ്തോലന്മാർ ഞായറാഴ്ച തിരഞ്ഞെടുക്കുന്നതിനു പ്രേരകങ്ങളായിരുന്ന കാരണങ്ങൾ പലതാണ്.

ഒന്ന്, ന. കൎത്താവിന്റെ ഉയിർപ്പു നടന്നതു ഞായറാഴ്ചയാണ്.

രണ്ട്, ഉയിൎപ്പിനുശേഷം അവിടുന്ന് തന്റെ ശിഷ്യന്മാൎക്കു ആദ്യമായി പ്രത്യക്ഷപ്പെട്ടതു ഞായറാഴ്ചയാണ്.

മൂന്ന്, പെന്തക്കൊസ്താ ഞായറാഴ്ചയാണ് പരിശുദ്ധാത്മാവിയുടെ ആഗമനവും തിരുസ്സഭയുടെ പ്രതിഷ്ഠാപനവും നടത്തുന്നത്.

നാല്, ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച തിരഞ്ഞെടുത്തതു പഴയ നിയമത്തിൽ നിന്ന് പുതിയ നിയമത്തിലേക്കുള്ള മാററത്തെ കൂടുതൽ ദൃശ്യമാക്കിത്തീൎക്കുന്നതിനു പൎയ്യാപ്തമായിരുന്നു.

ചോ. 2. ഞായറാഴ്ചയ്ക്കു പകരം വേറൊരു ദിവസം സാബത്ത് ആചരണത്തിനായി തിരഞ്ഞെടുക്കുവാൻ പാടില്ലേ ?

ഉ: പാടില്ല. തിരുസ്സഭ ഞായറാഴ്ച അതിനായി നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് ആ ദിവസംതന്നെ എല്ലാവരും വിശുദ്ധമായി ആചരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. വേറൊരു ദിവസം ആചരിച്ചാൽ, ഞായറാഴ്ചയെ സംബന്ധിച്ച കടമ നിൎവ്വഹിക്കപ്പെടുകയില്ല.

ചോ. 3. കൂടെക്കൂടെ പള്ളിയിൽ പോവുകയും കൂദാശകൾ സ്വീകരിക്കുകയും ചെയ്യുന്ന പലരും അവരുടെ മററു പ്രവൃത്തികളിൽ, മതപരമായ യാതൊരു കടമയും നിൎവ്വഹിക്കാതെ ജീവിക്കുന്നവരേക്കാൾ നന്നായി പ്രവൎത്തിക്കുന്നതായി കാണുന്നില്ല. അതുകൊണ്ട് പ്രാൎത്ഥിക്കാതിരിക്കുകയും പള്ളിയിൽ പോകാതിരിക്കുകയും ചെയ്യുന്നതല്ലേ നല്ലതു്?

ഉ: അതു തെററായ നിഗമനമാണ്. ഒരാൾ തെററു ചെയ്യുന്നതിനു കാരണം അയാൾ പള്ളിയിൽ പോകുന്നതോ വി. കൂദാശകൾ സ്വീകരിക്കുന്നതോ അല്ല. നേരേ മറിച്ചാണ്. അയാൾ വി. കൂദാശകൾ സ്വീകരിക്കുന്നതുകൊണ്ടാണ് ഇതിൽ കൂടുതൽ അധഃപതിക്കാത്തതു് എന്നുവേണം വിചാരിക്കുവാൻ. അതുകൊണ്ട് ഭക്തകൃത്യങ്ങൾ ഉപേക്ഷിക്കുന്നതിനുപകരം തെററുകൾ തിരുത്തുകയാണു വേണ്ടതു്.

ചോ. 4. ആരാണ് ഞായറാഴ്ച കത്തോലിക്കർ ?

ഉ: ഞായറാഴ്ചദിവസംമാത്രം കത്തോലിക്കനായി ജീവിക്കുന്നവർ—അഥവാ, അണുമാത്രം കത്തോലിക്കന്റേതായ കടമകൾ നിൎവ്വഹിക്കുകയും മററു ദിവസങ്ങളിൽ തോന്ന്യാസമായി വൎത്തിക്കുകയും ചെയ്യുന്നവർ—വിശേഷദിവസങ്ങളിൽമാത്രംധരിക്കാൻ സൂക്ഷിച്ചുവച്ചിരിക്കുന്ന വസ്ത്രത്തെപ്പോലെ മതാനുഷ്ഠാനങ്ങളെ ഉപയോഗിക്കുന്നവർ.

ചോ. 5. സ്വയം പരിശുദ്ധമാണെന്ന് അവകാശപ്പെടുന്ന കത്തോലിക്കാസഭയുടെ അംഗങ്ങളിൽ പലരും അനുവൎഷളന്മാരായതുകൊണ്ട് സഭയുടെ പരിശുദ്ധിയേപ്പററി സംശയിക്കേണ്ടതല്ലേ ?

ഉ: കത്തോലിക്കാസഭയുടെ അംഗങ്ങളിൽ ചിലർ പാപികളും ദുഷ്ടന്മാരുമായി കാണപ്പെടുന്നതു് സഭ

(72–ാംപേജിന്റെ തുടർച്ച)

(8) അൽബീനാ:—കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഡിസംബർ 16. ഡേഷ്യസ് ചക്രവത്തിയുടെ വേദനെതരുക്കകാലത്തു് ഇററലിയിൽ കമ്പാനിയാ എന്ന പ്രദേശത്തുള്ള ഫോർമിയാ എന്ന ഗ്രാമത്തിൽ വച്ചു രക്തസാക്ഷിണിയായി മരിച്ചു.

(9) അലെക്സാണ്ട്റാ:— കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: മെയ് 18. ഏഷ്യാമൈനറിൽ വച്ചു മററ് ആറ കന്യകകളോടൊന്നിച്ച് രക്തസാക്ഷിമകുടം സമ്പാദിച്ചു.

(10) അമ്മിയാ:—രക്തസാക്ഷിണി. തിരുനാൾ: ആഗസ്ററ് 31. കപ്പഡോഷിയായിൽ വച്ച് സത്യവിശ്വാസത്തെ പ്രതി മരണം കൈവരിച്ചു

(11) അമ്മൊണാരിയാ:—കന്യകയും രക്തസാക്ഷിണിയും, തിരുനാൾ: ഡിസംബർ 12. ഡേഷ്യസ് ചക്രവത്തിയുടെ വേദനെതരുക്കകാലത്തു് അലെക്സാൻഡ്രിയാ പട്ടണത്തിൽവച്ച് അനേക പീഡനകൾ സഹിച്ച് ഭാഗ്യമരണം പ്രാപിച്ചു.

(12) അനസ്താസിയ :— കന്യകയും രക്തസാക്ഷിണിയും തിരുനാൾ: ഒക്ടോബർ 28. റോമ്മാപ്പട്ടണത്തിൽവച്ച് സിറിൽ എന്ന വിശുദ്ധനോടൊന്നിച്ച് വലേറിയൻ ചക്രവത്തിയുടെ വേദനെതരുക്കകാലത്തു വീരമരണം പ്രാപിച്ചു.

(13) അനതോലിയ:— കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ജൂലൈ 9. ഡേഷ്യസ് ചക്രവത്തിയുടെ കാലത്തു് തോറാ എന്ന സ്ഥലത്തുവച്ച് രക്തസാക്ഷിണിയായി മരണം പ്രാപിച്ചു.

(14) ആഞ്ചലാ:— കന്യക. ഫ്രാൻസിസ്കൻ മൂന്നാംസഭാംഗം. തിരുനാൾ: ജൂൺ 1. ഇററലിയിൽ ലൊംബാർഡി ഡിസ്ട്രിക്ടിലുള്ള ബ്രേഷിയാ എന്ന സ്ഥലത്തുവച്ച് മരണം പ്രാപിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസാത്ഥം വിശുദ്ധ ഉർസുലായുടെ കന്യകകൾ എന്നറിയപ്പെടുന്ന സന്യാസസഭ സ്ഥാപിച്ചതു് ഈ വിശുദ്ധയാണ്.

(15) അന്നാ:—നമ്മുടെ അമ്മ കന്യകാ മറിയത്തിന്റെ മാതാവ്. തിരുനാൾ: ജൂലൈ 26.

(16) അന്തിയാ :— രക്തസാക്ഷിണി. തിരുനാൾ: ഏപ്രിൽ 18 മെത്രാനും രക്തസാക്ഷിയുമായ എലവുതർ എന്ന വിശുദ്ധന്റെ അമ്മ. ഹാഡ്രിയൻ ചക്രവത്തിയുടെ വേദനെതരുക്കകാലത്തു് സിസിലിയിൽ, മെസ്സീനാ എന്ന സ്ഥലത്തുവച്ച്, സ്വപുത്രനോടൊന്നിച്ച് രക്തസാക്ഷിമകുടം സ്വീകരിച്ചു.

(17) അന്തുസാ:— കന്യക. തിരുനാൾ: ജൂലൈ 27 കോൺസ്റ്റൻറൈൻ കോപ്രോണിമസ് എന്ന ചക്രവത്തിയുടെ കാലത്തു് കോൺസ്റ്റൻറിനോപ്പിൾ എന്ന പട്ടണത്തിൽവച്ച്, തിരുസ്വരൂപ വണക്കത്തെ പ്രതി വളരെ വേദനെതരുക്കങ്ങൾ സഹിച്ചശേഷം നാട്ടു കടത്തപ്പെട്ടു മരണം പ്രാപിച്ചു.

(18) അന്തോനിയാ:—കന്യകയും രക്തസാക്ഷിണിയും. തിരുനാൾ: ഏപ്രിൽ 29. വലേറിയൻ ചക്രവത്തിയുടെ വേദനെതരുക്കകാലത്തു് ആഫ്രിക്കയിൽ നമീഡിയാ എന്ന സ്ഥലത്തുവച്ചു രക്തസാക്ഷിണിയായി മരിച്ചു. (തുടരും)

---

യുടെ പരിശുദ്ധിയെ ചോദ്യം ചെയ്യാൻ തക്ക കാരണമല്ല. സഭയുടെ പരിശുദ്ധി അതിന്റെ അംഗങ്ങളുടെ പരിശുദ്ധിയെമാത്രം ആശ്രയിച്ചല്ല പ്രത്യുത അതിന്റെ സ്ഥാപകനെ ആശ്രയിച്ചാണിരിക്കുന്നതും. കത്തോലിക്കാസഭ പുണ്യവാന്മാക്കുവേണ്ടി മാത്രമുള്ളതല്ല. പാപികൾക്കും അതിന്റെ അംഗമായിരിക്കാൻ പാടുണ്ട്. തിരുസ്സഭയുടെ സ്ഥാപകനായ ക്രിസ്തുനാഥൻ അസന്ദിഗ്ദ്ധമായി അരുളിച്ചെയ്തിട്ടുണ്ട്. "ഞാൻ നീതിമാന്മാരെ അന്വേഷിച്ചല്ല പ്രത്യുത പാപികളെ അന്വേഷിച്ചാണ് ഈ ലോകത്തിലേക്കു വന്നതു." എന്ന് (മത്താ 9/13). അതുകൊണ്ട് അവിടുന്നു സ്ഥാപിച്ച സഭയിൽ പാപികളും അംഗങ്ങളായിരിക്കുക എന്നതു് സ്വാഭാവികം മാത്രമാണ്.

ചോ. 6. കത്തോലിക്കാസഭ ദൈവസ്ഥാപിതമാണെങ്കിൽ അതിനു യാതൊരു ഉപദ്രവവും നേരിടാതെ ദൈവം കാത്തു സൂക്ഷിക്കേണ്ടതല്ലേ? മറിച്ചു സംഭവിക്കുന്നതായി കാണുന്നതുകൊണ്ട് കത്തോലിക്കാസഭ ദൈവസ്ഥാപകമല്ല എന്നു വേണമല്ലോ അനുമാനിക്കുവാൻ!

ആ അനുമാനം തെററാണ് സഭയുടെ സ്ഥാപകനായ ക്രിസ്തു മർദ്ദനം അനുഭവിച്ചുകൊണ്ടാണ് രക്ഷണീയകർമ്മം നിർവ്വഹിച്ചതു്. അതേ കാരണത്താൽ തന്നെ തന്റെ മൗതികശരീരമായ തിരുസ്സഭയും മർദ്ദിക്കപ്പെടുക എന്നതു് അവശ്യം ആവശ്യമാണ്. പീഡാനുഭവവും മരണവും ക്രിസ്തുവിന്റെ വിജയത്തിനു കാരണമായിരുന്നു. അതുപോലെ മർദ്ദനം സഭയുടെ പരാജയത്തെയല്ല, പ്രത്യുത അതിന്റെ ഭാവി വിജയത്തെയും വളർച്ചയെയുമാണ് സൂചിപ്പിക്കുന്നതു്.

# ഭഗീത

(തുടർച്ച)

(Miss Jenette Isaac, M. Sc.)

## ഇല്യുമിനേറേറാ സെചീനി

ഭഗീത ഒരു ക്രിസ്ത്യാനിയാകുന്നതിനു് ദൈവം നിശ്ചയിച്ച ഒരുപകരണമായിരുന്ന ഇല്യുമിനേറേറാ സെചീനി. ബേത്ലഹേമിൽ മാലാഖമാർ പാടിയ സന്മനസ്സുള്ള മനുഷ്യരിൽ ഒരാളാണു് അദ്ദേഹം. നിരന്തരമായി നന്മമാത്രം ചെയ്യുന്ന ഒരു നല്ല മനുഷ്യൻ. അഗസ്റ്റസിൻെറ പ്രധാന കാര്യക്കാരനും അദ്ദേഹത്തിൻെറ അഭാവത്തിൽ വസ്തുവകകൾ നോക്കി നടത്തിയിരുന്നതും സെചീനി ആയിരുന്നു.

ആത്മാവിനു് നിത്യമായ സമാധാനവും സ്വർഗ്ഗരാജ്യത്തിനുള്ള അവകാശവും ലഭിച്ചുതരുന്ന ദൈവവിശ്വാസം ഭഗീതക്കു് അതേവരെ ലഭിച്ചിരുന്നില്ല. അവൾ ഇപ്പോൾ താമസിക്കുന്ന വീട്ടിലെ ഗൃഹനാഥൻ ജനനാൽ ഒരു കത്തോലിക്കൻ ആയിരുന്നെങ്കിലും അതിൽ നിന്നെല്ലാം വളരെ വിഭിന്നമായ ഒരു ജീവിതം ആണു് നയിച്ചിരുന്നതു്. അതുകൊണ്ടു് അയാളിൽനിന്നും എന്തെങ്കിലും ദിവ്യപ്രകാരം അവൾക്കു് കിട്ടിയിരുന്നില്ല. ഭഗീതയുടെ മിസ്ട്രസ് കത്തോലിക്കാമതത്തിൽ ഒട്ടും വിശ്വാസമില്ലാത്ത ഒരാളായിരുന്നതിനാൽ തനിച്ചോ മററുള്ളവരുടെ കൂട്ടത്തിലോ, ഭഗീത കത്തോലിക്കാ ദേവാലയത്തിൽ പോകുന്നതിനെ വിലക്കിയിരുന്നു. എന്നാൽ ആകാശങ്ങളിൽ ഇരിക്കുന്ന ഞങ്ങളുടെ പിതാവേ, "നന്മ നിറഞ്ഞ മറിയമേ," 'ത്രിത്വ സ്തുതി' ഈ പ്രാർത്ഥനകൾ അവളുടെ കുട്ടിയെ പഠിപ്പിച്ചിരുന്നു. ഭഗീതയും ഈ പ്രാർത്ഥനകൾ പഠിച്ചു. അതിൻെറ പ്രധാന്യത ഗ്രഹിക്കാതെ അവൾ ജോലി ചെയ്യുമ്പോഴും നടക്കുവാൻ പോകുമ്പോഴും ഈ പ്രാർത്ഥനകൾ ചൊല്ലിയിരുന്നു. അവളുടെ നിർമ്മലഹൃദയത്തിൽ നിന്നും നിർഗമിച്ചിരുന്ന പ്രാർത്ഥന, തീർച്ചയായും ദൈവം കേട്ടു കാണണം.

വളരെ സുഖപ്രദമായ ഒരു ജീവിതമാണു് ഭഗീത പുതിയ ഭവനത്തിൽ നയിച്ചിരുന്നതു്. അവളുടെ പുതിയ മിസ്ട്രസ് ഒരു അമ്മയെക്കാൾ കൂടുതലായി അവളെ സ്നേഹിച്ചു. യൂറോപ്യൻ ഫാഷനിലുള്ള നല്ല നല്ല ഉടുപ്പുകൾ അവൾക്കു് തയ്പിച്ചുകൊടുത്തു. അവർ എല്ലാവരും കിടക്കുന്നതും ഒരു മുറിയിൽതന്നെ ആയിരുന്നു.

ഭഗീതയുടെ മിസ്ട്രസ്സിനെ ഒരു യഥാർത്ഥക്രിസ്ത്യാനിയാക്കുവാൻ മി. സെചീനി വളരെ ശ്രമിച്ചു. അവർ പല വൈദികരുമായി സംസാരിക്കുവാൻ സന്ദർഭം ഉണ്ടാക്കി. പക്ഷേ യാതൊരു പ്രയോജനവും ഉണ്ടായിരുന്നില്ല. അവരെ മാനസാന്തരപ്പെടുത്തുവാൻ സാധിച്ചില്ലെങ്കിൽ വേണ്ട; എങ്ങിനെയെങ്കിലും നിഷ്കളങ്കയായ നീഗ്രോക്കുട്ടിയെ വിശ്വാസത്തിൽ കൊണ്ടുവരുവാൻ അദ്ദേഹം തീരുമാനിച്ചുറച്ചു. ഈ തീരുമാനം പ്രവൃത്തിപഥത്തിലാക്കുവാൻ പല വഴികളും അദ്ദേഹം ആലോചിച്ചു. ദൈവസഹായം അദ്ദേഹത്തിൻെറകൂടെ ഉണ്ടായിരുന്നു. മി. അഗസ്റ്റസ്സും കുടുംബവും ഇററലിയിൽ വന്നു് 3 വർഷം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു തൊഴിൽ സംബന്ധമായ ചില ഇടപാടിനുവേണ്ടി ആഫ്രിക്കക്കു് പോകേണ്ടിവന്നു. അതിനുമുൻപായി ഇററലിയിലുള്ള അവരുടെ വസ്തുക്കളെല്ലാം വിൽക്കുന്നതിനായി തീരുമാനിച്ചു. കഴിയുന്നതും ചിലവു കുറയ്ക്കുന്നതിനുവേണ്ടി ഭഗീതയേയും തല്ക്കാലം കൊണ്ടുപോകണ്ടെന്നുവെച്ചു. അവളുടെ യജമാനനും മിസ്ട്രസും ഇററലി വിട്ടു പോകയാണെന്നു അറിഞ്ഞ മാത്രയിൽ അവൾക്കു് വലിയ മനസ്താപമായിരുന്നു. കാരണം ഇററലി വിട്ടു പോകുവാൻ അവൾ ഒട്ടും ഇഷ്ടപ്പെട്ടില്ല.

മി. സെചീനി സംഗതികളുടെ ഗൌരവം മനസ്സിലാക്കി. ഇതുതന്നെ പററിയ അവസരം എന്നു് കരുതി അവളെ സംരക്ഷിക്കേണ്ട ചുമതല താൻ ഏററ

കൊള്ളാമെന്നു് സമ്മതിച്ചു. ഭഗീതയെ വിശ്വാസത്തിൻെറ പൊൻകതിർ ഏല്പിക്കുവാൻ അവസരം പാർത്തിരുന്ന മി. സെചീനി ഇതിലേക്കായി നല്ല ഒരു വിദ്യ കണ്ടുപിടിച്ചു. അവളെ വെനീസ്സിലുള്ള കാനോസ്സിയൻ സിസ്റ്റേഴ്സിൻെറ മഠത്തിൽ താമസിപ്പിക്കാമെന്നും അവർ തിരിച്ചുവരുമ്പോൾ അവളെ അവിടുന്നു് കൊണ്ടുപോകാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അതനുസരിച്ചു് അവർക്കു് മഠത്തിൽ പ്രവേശനം കിട്ടുന്നതിനായി അവർ രണ്ടുപേരും പരിശ്രമിക്കുവാൻ തുടങ്ങി.

1889-ാം മാണ്ടു് ഒരു ദിവസം പ്രഭാതത്തിൽ ഭഗീത, മിസ്സസ് അഗസ്റ്റസ് അവരുടെ പുത്രിയോടും, മി. സെചീനി അയാളുടെ അഞ്ചു പെൺമക്കളോടും കൂടി മഠത്തിലേയ്ക്കുപോയി. ഉപവികളുടെ സഹോദരികളായ കാനോസ്സിയൻ കന്യാസ്ത്രികളുടെ സ്വതേയുള്ള ദയവോടുകൂടി മദർ സുപ്പീരിയർ അവരെ സ്വാഗതം ചെയ്തു. അവസാനം യാത്രപറഞ്ഞു പിരിയാറായപ്പോൾ മി. അഗസ്റ്റസിൻെറ പുത്രി, അവരോടുകൂടി പോകുവാൻ വിസമ്മതിച്ചു. അവൾക്കും ഭഗീതയോടുകൂടി താമസിക്കണമെന്നു് നിർബന്ധം ആയി. നിവൃത്തിയില്ലാതെ അവളും ഭഗീതയോടുകൂടി താമസിക്കുന്നതിനു് സമ്മതിച്ചു. അതിനുള്ള അനുവാദവും വാങ്ങിച്ചു. അങ്ങിനെ മി. സെചീനിയുടെ പ്രയത്നഫലമായി ഭഗീത ആഫ്രിക്കയിലേയ്ക്കു പോകാതെ രക്ഷപ്പെട്ടു. മിസ്സസ് അഗസ്റ്റസ് പോകുന്നതിനുമുൻപായി ഭഗീതയോടു പറഞ്ഞു. അങ്ങിനെ "ഭഗീത, നീ ഇവിടെ താമസമാക്കി. നിൻെറ പുതിയ വീടാണു് ഇതു്. ഇവിടെയാണു് നീ ജീവിക്കേണ്ടതു്." ഇതു് ഒരു പ്രവചനമായിരുന്നുവെന്നു് ഒരു പക്ഷേ അവരാരും അറിഞ്ഞുകാണുകയില്ല.

## കാനോസിയൻ കന്യാസ്ത്രികൾ

കാനോസ്സാ പ്രഭുകുടുംബത്തിൽ ഭൂജാതയായ മാഗ്ഡെലൻ കാനോസ്സായാൽ ആരംഭിച്ച സന്യാസസഭയാണു് ഉപവികളുടെ സന്യാസസഭ. നെപ്പോളിയൻ ചക്രവർത്തി ഇററലിയിൽ ആയിരുന്ന കാലത്തു് വെറോനായിലുള്ള കാനോസ്സാ കൊട്ടാരത്തിൽ പല പ്രാവശ്യം ശത്രുക്കളിൽനിന്നു് അഭയം പ്രാപിച്ചിട്ടുണ്ടു്. കാനോസ്സായിലെ മാഗ്ഡലെൻ, പാവപ്പെട്ട അനാഥരായ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി ഒരു കെട്ടിടം വിട്ടുതരണമെന്നു് നെപ്പോളിയനോടു് ആവശ്യപ്പെടുകയും അദ്ദേഹം അതു് കൊടുക്കുകയും ചെയ്തു. കന്യാസ്ത്രീകളെ കന്യകാലയത്തിൽ നിന്നു് ഓടിക്കുന്നതിനു് നെപ്പോളിയൻ ശ്രമിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു് എന്നു നാം ഓർക്കണം.

മാഗ്ഡലെൻെറ പരിശ്രമഫലമായി അനവധി സ്കൂളുകളും, അനാഥശാലകളും ആസ്പത്രികളും സ്ഥാപിച്ചു. ആ മഹിളാമണിയെ അനുഗമിക്കുവാൻ ധാരാളം യുവതികൾ മുന്നോട്ടുവന്നു. ഉപവികളുടെ സഹോദരികൾ എന്ന പേരാണു് അവക്കു ആദ്യം നൽകപ്പെട്ടതെങ്കിലും കാനോസ്സിയൻ സിസ്റ്റേഴ്സ് എന്ന പേരിലാണു് അവർ ഇപ്പോൾ അറിയപ്പെടുന്നതു്. ഇപ്രകാരമുള്ള ഒരു സന്യാസിനി സമൂഹത്തിലാണു് ഭഗീത ഇപ്പോൾ വന്നുചേർന്നിരിക്കുന്നതു്. എവിടെയും സ്നേഹവും ദയവും ആണു് അവൾ ദർശിക്കുന്നതു്. ഭഗീതയുടെ ഭാഷ മനസ്സിലാക്കുവാൻ ആദ്യം വളരെ പ്രയാസം ഉണ്ടായിരുന്നെങ്കിലും പിന്നീടു ഭഗീതയ്ക്കും അവളുടെ കുഞ്ഞു മിസ്ട്രസ്സിനും ദൈവത്തേയും ദൈവിക കാര്യത്തെയുംപററി പറഞ്ഞു കൊടുക്കുവാൻ സാധിച്ചു. ദൈവത്തെപ്പററി കൂടുതൽ അറിയുന്തോറും ഭഗീതയുടെ മുഖത്തു് ഒരു നവചൈതന്യം ഉണ്ടാകുകയും കണ്ണുകൾ കൂടുതൽ പ്രകാശമാനമായി കാണുകയും ചെയ്തു. അവൾ കേട്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത പല സംഗതികളെപ്പററി പഠിക്കുവാൻ തുടങ്ങി. എല്ലാവരുടേയും ദുഃഖങ്ങളും സങ്കടങ്ങളും അറിയുന്ന സർവ്വകാരുണ്യവാനായ ഒരു പിതാവു് ഉണ്ടു്. പാവം ഭഗീത! ഒരു മൃഗത്തേക്കാൾ നീചമായി പെരുമാറി, അടികൊണ്ടു രക്തം ചിന്തപ്പെട്ട അവൾ സർവ്വശക്തനായ ദൈവത്തിൻെറ വാത്സല്യപുത്രിയാണെന്നു അറിഞ്ഞപ്പോൾ അവളുടെ ഹൃദയം സന്തോഷത്താൽ തുടിച്ചു. അവളുടെ കണ്ണുകളിൽ നിന്നും സന്തോഷാശ്രുക്കൾ ഒഴുകുവാൻതുടങ്ങി. കത്തോലിക്കാസഭയിൽ ജനിച്ചു്, അതിൽതന്നെ ജീവിക്കുന്ന ഒരാൾക്കു് ഈ സൌഭാഗ്യത്തിൻെറ മഹത്വം മനസ്സിലാക്കുവാൻ സാധിക്കയില്ല. എന്നാൽ ഭഗീതയെപ്പോലെ ദൈവത്തേയും ദൈവിക കാര്യത്തെക്കുറിച്ചും യാതൊന്നും കേൾക്കുവാൻ ഉള്ള ഭാഗ്യം ലഭിക്കാതെ വനാന്തരത്തിൽ കാട്ടാളന്മാരെപ്പോലെ ജീവിച്ചുവരുക്ക ഈ സന്ദർഭത്തിൽ അങ്ങേയററം സന്തോഷിക്കുവാൻ സാധിക്കും. ഇടയ്ക്കിടയ്ക്കെല്ലാം ഭഗീത സുപ്പീരിയറിനോടോ

അല്ലെങ്കിൽ ഏതെങ്കിലും ഒരു കന്യാസ്ത്രീയോട് ചോദിക്കും സിസ്റ്റർ ഞാൻ വാസ്തവത്തിൽ ദൈവത്തിന്റെ മകളാണോ? ദൈവം ഈ പാവപ്പെട്ട നീഗ്രോപ്പെണ്ണിനെ സ്നേഹിക്കുന്നുണ്ടോ? അങ്ങിനെ എങ്കിൽ എനിക്ക് ഒന്നും അങ്ങോട്ടു കൊടുക്കാനില്ലല്ലോ. ദൈവം അവളെ യഥാർത്ഥത്തിൽ ആത്മാർത്ഥമായി. സ്നേഹിക്കുന്നുണ്ടെന്ന് സിസ്റ്ററിൽ നിന്ന് ഉറപ്പു കിട്ടിക്കഴിഞ്ഞാൽ ഉടൻ അവൾ ജോലിചെയ്യുന്നതിനായി ഓടും. ജോലികളുടെ ഇടയ്ക്ക് ഒരായിരം പ്രാർത്ഥനകൾ അവളുടെ ഹൃദയത്തിൽ നിന്ന് ദൈവത്തിങ്കലേയ്ക്ക് ഉയരും.

ഇങ്ങനെ ആനന്ദസന്ദായകമായ പത്തുമാസങ്ങൾ വേഗം കടന്നുപോയി. ഭഗീതയ്ക്ക് ഒരാഗ്രഹം മാത്രമേ ഉള്ളു ഇപ്പോൾ. അതായത് അവൾക്ക് ജ്ഞാനസ്നാനം സ്വീകരിക്കണം. അതിനായി അവൾ ഒരുങ്ങിക്കൊണ്ടിരിക്കയാണ്. ആ വലിയ കൂദാശ സ്വീകരിക്കുന്നതിന്റെ തലേദിവസം ഭഗീതയേയും മകളേയും ഉടനെ ആഫ്റിക്കയ്ക്ക് കൊണ്ടുപോകുന്നതിനായി മിസ്സസ്. അഗസ്ററസ് അവിടെ ആഗതയായി. ഭഗീതയെ അവിടെയുള്ള ഹോട്ടലിൽ പരിചാരികയായി നിറുത്താനാണ് അവർ ഉദ്ദേശിച്ചിരുന്നത്.

ഭഗീത ധർമ്മസങ്കടത്തിലായി. അവളുടെ ഇപ്പോഴത്തെ മനഃസ്ഥിതി എന്താണെന്ന് വായനക്കാർക്ക് ഊഹിക്കാമല്ലോ. ഒരു പക്ഷേ അവൾ ജ്ഞാനസ്നാനം സ്വീകരിച്ചതിനുശേഷം ആണ് ആഫ്രിക്കായ്ക്ക് പോകുന്നതെങ്കിൽ, അവിളുടെ വിശ്വാസം കാത്തുസംരക്ഷിച്ച് എങ്ങിനെ ആ കാട്ടുപ്രദേശത്ത് ജീവിക്കും. ദൈവവിശ്വാസം ഇല്ലാത്തവരുടെ ഇടയ്ക്ക് എങ്ങിനെ അവൾ അവളുടെ നിർമ്മലമായ ആത്മാവിനെ കളങ്കരഹിതമായി കാത്തുസൂക്ഷിക്കും. അവൾക്ക് കിട്ടിയിരിക്കുന്ന ഈ സന്തോഷം എന്നന്നേയ്ക്കുമായി നശിപ്പിക്കണോ? അവൾ മഠത്തിന്റെ കാഴ്ചമുറിയിൽ മിസ്ട്രസ്സിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഈ വക വിചാരങ്ങളെല്ലാം അവളുടെ മനസ്സിൽ കൂടി കടന്നുപോയി. അവളുടെ ദൃഷ്ടി മുകളിലേക്ക് ഉയർത്തി അവിടെ പ്രതിഷ്ഠിച്ചിരുന്ന ക്രൂശിതരൂപത്തിൽ പതിച്ചു. അവൾ ഇതുവരെയും അനുഭവിച്ചിട്ടില്ലാത്തതായ ഒരു ദിവ്യശക്തി അവൾക്കു ലഭിച്ചു. അവൾ എതിർക്കുവാൻതന്നെ തീരുമാനിച്ചു. അവളുടെ ജീവിതത്തിൽ അന്നാദ്യമായിട്ടാണ് ഉങ്ങനെ ഒന്നു സംഭവിച്ചത്. "ഇല്ല, ഒരിക്കലുമില്ല. ഞാൻ അങ്ങയുടെ കൂടെ വരുന്നില്ല. ഞാൻ ഇവിടെത്തന്നെ താമസിക്കുവാൻ പോകയാണ്." അവൾ മിസ്സസ് അഗസ്റ്റസിനോടു തീർത്തുപറഞ്ഞു. ഭഗീതതന്നെയാണോ ഈ വാക്കുകൾ പറഞ്ഞതെന്ന് അവർ സംശയിച്ചു. അവരുടെ അടിമ—അവർ പറയുന്നത് എന്തും അനുസരിക്കുവാൻ കടമയുള്ള അടിമ—അവളാണോ ഇപ്രകാരം തന്നോടു സംസാരിക്കുന്നതെന്ന് അവർ ചോദിച്ചു. അവൾ അവരുടെ അടിമയാണെന്നു സമ്മതിച്ചു. പക്ഷേ മിസ്ട്രസിന്റെ കൂടെ പോയാൽ അവൾക്ക് ദൈവത്തെ സേവിക്കുവാൻ സാധിക്കയില്ലാ എന്നു പറഞ്ഞു.

"ഭഗീത; ഞാൻ നിന്നെ ഒരു മകളെപ്പോലെ സ്നേഹിച്ചു. എനിക്കുള്ളതെല്ലാം നിന്റെ സ്വന്തമായിട്ടു തന്നു. കത്തോലിക്കാ മതത്തെപ്പററി പഠിക്കുവാൻ നിനക്ക് അവസരം തന്നു. എന്നിട്ട് ഈ നന്ദികേടാണോ നീ കാണിക്കുന്നത്." ഭഗീത പൊട്ടിക്കരഞ്ഞു. വാസ്തവത്തിൽ അവളുടെ മിസ്ട്രസ് വളരെ അധികം തന്നെ സ്നേഹിക്കുന്നുണ്ടെന്ന് അവൾക്ക് അറിയാം. "അമ്മേ, എനിക്ക് ചെയ്തിട്ടുള്ള ഉപകാരങ്ങൾ ഒന്നും ഞാൻ മറക്കത്തില്ല. ദൈവം അതിനു പ്രതിഫലം തരും. ഞാൻ അങ്ങേക്കുവേണ്ടി എപ്പോഴും പ്രാർത്ഥിക്കും. പക്ഷേ എനിക്ക് ഇവിടന്ന് പോരാൻ സാധിക്കുകയില്ല." ഭഗീത ഇതു പറഞ്ഞുകഴിഞ്ഞപ്പോൾ മദർ സുപ്പീര്യർ മിസ്സ് അഗസ്ററിന്റെ മകളോടുകൂടി അവിടെ വന്നു. "മിനാ– ഭഗീത നമ്മളോടു വരുന്നില്ല". മിസ്ട്രസു പറഞ്ഞു. മിനാ ഭഗീതയെ കെട്ടിപ്പിടിച്ചുകൊണ്ട് കരയുവാൻ തുടങ്ങി. "അങ്ങിനെ ഒരിക്കലും പറയരുത് തീർച്ചയായും നീ ഞങ്ങളുടെ കൂടെ വരണം."

ഭഗീത, മീനയെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. അവളുടെ ഹൃദയം പൊട്ടിപ്പോകുമെന്നുപോലും അവൾക്കു തോന്നി. ശക്തി കിട്ടുവാൻ വീണ്ടും അവൾ ക്രൂശിതരൂപത്തിലേക്ക് ഒന്നു നോക്കി നെടുവീർപ്പിട്ടു. "ഞാൻ വരുന്നില്ല. എനിക്ക് ഇവിടെത്തന്നെ താമസിക്കണം." അവൾ മദർ സുപ്പീരിയറിന്റെ മുഖത്തേക്കു നോക്കി. നന്ദികേടു കാണിക്കാതെ അവളുടെ മിസ്ട്രസ്സിനെ അനുഗമിക്കണം എന്നാണു മദർ പറഞ്ഞത്. കുറെ നേരം മൗനമായിരുന്നതിനു ശേഷം ഭഗീത പറഞ്ഞു: "ഇല്ല, ഞാൻ ഒരിക്കലും ഈ പരിശുദ്ധമായ സ്ഥലം ഉപേക്ഷിക്കയില്ല. ഇവിടുന്നു ഞാൻ പോകയാണെങ്കിൽ ഞാൻ നശിക്കും." ഭഗീതയുടെ ഈ സ്ഥിര നിശ്ചയം കണ്ട് മദറും മിസ്സസ് അഗസ്ററസും അത്ഭുതപ്പെട്ടു. ഭഗീത എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു. എന്തുപറഞ്ഞാലും കണ്ണുമടച്ചു അനുസരിക്കുന്ന ഭഗീതയെ അല്ല അവർ ഇപ്പോൾ അവിടെ കണ്ടത് അവൾക്ക് ഈ ധൈര്യവും ശക്തിയും എവിടുന്നു കിട്ടി.

(തുടരും)

# ഉത്തരീയ ഭക്തിയും പള്ളിപ്പഞ്ചാംഗ പരിഷ്ക്കരണവും

(റവ. ഫാ. എലിസേവൂസ്, ഒ. സി. ഡി.)

കഴിഞ്ഞ വർഷം 23-ാം ജോൺ മാപ്പാപ്പായുടെ കല്പനപ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട പുതിയ റോമൻ കലണ്ടറിൽ തിരുനാളുകളെ നവീനരീതിയിൽ ക്രമപ്പെടുത്തുകയുണ്ടായി. അതിൽ നമ്മുടെ കർത്താവിന്റെ തിരുനാളുകൾക്കും ഞായറാഴ്ചകൾക്കും വലിയ പ്രാധാന്യം നൽകുന്നതിനോടൊപ്പം മററ ചില തിരുനാളുകളുടെ ഗ്രേഡ് കുറച്ച് വെറം "അനുസ്മരണങ്ങൾ" (Commemorations) മാത്രമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽപെട്ട ഒന്നാണ് കർമ്മേലമാതാവിന്റെ തിരുനാൾ. പ്രസ്തുത തിരുനാളിന്റെ പ്രാധാന്യം കുറച്ചതിന്റെ ഫലമായി ഉത്തരീയഭക്തിയെക്കുറിച്ചു പലേ ചിന്താക്കുഴപ്പങ്ങളും വിശ്വാസികളുടെയിടയിൽ മാത്രമല്ല, വൈദികരുടെയിടയിലും സംജാതമായിട്ടുണ്ടെന്നറിയുന്നു. ഉത്തരീയഭക്തിയുടെ അടിസ്ഥാനം പൊളിഞ്ഞു, കർമ്മേലമാതാവിനോടുള്ള നൊവേന ഇനി ചൊല്ലേണ്ടാ, എന്നെല്ലാം പറഞ്ഞുതുടങ്ങിയിട്ടുള്ളവരും ഉണ്ട്. അതിനാൽ ഉത്തരീയഭക്തിയെപ്പററി എല്ലാവരും അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ തൽക്കാലം ചുരുക്കമായി ഇവിടെ കുറിച്ചുകൊള്ളട്ടെ.

## കർമ്മേലമാതാവിന്റെ തിരുനാൾ

1960-ൽ പള്ളിപ്പഞ്ചാംഗം പരിഷ്കരിക്കുന്നതിനുമുമ്പ് കർമ്മേലമാതാവിന്റെ തിരുനാൾ ജൂലൈ 16-ാം തിയതി സാർവ്വത്രികസഭയിൽ ഡൂപ്ളെക്സ് മായൂസ് (duplex majus) എന്ന പദവിയിലും കർമ്മേലീത്താ സഭയിൽ ഒന്നാംക്ലാസ് പദവിയിലും ആഘോഷിക്കപ്പെട്ടിരുന്നു. ഇന്നു സാർവ്വത്രിക സഭയിൽ അതു് വെറം "ഒരനുസ്മരണാദിന"മാക്കിയിരിക്കുന്നു. ഇതുപോലെതന്നെ വേദസാക്ഷിയും മെത്രാനുമായ വി. ബ്ളാസിയൂസ് (ഫെബ്രവരി 3), വേദസാക്ഷിയായ വി. വലന്തീനൂസ് (ഫെബ്രവരി 14), വേദസാക്ഷിയും മാപ്പാപ്പായുമായ വി. ഫേലിക്സ് ഒന്നാമൻ (മെയ് 30), വി. ഒന്നാം പീയൂസ് മാപ്പാപ്പാ (ജൂലൈ 11), മുതലായവരുടെ തിരുനാളുകളും അനുസ്മരണാദിനങ്ങൾ മാത്രമാക്കിയിട്ടുണ്ട്. വേറെ പല തിരുനാളുകൾ അനുസ്മരണംപോലുമില്ലാതെ കലണ്ടറിൽനിന്നു് നീക്കം ചെയ്തിരിക്കുകയാണ്.

എന്നാൽ അതേസമയം കർമ്മേലമാതാവിന്റെ തിരുനാൾ പണ്ടത്തെപ്പോലെതന്നെ യാതൊരു വ്യത്യാസവും കൂടാതെ ഒന്നാംക്ലാസ് തിരുനാളായി പതിവുള്ള എല്ലാ മോടികളോടുംകൂടി കർമ്മേലീത്താസഭയിൽ ആഘോഷിക്കുന്നതിനു തിരുസഭ അനുവദിച്ചിട്ടുമുണ്ട്. ഈ വസ്തുതകളുടെ വെളിച്ചത്തിൽ കത്തോലിക്കസഭ ഉത്തരീയഭക്തി തള്ളിക്കളഞ്ഞിരിക്കുന്നു എന്ന നിഗമനത്തിൽ ഒരാൾക്ക് എപ്രകാരം എത്തിച്ചേരാൻ സാധിക്കും? കർമ്മേലമാതാവിനോടനുബന്ധിച്ച ഉത്തരീയഭക്തിയിൽ എന്തെങ്കിലും അവിഹിതമായിട്ടുണ്ടായിരുന്നെങ്കിൽ കർമ്മേലീത്താ സഭയിൽപോലും ഈ തിരുനാൾ ആഘോഷിക്കുന്നതിനു് അനുവദിക്കാതെ എല്ലാ പഞ്ചാംഗങ്ങളിൽനിന്നും ആ തിരുനാൾതന്നെ നീക്കം ചെയ്യുകയില്ലായിരുന്നോ? അതിനാൽ കർമ്മേലമാതാവിന്റെ തിരുനാളിന്റെ പദവി കുറഞ്ഞതുകൊണ്ട് ഉത്തരീയഭക്തിയുടെ പ്രാധാന്യം വാസ്തവത്തിൽ കുറയുന്നില്ല.

## ചരിത്ര പശ്ചാത്തലം

ഉത്തരീയഭക്തിയുടെ ചരിത്ര പശ്ചാത്തലവും ആ ഭക്തിയും തമ്മിൽ വേർതിരിക്കാൻ പാടില്ലാത്ത ബന്ധമൊന്നുമില്ല. അവ തമ്മിലുള്ള ബന്ധം അത്യന്താപേക്ഷിതമാണെന്നുള്ള ധാരണ സാധാരണ വിശ്വാസികൾക്കുണ്ട്. ഈ ധാരണ ജനിച്ചിരിക്കുന്നതിന്റെ കാരണം ഉത്തരീയ ഭക്തിയുടെയും അതിന്റെ ചരിത്ര പശ്ചാത്തലത്തിന്റെയും യഥാർത്ഥ സ്വഭാവം ശരിക്കു ഗ്രഹിച്ചിട്ടില്ലാത്തതുകൊണ്ടത്രേ.

സ്വകാര്യ വെളിപാടുകളിൽ നിന്നു സന്ദർഭവശാൽ ഉടലെടുക്കുന്ന ഭക്തികളെ കത്തോലിക്കാസഭ അംഗീകരിക്കുന്നതിനു മുമ്പ് ആ വെളിപാടുകളുടെ ചരിത്ര വസ്തുതയെപ്പററി അതതു കാലത്തെ നിരൂപണ മാനദണ്ഡങ്ങൾ ഉപയോഗിച്ച് അന്വേഷിക്കാറുണ്ട്. അന്വേഷണത്തിന്റെ ഫലമായി ആ വെളിപാടുകളിൽ, വിശ്വാസത്തിനും സന്മാർഗ്ഗത്തിനും

എതിരായി ഒന്നുമില്ലെന്നു ബോദ്ധ്യപ്പെട്ടാൽ, ആ ഭക്തി അഭ്യസിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സഭ അനുവദിക്കുന്നു. തന്നിമിത്തം ആ സ്വകാര്യ വെളിപാടിനെ തൻെറ തെററാവരം കൊണ്ടു് മാർപ്പാപ്പാ അംഗീകരിച്ചെന്നോ നാം അതു് വിശ്വസിക്കുവാൻ കത്തോലിക്കാ സഭ കൽപ്പിക്കുന്നെന്നോ നമുക്കതിനു കടമയുണ്ടെന്നോ അനുമാനിക്കുന്നതു് അബദ്ധമാണു്. ഒരു ഭക്തിയുടെ പശ്ചാത്തലമായി സ്ഥിതിചെയ്യുന്ന രഹസ്യ വെളിപാടിനെ വിശ്വസിക്കുന്നതിനോ വിശ്വസിക്കാതിരിക്കുന്നതിനോ നമുക്കു് സ്വാതന്ത്ര്യമുണ്ടു്. അതിൻെറ പിന്നിൽ ഒരു രഹസ്യവെളിപാടില്ലെങ്കിലും, ആ ഭക്തി അതിൽ തന്നെ വിശ്വാസികൾക്കു പ്രയോജനകരമാകുന്നതിനാൽ, അതംഗീകരിക്കുന്നു എന്നുള്ളതാണു് കത്തോലിക്കാസഭയുടെ നിലപാടു്. എന്തെങ്കിലും തക്ക ആദ്ധ്യാത്മിക പ്രയോജനത്തേപ്പററി ബോദ്ധ്യംവരാതെ കത്തോലിക്കാസഭ ഒരു ഭക്തിയേയും അംഗീകരിക്കുകയില്ല. അതിനാൽ ഒരു നിർദ്ദിഷ്ട സ്വകാര്യവെളിപാടു് യഥാർത്ഥമായിരുന്നില്ലെന്നു് ചരിത്രം ഒരുകാലത്തു് തെളിയിച്ചാൽ പോലും, സന്ദർഭവശാൽ അതിൽനിന്നുടലെടുത്ത ഭക്തി അതിൻെറ വേദതത്വാടിസ്ഥാനത്തിൽ ഉറച്ചു നിന്നുകൊള്ളും.

സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കിയിട്ടുള്ള രഹസ്യ വെളിപാടുകളിൽ നിന്നു് കത്തോലിക്കാസഭയുടെ അംഗീകാരത്തോടുകൂടി പ്രചാരം സിദ്ധിച്ചിട്ടുള്ള ഫാത്തിമാ മാതാവിനോടുള്ള ഭക്തി, ലൂർദ്ദ് മാതാവിനോടുള്ള ഭക്തി, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി മുതലായവയുടെ കാര്യത്തിലെന്നപോലെ, പൂർവ്വകാലങ്ങളിൽ അത്രമാത്രം ചരിത്രഗവേഷണം ചെയ്യാതെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഭക്തികളുടെ കാര്യത്തിലും ഇതു വാസ്തവമാകുന്നു.

കർമ്മലോത്തരീയഭക്തി മദ്ധ്യ ശതകങ്ങൾക്കു മുമ്പു് ആരംഭിച്ചിട്ടുള്ളതാണു്. ഒരു രഹസ്യ വെളിപാടു് ഇതിനും പശ്ചാത്തലമായിട്ടുണ്ടു്. അതേപ്പററിയുള്ള പാരമ്പര്യമിതാണു്:

കർമ്മലീത്താ സഭയുടെ ജനറൽ സുപ്പീരിയറായിരുന്ന വി. സൈമൺ സ്റ്റോക്കു് തൻെറ കാലത്തു സഭയ്ക്കു നേരിട്ട വിവിധവിഷമങ്ങളിൽ പ. കന്യകയുടെ സഹായം കേണപേക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങിനെയിരിക്കെ, 1251, ജൂലൈ 16–ാം തീയതി പ. കന്യക അസംഖ്യം വാനാരൂപികളാൽ പരിസേവിതയായി കർമ്മലോത്തരീയവും കരങ്ങളിലേന്തിക്കൊണ്ടു് വിശുദ്ധനു പ്രത്യക്ഷപ്പെട്ടു്, അത്യധികം ദയയോടുകൂടി ഇപ്രകാരം പറഞ്ഞു: "ഇതാകുന്നു നിനക്കും കർമ്മലീത്തരായ നിൻെറ എല്ലാ മക്കൾക്കും വേണ്ടി ഞാൻ നൽകുന്ന ആനുകൂല്യം. ആരീ വസ്ത്രം ധരിച്ചുകൊണ്ടു മരിക്കുന്നുവോ അവൻ രക്ഷപെടും." ഇതിനും പുറമേ 1316–ൽ മാർപ്പാപ്പായായിത്തീർന്ന ജോൺ 22–ാമൻ വഴി സ്വർഗ്ഗീയരാജ്ഞി കർമ്മലോത്തരീയത്തിനു് മററൊരു ആനുകൂല്യംകൂടി കല്പിച്ചരുളി. അതാണു് ശനിയാഴ്ചവാരം എന്ന പേരിൽ അറിയപ്പെടുന്നതു്.

## പാരമ്പര്യത്തിൻെറ വിലയിരുത്തൽ

മേൽ വിവരിച്ച പാരമ്പര്യത്തിൻെറ ചരിത്രവിലയെപ്പററി പണ്ഡിതന്മാരുടെയിടയിൽ 17-ാം നൂററാണ്ടുമുതൽ സംശയങ്ങളും അഭിപ്രായ വ്യത്യാസങ്ങളും നിലവിലിരിപ്പുണ്ടു്. ഉത്തരീയ ദർശനത്തെ സംബന്ധിച്ചുള്ള ആദ്യചരിത്രരേഖകൾ കാണപ്പെടുന്നതു് സംഭവത്തിൻെറ ശേഷം വളരെ കൊല്ലങ്ങൾ കഴിഞ്ഞിട്ടാണെന്നുള്ളതു് വസ്തുവം തന്നെ. ഈ വിഷയത്തെ കുറിച്ചു് നിരൂപണദൃഷ്ട്യാ പഠനം നടത്തിയിട്ടുള്ള ചരിത്രപടുക്കളുടെ അഭിപ്രായത്തിൽ 1251–ൽ നടന്നെന്നു് പറയപ്പെടുന്ന ഉത്തരീയ ദർശനത്തേക്കുറിച്ചു്, 14-ാം നൂററാണ്ടിൻെറ മദ്ധ്യത്തോടടുത്തു് അതായതു് സംഭവാനന്തരം ഒരു നൂററാണ്ടു് കഴിഞ്ഞെങ്കിലും വ്യക്തമായ ചരിത്ര രേഖകളുണ്ടു്. (1)

ഇപ്പോൾ ബാമ്പേർജിൽ സൂക്ഷിക്കപ്പെടുന്ന, 1426–ലെ ഒരു കയ്യെഴുത്തു പ്രതിയിലുള്ള, ജോൺ ഗ്രോസിയുടെ Viridiarium എന്ന ഗ്രന്ഥത്തിലാണു് ആദ്യത്തെ ചരിത്രരേഖകൾ കാണപ്പെടുന്നതു്. പക്ഷേ "ഈ വിവരണം അപ്പടി ജോൺ ഗ്രോസ്സിയുടേതല്ല; പിന്നെയോ, അദ്ദേഹത്തിനു മുമ്പു ജീവിച്ചിരുന്ന ഏതോ ഒരു ഗ്രന്ഥകർത്താവിൽ നിന്നെടുത്തിട്ടുള്ളതാണു്; അതൊന്നുകിൽവാമൊഴിയായോ അല്ലെങ്കിൽബൊർദോയിൽ താമസിച്ചിരുന്ന ഇംഗ്ലീഷുകാരനായ ഏതൊ ഒരു സന്യാസി രേഖാമൂലമായോ അറിയിച്ചിട്ടുള്ളതാണു്" എന്നത്രേ ഫാ. ബെനഡിക്ററ് സിമ്മർമൻ അഭി

(1) P. Bartholomeus Xiberta, O. Carm. De Visione S. Simonis Stock, Romae, 1950.

പ്രായപ്പെടുന്നതു്(2). അതിനാൻ ഈ രേഖ 14-ാം നൂററാണ്ടിലേതായിട്ടു കരുതണമെന്നാണു് അഭിജ്ഞ മതം.

ഉത്തരീയദർശനത്തെപ്പററി കൂലങ്കഷമായി പഠിച്ചതിൻെറ ശേഷം 1958-ൽ ഫാ. എലിസേ ഫ്രഞ്ച് ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ഏററവും അധുനാതനവുമായ ആധാരികഗ്രന്ഥത്തിൽ തൽകർത്താവു് പറയുന്നതു്: "സംഭവത്തിൻെറയും അതേപ്പററിയുള്ള ആദ്യ രേഖയുടേയും ഇടയ്ക്കു് ഒരു നൂററിച്ചില്ലവാനം വർഷങ്ങളുടെ കാലദൈർഘ്യത്തിൽ കൂടുതലുണ്ടാകുകയില്ല. ഈ കഴിഞ്ഞ 20 വർഷത്തിനിടയ്ക്കു 50 കൊല്ലത്തോളം കുറഞ്ഞുപോയിരിക്കുന്ന ഈ കാലഘട്ടം ഭാവിയിൽ കൂടുതൽ കുറയുമെന്നു് ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതുകൊണ്ടത്രേ വി. സൈമൺസ്റ്റോക്കിനുണ്ടായ ദർശനത്തിൻെറ ചരിത്ര വസ്തുത വൃഥാ നിഷേധിക്കുന്നതു് ഇന്നു് ശാസ്ത്രീയമായി നോക്കിയാൽ ഒരു സാഹസമായിരിക്കും"(3).

ഇന്നു നിലവിലിരിക്കുന്ന ചരിത്രരേഖകളുടെ വെളിച്ചത്തിൽ കർമ്മെലീത്താപാരമ്പര്യം ഒരസന്ദിഗ്ദ്ധ ചരിത്രവസ്തുതയായി തെളിഞ്ഞിരിക്കുന്നു എന്നു പറയുവാൻ സാദ്ധ്യമല്ല. അതേസമയംതന്നെ, ഉത്തരീയദർശനത്തിനു് വി. സൈമൺസ്റ്റോക്കിൻെറ സമകാലീനന്മാരിൽനിന്നു് തെളിവുകളും രേഖകളും ലഭിക്കാത്തതുകൊണ്ടു്, അതു് പാടെ നിഷേധിക്കുന്നതിനു് എതിരഭിപ്രായക്കാർക്കും ന്യായമില്ല. ഒരു വസ്തു കയ്യിലിരിക്കുന്നവൻെറ സ്ഥിതിയല്ലേ മെച്ചം?

കർമ്മെലീത്തർ ഈ പാരമ്പര്യത്തെ വളരെ വിലമതിക്കുകയും അതിൽ അഭിമാനംകൊള്ളുകയും ചെയ്യുന്നു. ഒരുകാലത്തു് ഉത്തരീയദർശനത്തേപ്പററിയുള്ള ചരിത്രവസ്തുത കൂടുതൽ ദുർബലമായിത്തീർന്നാൽപോലും അതു് ഉത്തരീയഭക്തിയെ ഉലയ്ക്കാത്ത വിധത്തിലാണു് കത്തോലിക്കാസഭ അതിനെ അംഗീകരിച്ചിട്ടുള്ളതും, കർമ്മെലീത്താസഭ അതിനെ കരുതുന്നതും.

(2) P. Benedictus Zimmerman, O. C. D. De Sacro Scapulari Carmelitarum, Analecta, O. C. D. Romae, 1927, Oct. - Nov. 1927, P. 71.

(3) P. Elisee de la Nativite, O. C. D. Le Scapulaire du Carmel, Etude historique, Editions du Carmel, Tarascon,, 1958, P. 19.

## യഥാർത്ഥ അടിസ്ഥാനം

മേൽ വിവരിച്ച പാരമ്പര്യം കർമ്മെലീത്താസഭയുടെ ദൈവശുശ്രൂഷാക്രമങ്ങളിൽ സ്ഥലംപിടിക്കുവാൻ കത്തോലിക്കസഭ അനുവദിച്ചിട്ടുണ്ടെങ്കിലും, അതിനെ ഔദ്യോഗികമായി അംഗീകരിച്ചിട്ടില്ല; മറിച്ചു്, പാരമ്പര്യത്തിൽനിന്നു് ഉടലെടുത്തതായി കരുതപ്പെടുന്ന ഉത്തരീയഭക്തിയെ ഔദ്യോഗികമായി അംഗീകരിക്കുകയും, ദണ്ഡവിമോചനങ്ങളും മററും നൽകി പ്രോത്സാഹിപ്പിക്കുകയും അതിൻെറ പേരിൽ ഒരു ഭക്തസഖ്യതന്നെ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്; കാരണം, ഉത്തരീയഭക്തിയിൽ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമായി ഒന്നുമില്ലെന്നു മാത്രമല്ല, അതു് കത്തോലിക്കാസഭയുടെ പഠനത്തിൽ അധിഷ്ഠിതവുമാണു്. യഥാർത്ഥ മരിയഭക്തനു് ആത്മനാശം ഭവിക്കുകയില്ല എന്ന സാർവ്വത്രിക സഭയുടെ പഠനമാണു് ഉത്തരീയഭക്തിയുടെ നിദാനം. തന്നെ ശരണം ഗമിക്കുന്നവരെ ദൈവമാതാവു് ഉപേക്ഷിക്കുകയില്ലെന്നുള്ളതും ഒരു സത്യമത്രേ.

ആശീർവദിക്കപ്പെട്ട ജലം, കാശുരൂപം മുതലായവപോലെ ഒരു കൌദാശികമായിരിക്കുന്നതിനും പുറമേ, ഉത്തരീയം, മരിയഭക്തിയുടെ ഒരുപകരണമെന്ന നിലയിൽ മാതാവിനോടുള്ള പ്രതിഷ്ഠയുടെയും, പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിൻെറയും ഒരടയാളംകൂടിയാകുന്നു. ഇവവഴി മാതാവിനെ യഥാർത്ഥത്തിൽ വണങ്ങുന്നതിനും, തദ്വാരാ അവളുടെ ദിവ്യപുത്രനെ പ്രീതിപ്പെടുത്തുന്നതിനുമുള്ള ഒരു നിരന്തര ആഹ്വാനവുംകൂടിയാണു് ഉത്തരീയം.

ഉത്തരീയത്തിൻെറ ഈ വിശിഷ്ട സന്ദേശത്തെ അനുസ്മരിപ്പിച്ചുകൊണ്ടു് 12-ാം പീയൂസ് മാർപ്പാപ്പാ ഉത്തരീയത്തിൻെറ ഏഴാം ശതാബ്ദജൂബിലി പ്രമാണിച്ചു് കല്പിച്ചു നൽകിയ അപ്പസ്തോലിക ലേഖനത്തിൽ പറയുന്നു: "മറിയത്തിൻെറ വസ്ത്രമെന്നു വിളിക്കപ്പെടാവുന്ന വിശുദ്ധ ഉത്തരീയം ദൈവമാതൃസംരക്ഷണത്തിൻെറ അടയാളവും അച്ചാരവുമാകുന്നു..... ഈ അടുത്തുകാലത്തു് നാം ശക്തിയുക്തം ഉപദേശിച്ച, മറിയത്തിൻെറ വിമലഹൃദയത്തോടുള്ള പ്രതിഷ്ഠ ഈ വസ്ത്രത്തിൽ ദർശിക്കുവിൻ....രാവും പകലും ധരിക്കുന്ന ഈ വസ്ത്രത്തിൽ ഉച്ചൈസ്തരം സംസാരിക്കുന്ന ഒരടയാ

## മണവാളന്റെ മണിവീണ

(സി. മേരി ബനീഞ്ഞ, സി. ഡി.)

1 "സരിഗമപധ........" കൊച്ചു വീണ ഞാനി–
ന്നമരുവതുന്നതഗായകന്റെ കൈയിൽ,
ഒരു നിമിഷവുമെന്നെയെങ്ങുമേ വി–
ട്ടകലുവതങ്ങു സഹിയ്ക്കയില്ല നൂനം.

2 അകതളിർ മമ 'രാഗ' പൂർണ്ണമെന്നാ–
ലറിയുകയില്ലതു ബാഹ്യദൃഷ്ടിയാലേ
ഉടയവനുടെയാവിരൽ തൊടുമ്പോ–
ളുടനുണരും ബത! സുപ്തരാഗമെല്ലാം.



3 വിരലുകളവിടുന്നു മാററിയെങ്കിൽ
വെറുമൊരുചേതനയററ വസ്തുവീഞാൻ
ഉടനടിയവിടുന്നു മീട്ടിയാലോ
പടുതയൊടുന്നത രാഗമാലപിയ്ക്കും.

4 ശ്രവണയുഗമതിൽ കുളിർത്തിടുന്നോ–
നതിനുടെ വാസ്തവമെന്തറിഞ്ഞിടുന്നു!
'ജയ ജയ! മണിവീണ കേമ'മെന്നീ
സ്തുതിവചനങ്ങൾ മുഴങ്ങിടുന്നു മേന്മേൽ.

5 സ്വയമൊരു കഴിവില്ലെനിക്കു പാടാൻ
സ്വയമൊരഹംകൃതിയാർന്നിടുന്നുമില്ല.
നിപുണതയൊടു കൈയിലേന്തുവോ നീ
ചെറിയ വിപഞ്ചികയിൽ കളിയ്ക്കയത്രേ.

6 കളിയിതു മതിയാക്കി വിശ്രമിയ്ക്കാൻ
ചില സമയത്തവിടുന്നുറങ്ങിയേക്കാം.
പ്രിയതരമണിവീണയെപ്പൊഴും മ–
റെറാരുവനു തൊട്ടുകളിക്കുവാൻകൊടുക്കാ.

7 അതു നിജ തിരുമാറിൽ വച്ചുമത്തി–
ക്കരലതയാലെ പുണർന്നുറങ്ങിടുമ്പോൾ
ഹൃദയ ചലനമേററുവീണപാടും
തിരുവടി നിദ്രവിടാതെ പുഞ്ചിരിക്കും.

8 സുമ പരിമളവാഹി തെന്നലെന്നിൽ
പൊടി വിതറുന്നതുമങ്ങു കണ്ടിരിയ്ക്കാ
ഉടനുടനതിനെത്തുടച്ചു മാററും
മുഖസരസീരുഹ കേസരങ്ങളാലേ.

9 സ്വരമധികമുയർത്തിടേണ്ട, നന്നായ്
ശ്രുതി സുഖപഞ്ചമ രാഗമാലപിച്ചാൽ
സഹൃദയരതു കേൾക്കുമേതിടത്തും
മതിമതിയെന്നൊരുനാളുമോതിടാതെ.

10 പരനുടെ മണിവീണയിൽക്കളിയ്ക്കാ–
നപരനൊരാഗ്രഹമങ്കുരിച്ചുവെന്നാൽ
അവനൊരു 'വടിവേലു' വാകിലും കൈ
വിറയലപശ്രുതി രണ്ടുമാണു ലാഭം.

---

ളത്തിചെന്നപോലെ, ദൈവസഹായം യാചിക്കുന്ന പ്രാർത്ഥനയുടെ കടമ എല്ലാവരും കാണട്ടെ."

അതുപോലെതന്നെ പ്രായശ്ചിത്തത്തിന്റെ ഒരു സന്ദേശവും അതിലുണ്ട്. പ്രായശ്ചിത്തത്തിന്റെ യഥാർത്ഥ ചൈതന്യം പുഷ്ടി പ്രാപിക്കുന്നതിനു്, ലഘു ജീവിതം, പ്രയത്നശീലം, ക്ലേശസഹനം എന്നിവയ്ക്കു പുറമേ, ആന്തരികത്യാഗം, വിനയം, ക്ഷമ, അടക്കം, ചാരിത്രം മുതലായ സുകൃതങ്ങളുടെ അഭ്യസനവും ആവശ്യമാണല്ലോ. ഇവയുടെയെല്ലാം പ്രതീകമാണു് ഉത്തരീയം. അതിനാലത്രേ, പ. പിതാവ് 12-ാം പീയൂസ് വീണ്ടും പ്രസ്താവിക്കുന്നതു്, ഉത്തരീയഭക്തർ "പ. കന്യകയുടെ ഈ വിനീതസ്മാരകവസ്ത്രത്തിൽ, എളിമയുടെയും ശുദ്ധതയുടെയും പ്രതിച്ഛായയും അടക്കത്തിന്റെയും വിനയത്തിന്റെയും സംഗ്രഹവും ദർശിക്കട്ടെ"എന്നു്.

12-ാം പീയൂസ് മാർപ്പാപ്പ സംക്ഷിപ്തമായി പ്രകടിപ്പിച്ചിട്ടുള്ള, ഉത്തരീയഭക്തിയുടെ യഥാർത്ഥ സ്വഭാവം നാം ശരിക്കു ഗ്രഹിക്കേണ്ട കാലം അതിക്രാന്തമായിരിക്കുന്നു. വിശ്വാസികളുടെ ഭക്തി, വികാരപരങ്ങളായ ഉപോൽബലകങ്ങളിൽനിന്നടർത്തിയെടുത്തു്, വസ്തുനിഷ്ഠമായ ഉറച്ച അടിസ്ഥാനങ്ങളിൽ കെട്ടിയുറപ്പിച്ചെങ്കിലേ, ഇന്നു നിലവിലിരിക്കുന്ന വിവിധ ഭക്തികൾ അവരുടെ ജീവിതത്തിൽ പ്രവേശിച്ചു്, അതിനെ തികച്ചും ഭക്തിപരമാക്കുകയുള്ളൂ.

## വാർത്തകൾ

1. കർമ്മെലീത്താ സഭയുടെ തെരഞ്ഞെടുപ്പ് പൊതു സമ്മേളനം റോമായിൽവച്ച് 1961 ഏപ്രിൽ 21–ാം തിയതി മുതൽ 28-ാം തിയതിവരെ നടത്തപ്പെടുകയും, വെരി. റവ. ഫാ. അനസ്താസ് ഒ. സി. ഡി. ജനറൽ സുപ്പീരിയറായും, വെരി. റവ. ഫാദേഴ്സ് ബെഞ്ചമിൻ ഒ. സി. ഡി. (ബൽജിയം), ഹിപ്പോളിററ, വിക്ടർ ഒ. സി. ഡി. (സ്പെയിൻ), ആൽബർട്ട് ഒ. സി. ഡി. (അമേരിക്കൻ ഐക്യനാടുകൾ) എന്നിവർ യഥാക്രമം പൊതു ആലോചനക്കാരായും ആറു കൊല്ലത്തേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

2. മേൽ പറഞ്ഞ തെരഞ്ഞെടുപ്പിനു റോമായിലേയ്ക്കു പോയിരുന്ന ഞങ്ങളുടെ പ്രൊവിൻഷ്യൽ വെരി റവ. ഫാ. തദ്ദേവൂസ്, ഒ. സി. ഡി. ഇററലി, ബൽജിയം, ഐർലൻഡ് മുതലായ രാജ്യങ്ങളിൽ പഠിക്കുന്ന മലബാർ പ്രോവിൻസുകാരായ ഞങ്ങളുടെ വിദ്യാർത്ഥികളെ സന്ദർശിച്ച ശേഷം ജൂൺ 25–ാം തിയതി സസുഖം തിരിച്ചെത്തിയിരിക്കുന്നു.

3. 1961 ഏപ്രിൽ 9–ാം തീയതി റോമായിൽ വച്ച് ബ്ര. ജോസഫ് മേരി, ഒ. സി. ഡി. (കുരുവിനാപകുതി), ഏലിക്കുളം, ബ്ര. പാട്രിക്ക്, ഒ. സി. ഡി. (മൂത്തേരിൽ) വൈക്കം, എന്നിവർ ഗുരുപട്ടം സ്വീകരിക്കുകയും, പിറേറദിവസം പ്രഥമ ദിവ്യപൂജ അർപ്പിക്കുകയും ചെയ്തിരിക്കുന്നു. അതുപോലെതന്നെ ജൂൺ 29-ാം തീയതി ലുവയിനിൽവച്ച ബ്ര. ബൊനിഫേസ് ഒ. സി. ഡി., (കോട്ടൂർ), വൈക്കം, ബ്ര. സേവ്യർ, ഒ. സി. ഡി., (കല്ലൂർ), വരാപ്പുഴ, എന്നിവരും വൈദിക സ്ഥാനത്തേയ്ക്കു ഉയർത്തപ്പെട്ടിരിക്കുന്നു.

4. ഞങ്ങളുടെ മലബാർ പ്രോവിൻസിലേയ്ക്കു പുതിയതായി 30 കുട്ടികളെ വൈദികപഠനാർത്ഥം എടുത്തിരിക്കുന്നു. അവരിൽ 22 പേർ എറണാകുളത്തു് ഹൈസ്കൂളുകളിലും, 8 പേർ തക്കല ലത്തീനും പഠിക്കുന്നു.

5. കർമ്മെലീത്താ ഒന്നാം സഭയുടെ സ്ഥിതി വിവരക്കണക്ക്.

| | |
|---|---|
| പ്രോവിൻസുകൾ | 26 |
| സെമി പ്രോവിൻസുകൾ | 2 |
| ആശ്രമങ്ങൾ | 345 |
| സഭവക മിഷ്യൻ | 9 |
| ആകെ അംഗങ്ങൾ | 3191 |
| വൈദികർ മാത്രം | 2301 |
| സന്യാസാർത്ഥികൾ | 1651 |
| 1960–ൽ മരിച്ചവർ | 46 |

## ഈ ലക്കത്തിൽ


1. പ. പിതാവിൻെറ ഒരുജ്ജ്വല പ്രഭാഷണം-കർമ്മലീത്തരോട് ... ... ... ... 65
2. ദൈവവിളിയുടെ ഒരു ചാർട്ടർ (റവ. ഫാ. എലിസേവൂസ്, ഒ. സി. ഡി.) ... ... ... 68
3. വിശുദ്ധകളുടെ പേരുകൾ വിരളമല്ല (റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.) ... ... ... 71
4. ദൈവജനനിയുടെ സ്വയംകൃതചിത്രം (റവ. ഫാ. ജോസഫ് വലിയ വീട്ടിൽ, എം. എ.) ... 73
5. അശ്ലീലസാഹിത്യത്തിൽ അപകടമുണ്ടോ? (റവ. ഫാ. യൂനാൻ, ഒ. സി. ഡി.) ... ... 74
6. ദൈവത്തെ സ്നേഹിക്കാത്തവർ മനുഷ്യരാണോ? (റവ. ഫാ. തോമസ് മൂത്തേടൻ എം. എ. ഡി. ഡി.) 75
7. അവസരോചിതമായ വാർഷികോപഹാരം. (Rt. Rev. Mgr. P. Kackachery, Ph. D., D. D.) 78
8. ശ്രീയേശു കീർത്തനം (കവിത) (റവ. ഫാ. യൂനാൻ, ഒ. സി. ഡി.) ... ... ... 79
9. ദൈവം നമ്മുടെ പിതാവ് (റവ. ഫാ. ലൂക്കാസ്, ഒ. സി. ഡി.) ... ... ... ... 80
10. തെളിഞ്ഞ കണ്ണാടി (റവ. സി. മേരി ജോൺ, എസ്. എ. ബി. എസ്.) ... ... ... 83
11. സിസ്റ്റർ മേരി ബനീഞ്ഞ, സി. ഡി. (റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.) ... ... ... 85
12 ചോദ്യോത്തര പംക്തി (റവ. ഫാ. സിറിയക്ക്, ഒ. സി. ഡി.) ... ... ... ... 88
13. ഭഗീത (തുടർച്ച) (Miss Jenette Isaac, M. Sc.) ... ... ... ... ... 90
14. ഉത്തരീയഭക്തിയും പള്ളിപ്പഞ്ചാംഗപരിഷ്കരണവും (റവ. ഫാ. എലിസേവൂസ്, ഒ. സി. ഡി.) ... 93
15 വാർത്തകൾ ... ... ... ... ... ... ... ... ... കവർ

## തിരുവസ്ത്രത്തരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിനു് വിവിധതരത്തിലുള്ള കമ്മേലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ടു്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസനു് 94 ന. പ. ചെറിയ തട്ടം ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസനു് 94 ന. പ. വലിയ തട്ടം നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസനു് 1 ക. 12 ന. പ. കറുപ്പു്, ചുവപ്പു് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണു് സാധാരണയായി ഉത്തരീയത്തിനു് ഉപയോഗിച്ചിരിക്കുന്നതു്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവക്കു് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-10.

---

തയ്യാറായിരിക്കുന്നു. ഉടൻ അപേക്ഷിക്കുക.

## ഒളിച്ചോട്ടം

അഥവാ

കമ്മ്യൂണിസ്ററു പോലീസിനെ കബളിപ്പിച്ച കന്യാസ്ത്രീ

Deliverance of Sister Cecilia എന്ന ഗ്രന്ഥത്തിൻെറ സ്വതന്ത്രവിവർത്തനം.

"സംഭവബഹുലമായ ഈ ജീവിതകഥ ഒരു നോവൽ പോലെ സരസവും മനോജ്ഞവുമായിരിക്കുന്നു."

(അവതാരകൻ)

---

## വിശുദ്ധ കൊച്ചുത്രേസ്യാ

സമ്പൂർണ്ണമായ സ്വയംകൃതചരിതം

മൂലലിഖിതങ്ങളുടെ വിവർത്തനം

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:—

മേനി കടലാസിൽ 1-ാംതരം ബയിന്റു് Rs. 6-00

,, 2-ാംതരം ,, ,, 4-00

മാനേജർ,
കാർമ്മൽ ബുക്കു് സ്റ്റാൾ,
കാർമ്മൽഹിൽ-തിരുവനന്തപുരം-10

---

## കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്യാസികളുടെ മേൽനോട്ടത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്ന

## ★ ഒരു ത്രൈമാസികം ★

ഉദ്ദേശങ്ങൾ:— അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിനു് മുൻകൂർ 1 രൂ. 50 ന. പ.

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ചു്:- മാനേജർ, "കാർമ്മൽ", സെന്റു് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-10

ലേഖനങ്ങൾ സംബന്ധിച്ചു്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-10


Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors for the Proprietors: Discalced Carmelite Fathers of the Province of Malabar.